# ഗിരിദീപം

മെയ് 2026

മെയ് 14 | സ്വർഗ്ഗാരോഹണത്തിരുനാൾ



"അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ
അവരിൽനിന്നു മറയുകയും
സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു."
(ലൂക്കാ 24 : 51)





വി. മൂറോൻതൈല വെഞ്ചരിപ്പ്
സെന്റ് മേരീസ് ഫൊറോനാ ദൈവാലയം, ആലക്കോട്
മാർച്ച് 30, 2026



തലശ്ശേരി അതിരൂപതയുടെ 19 മത് പാസ്റ്ററൽ കൗൺസിലിന്റെ
അവസാനയോഗം മാർ ജോസഫ് പാംപ്ലാനി പിതാവ്
ഉദ്ഘാടനം ചെയ്യുന്നു.

ചെമ്പേരി, ഏപ്രിൽ 21, 2026






**തലശ്ശേരി അതിരൂപത നാല്പതാം വെള്ളി തീർത്ഥാടനം**

**ചെറുപുഴ, മാർച്ച് 27, 2026**



മെയ് 2026

വാല്യം 09
ലക്കം 05

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No.224/2026, Circular No.10/2026 .................... 05
2. Prot. No.225/2026, Circular No.11/2026 .................... 09
3. കച്ചേരിക്കാര്യം .................... 14
4. പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .................... 23
5. നാല്പതാം വെള്ളി തീർഥാടനം .................... 26
6. സെമിനാരി വാർത്തകൾ .................... 28
7. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് .................... 31
8. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .................... 36
9. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് .................... 37
   തിരുബാലസഖ്യം .................... 41
10. യൂത്ത് അപ്പൊസ്റ്റൊലേറ്റ് .................... 43
11. ഫാമിലി അപ്പൊസ്റ്റൊലേറ്റ് .................... 45
12. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് .................... 52
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് .................... 57
    നിർമ്മലഗിരി കോളേജ് .................... 59
    TRACE .................... 61
13. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എയ്ഞ്ചൽ ട്രസ്റ്റ് .................... 62
    കരിസ്മാറ്റിക് .................... 63
    ADAM .................... 65
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .................... 67
14. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് .................... 69
    ബയോമൗണ്ടൻ .................... 74
    ഇൻഫാം .................... 77
15. ധ്യാനകേന്ദ്രങ്ങളിലൂടെ .................... 79
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .................... 80
17. Engagements - May (Archbishop Mar Joseph Pamplany) .................... 83
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................... 85
19. Engagements - May (Archbishop Mar George Njaralakatt) .................... 87
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................... 88

# സർക്കുലർ
## മാർ ജോസഫ് പാംപ്ലാനി
Prot. No. 224/2026, Circular No. 10/2026

## മതബോധന ഞായർ

ഈശോയിൽ പ്രിയപ്പെട്ടവരെ,

അടുത്ത ഞായറാഴ്ച (മെയ് 31) മതബോധന ഞായറായി നമ്മുടെ അതിരൂപത ആചരിക്കുകയാണ്. അതിരൂപതയിലെ 214 സൺഡേ സ്കൂളുകളിലും 2026-2027 വർഷത്തെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ പ്രവേശനോത്സവത്തോടെ അന്നേ ദിവസം ആരംഭിക്കുകയാണ്. വിശ്വാസപരിശീലനത്തിലൂടെ നടക്കുന്ന വിശ്വാസകൈമാറ്റത്തെക്കുറിച്ച് ഗൗരവമായി നമ്മൾ ചിന്തിക്കേണ്ട അവസരമാണ് മതബോധന ഞായർ.

ഈശോ തന്റെ സഭയ്ക്കു നൽകിയ ദൗത്യമാണ്: "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28:19-20). സഭാപിതാവായ വി. ജോൺ ക്രിസോസ്തോം ഈ വചനഭാഗത്തെ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്: 'മാമ്മോദീസാ സ്വീകരിച്ച വിശ്വാസികളെ മാമ്മോദീസാതൊട്ടിയിൽ തന്നെ ഉപേക്ഷിക്കരുതെന്നും സത്യത്തിന്റെ പൂർണതയായ ഈശോമിശിഹായുടെ പക്കൽ അവർ എത്തിച്ചേരുന്നതുവരെ ചിട്ടയായി പരിശീലിപ്പിക്കണമെന്നുമാണ് ഈശോ നമ്മളോട് കല്പിക്കുന്നത്' (മതബോധന പ്രസംഗം, 90). "മാമ്മോദീസ സ്വീകരിച്ചവർ വിശ്വാസത്തിൽ പക്വതപ്പെടുന്നതിനും അതുവഴി ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്ക് വളരുന്നതിനു വേണ്ടി സഭ ക്രമാനുഗതമായും ചിട്ടയായും നടത്തുന്ന വിദ്യാ

ഭ്യാസ ശുശ്രൂഷയാണ് വിശ്വാസപരിശീലനം'' (മതബോധന ഡയറക്ടറി, വിളിയും പ്രത്യുത്തരവും, 50).

നമ്മുടെ പൂർവികരിൽനിന്നും നമുക്ക് ലഭിച്ച വിശ്വാസം കുട്ടികൾക്ക് കൈമാറാനുള്ള വലിയ ഉത്തരവാദിത്വം നമുക്കുണ്ട്. എന്നാൽ ഇന്ന് പലരും ഈ കടമ ഗൗരവത്തോടെ ഏറ്റെടുക്കുന്നില്ല എന്നത് ദുഃഖകരമാണ്. ക്രൈസ്തവ രക്തസാക്ഷികളുടെ ധീരത കണ്ട് ക്രിസ്തുമതം സ്വീകരിച്ച രണ്ടാം നൂറ്റാണ്ടിലെ സഭാപിതാവായ തെർത്തുല്യന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: ''ക്രിസ്തു സത്യദൈവമാണ്. അവിടുത്തെ കണ്ടെത്തുന്നവർ സത്യം കണ്ടെത്തുന്നു. സത്യം കണ്ടെത്തിയവർ ആ സത്യത്തെ ധീരമായി പ്രഘോഷിക്കണം. സത്യമെന്തിന് ലജ്ജിക്കണം?''

പ്രിയമുള്ളവരെ, നമ്മുടെ പരിമിതമായ മനുഷ്യബുദ്ധികൊണ്ട് ക്രൈസ്തവ വിശ്വാസപ്രമാണങ്ങളെ പൂർണമായി ഗ്രഹിക്കാൻ നമുക്ക് കഴിയില്ല. അത്തരം സാഹചര്യങ്ങളിൽ അഗ്രാഹ്യമായ ദൈവികസത്യങ്ങളുടെ അസ്ഥിത്വത്തെ ചിലപ്പോൾ നമ്മൾ സംശയിക്കാൻ ഇടയുണ്ട്. അതിനാൽതന്നെ സങ്കീർണമായ വിശ്വാസസത്യങ്ങൾ ലളിതമായും വ്യക്തമായും കാര്യകാരണസഹിതം കുട്ടികൾക്കും മുതിർന്നവർക്കും പഠിപ്പിച്ചുകൊടുക്കേണ്ടതുണ്ട്. ഇതാണ് വിശ്വാസപരിശീലനത്തിലൂടെ നാം ലക്ഷ്യംവയ്ക്കുന്നത്.

നമ്മുടെ കുടുംബങ്ങളിലാണ് ഈ വിശ്വാസപരിശീലനം ആദ്യം ആരംഭിക്കേണ്ടത്. കുടുംബത്തെ ഗാർഹികസഭയെന്നും (L.G. 11) ഉത്കൃഷ്ടമായ മനുഷ്യത്വത്തിന്റെ വിദ്യാലയമെന്നുമാണ് (G.S. 52) രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ''മാതാപിതാക്കളാണ് മക്കളുടെ പ്രഥമ അധ്യാപകരും പ്രധാനാധ്യാപകരും'' (മതബോധനഗ്രന്ഥം, 1653). ''മെരുക്കാത്ത കുതിര ദുശ്ശാഠ്യം കാണിക്കും; ശിക്ഷണം ലഭിക്കാത്ത പുത്രൻ തന്നിഷ്ടക്കാരനാകും'' എന്ന പ്രഭാഷകവചനവും (30:8), ''ശൈശവത്തിൽതന്നെ മക്കളെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക, വാർധക്യത്തിലും അവർ അതിൽനിന്നു വ്യതിചലിക്കുകയില്ല'' എന്ന സുഭാഷിതവചനവും (22:6) എത്രയോ അർത്ഥപൂർണ്ണമാണ്.

മക്കളുടെ ആത്മരക്ഷയാണ് മാതാപിതാക്കളുടെ പ്രഥമ കടമയെന്ന് വി. അൽഫോൻസ് ലിഗോരി പഠിപ്പിക്കുന്നു. മാതാപിതാക്കൾ സ്നേഹപൂർവ്വം കുട്ടികൾക്ക് വിശ്വാസം കൈമാറിയാൽ ജീവിതാന്ത്യംവരെ അവർ സ്നേഹത്തോടെ ആ വിശ്വാസം ഹൃദയത്തിൽ സൂക്ഷിക്കും.

ബാല്യത്തിൽതന്നെ സങ്കീർത്തനങ്ങളും തിരുവെഴുത്തുകളും കുട്ടികൾ മനഃപാഠമാക്കുന്നത് അവരുടെ ആത്മീയ അടിത്തറയായി മാറും. വി. മദർ തെരേസ സാക്ഷ്യപ്പെടുത്തുന്നു: "ഒരു ദിവസംപോലും കുടുംബത്തിൽ ഞങ്ങൾ ജപമാല മുടക്കുകയില്ലായിരുന്നു. പ്രാർത്ഥനയ്ക്കവസാനം സ്തുതിചൊല്ലി അമ്മ ഞങ്ങളോടു പറയും: സ്നേഹമുള്ള കുടുംബം സ്വർഗ്ഗമാണ്." വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ ശ്രദ്ധിക്കുക: "രാത്രിയിലെങ്ങാനും ഉണർന്നെഴുന്നേറ്റാൽ ഞാൻ കണ്ടിരുന്നത് മുട്ടുകുത്തി പ്രാർത്ഥിക്കുന്ന അപ്പനെയാണ്" മാതാപിതാക്കളുടെ സുകൃതങ്ങൾ മക്കൾ മാതൃകയായി കണ്ടുപഠിക്കുക മാത്രമല്ല അത് ഒരു ആത്മീയശക്തിയായി മക്കളിലേയ്ക്ക് ചൊരിയപ്പെടുകയും ചെയ്യുന്നു.

പ്രിയപ്പെട്ട മാതാപിതാക്കളെ, വി. കുർബ്ബാന കേന്ദ്രീകൃതമായ ഒരു വിശ്വാസപരിശീലനത്തിന് നാം പ്രാധാന്യം കൊടുക്കണം. കുട്ടികളോടൊപ്പം മാതാപിതാക്കളും സാധ്യമായ എല്ലാ ദിവസങ്ങളിലും വി. കുർബാനയിൽ സംബന്ധിക്കണം. കുട്ടികളോടൊപ്പമുള്ള കുടുംബപ്രാർത്ഥനകൾ സജീവമായി നടത്താനും മുടങ്ങിപ്പോകാതിരിക്കാനും മാതാപിതാക്കൾ ശ്രദ്ധിക്കണം. "ഒന്നിച്ചുപ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചുനിലനിൽക്കും." പ്രഭാത പ്രാർത്ഥന, ജപമാല, ബൈബിൾ പാരായണം, കുമ്പസാരം, കുർബാനസ്വീകരണം, ഉപവാസം, നോമ്പാചരണം, ഭക്തസംഘടനകളിലെ പ്രവർത്തനം എന്നിവ ചിട്ടയായി തുടരുവാൻ മാതാപിതാക്കൾ മക്കളെ പ്രചോദിപ്പിക്കണം.

ഇടവക ദൈവാലയത്തിലെ ദൈവാരാധനയിലും അവിടെ നടത്തപ്പെടുന്ന സൺഡേസ്കൂൾ വിശ്വാസപരിശീലനത്തിലും മറ്റ് ഇടവക പ്രവർത്തനങ്ങളിലും കുട്ടികൾ താത്പര്യപൂർവ്വം പങ്കുചേരണമെങ്കിൽ മാതാപിതാക്കൾ കുട്ടികൾക്ക് നല്ല പ്രോത്സാഹനം നൽകണം. ഞായറാഴ്ചതോറുമുള്ള വിശ്വാസപരിശീലന ക്ലാസ്സുകളിൽ മുടക്കംവരാതെ കുട്ടികളെ പങ്കെടുപ്പിക്കണം. വിശ്വാസപരിശീലനം പാഠപുസ്തകങ്ങളുടെ പഠനം മാത്രമല്ല, ക്രിസ്തീയജീവിതശൈലി അഭ്യസിക്കൽ കൂടിയാണ്. ഇതിനായി ഭക്തസംഘടനാ പ്രവർത്തനങ്ങളിലും ഇതര ഇടവക പ്രവർത്തനങ്ങളിലും കുട്ടികളുടെ പങ്കാളിത്തം മാതാപിതാക്കൾ ഉറപ്പുവരുത്തുകയും വേണം.

പ്രിയപ്പെട്ട ദൈവജനമേ, വിശ്വാസപരിശീലനം ഒരു ഇടവകയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായി കണ്ടുകൊണ്ട് കുട്ടികൾക്ക് നല്ല പരിശീലനം കൊടുക്കുവാൻവേണ്ട ഭൗതിക സാഹചര്യങ്ങൾ ഓരോ ഇടവകാ സമൂഹവും ഒരുക്കേണ്ടതാണ്. ഇളം തലമുറയ്ക്ക് വിശ്വാസം

പകർന്നുകൊടുക്കുന്നതിനും വിശ്വാസത്തിൽ അവരെ ആഴപ്പെടുത്തുന്നതിനും ദൈവാനുഭവവും ദൈവഭക്തിയും ദൈവഭയവുമുള്ള കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതിനുമുള്ള സൺഡേ സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ ഇടവകയിലെ എല്ലാ അംഗങ്ങളുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ സൺഡേ സ്കൂളുകളിൽ നിസ്വാർത്ഥരായി പ്രവർത്തിക്കുന്ന എല്ലാ വിശ്വാസപരിശീലകരെയും അവർക്ക് നേതൃത്വം കൊടുക്കുന്ന ബഹു. വൈദികരെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു.

മതബോധന ഞായറായി ആചരിക്കുന്ന അടുത്ത ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കേണ്ടതാണ്. വരുന്ന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ചയിൽ എല്ലാവരും ഉദാരമായി സഹകരിക്കുമല്ലോ.

ഒരിക്കൽക്കൂടി എല്ലാവർക്കും മതബോധന ഞായറിന്റെ ആശംസകൾ നേരുന്നു. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും വിശ്വാസപരിശീലനത്തിൽ ഏർപ്പെടുന്ന കുഞ്ഞുങ്ങളെയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 ഏപ്രിൽ 24 ന് വി. ഗീവർഗ്ഗീസിന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ ഇടയലേഖനം 2026 മെയ് 24-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 225/2026, Circular No. 11/2026

## പുതിയ അധ്യയനവർഷം

ഈശോയിൽ സ്നേഹമുള്ളവരേ,

അവധിക്കാലം കഴിഞ്ഞ് വിദ്യാലയങ്ങൾ സജീവമാകുന്ന പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുവാൻ നാം ഒരുങ്ങുകയാണല്ലോ. കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കുന്നതിന്റെ ആകുലതകൾ മാതാപിതാക്കളെ അലട്ടുന്ന സമയം കൂടിയാണിത്. കുടുംബങ്ങളുടെയും സമുദായത്തിന്റെയും കെട്ടുറപ്പിന് കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം നല്കുവാൻ നമുക്ക് കഴിയണം. അധ്യയനവർഷത്തിന്റെ തുടക്കത്തിൽ നമ്മുടെ സ്കൂളുകളെ സംബന്ധിച്ചും വിദ്യാഭ്യാസ മേഖലയെക്കുറിച്ചുമുള്ള ചില വസ്തുതകൾ നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

മലബാറിലേക്ക് നമ്മൾ കുടിയേറിയപ്പോൾ പള്ളിമണികളോടൊപ്പം പള്ളിക്കൂടത്തിന്റെ മണികളും മുഴങ്ങി. കുടിയേറ്റ ജനത ഈ നാടിനെ വിദ്യാഭ്യാസ വിപ്ലവത്തിലേക്ക് നയിച്ചു. ദീർഘ ദർശിയായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവും പിൻഗാമികളായി വന്ന അഭിവന്ദ്യ പിതാക്കന്മാരും വൈദികരും ദൈവജനവും ഒരു മനസ്സോടെ പ്രവർത്തിച്ചപ്പോൾ സംഭവിച്ചത് ചരിത്രമാണ്. അവിഭക്ത തലശ്ശേരി അതിരൂപതയിൽ നൂറുകണക്കിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മൾ പടുത്തുയർത്തി. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുകൊണ്ട് സ്കൂളുകൾ കൂടാതെ നേഴ്സിംഗ് കോളേജ്, ആർട്സ് ആന്റ് സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജ്, ജർമ്മൻ

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി നൂറിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ ലക്ഷക്കണക്കിന് നാനാജാതി മതസ്ഥരുടെ കുടുംബങ്ങളെ അഭിവൃദ്ധിയിലേക്ക് നയിക്കാൻ നമുക്ക് സാധിച്ചു. ലോകോത്തര നിലവാരമുള്ള നമ്മുടെ സ്ഥാപനങ്ങൾ നല്കിയ അറിവിന്റെ ചിറകിൽ പതിനായിരങ്ങൾ വിദേശ രാജ്യങ്ങളിൽ ചേക്കേറി; അങ്ങനെ നമ്മുടെ അതിരൂപത പകർന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾവഴി അറിവും അഭിവൃദ്ധിയും കുടുംബങ്ങളിൽ ഉണ്ടായി.

വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്ക് എല്ലാക്കാലത്തും സഭയ്ക്ക് നിരവധി പ്രതിസന്ധികളെ തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. ആദ്യകാലത്ത് കെട്ടിടങ്ങളുടെ കുറവായിരുന്നെങ്കിൽ ഇന്ന് അത് കുട്ടികളുടെ എണ്ണത്തിലുള്ള കുറവാണ്. കേരളത്തിൽ വിശിഷ്യാ ക്രിസ്ത്യാനികളുടെ ഇടയിൽ ജനന നിരക്കിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ഈ പ്രതിഭാസം നമ്മുടെ എല്ലാ മേഖലകളെയും ബാധിച്ചിട്ടുണ്ടെങ്കിലും ഏറ്റവും ഗൗരവമായി ബാധിക്കുന്നത് നമ്മുടെ സ്കൂളുകളെയാണ്. ജോലിക്കും പഠനത്തിനുമായി കുടുംബങ്ങൾ വിദേശങ്ങളിലേക്ക് പോകേണ്ടിവരുന്നതും ഈ പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. കുട്ടികളുടെ എണ്ണക്കുറവ് എല്ലാ സ്കൂളുകളെയും ബാധിക്കുമ്പോൾ നമ്മുടെ മുമ്പിൽ പുതിയ വെല്ലുവിളികൾ ഉയരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് നമ്മുടെ എയ്ഡഡ് സ്കൂളിലെ അധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്നു എന്നുള്ളതാണ്.

നമുക്കറിവുള്ളതുപോലെ കത്തോലിക്കരായ നമുക്ക് സർക്കാർ ജോലികൾക്കായി സംവരണങ്ങൾ ഇല്ല. എന്നാൽ എയ്ഡഡ് സ്കൂളിലെ അധ്യാപക നിയമനം വഴി സർക്കാർ ജോലിയിൽ പ്രവേശിക്കാൻ നമ്മുടെ അധ്യാപർക്കും അനധ്യാപർക്കും സാധിക്കുന്നു എന്നത് ആശ്വാസകരമായിരുന്നു. അതിനാൽതന്നെ നമ്മുടെ സമുദായത്തിന്റെ കെട്ടുറപ്പിനും സുസ്ഥിതിക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളും എയ്ഡഡ് സ്കൂളുകളിലെ അധ്യാപക - അനധ്യാപക ജോലിയും വളരെ പ്രധാനപ്പെട്ടതാണ്. എയ്ഡഡ് സ്കൂളിലെ ആ ജോലി സംരക്ഷണം ഇന്ന് പുതിയ വെല്ലുവിളിയാണ്.

പിടിയരി പിരിച്ചും പൊതുപ്പണി നടത്തിയും നമ്മൾ പണിത വിദ്യാലയങ്ങളുടെ സംരക്ഷണവും കാലോചിതമായ നവീകരണവും ഈ സമുദായശക്തീകരണ വർഷത്തിൽ പ്രത്യേക ശ്രദ്ധ അർഹിക്കുന്നുണ്ട്. സ്കൂളുകൾ ഉള്ള ഇടവകകൾ ഈ വിഷയത്തിൽ കൂടു

തൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. നമ്മുടെ സ്കൂളുകളെയും അവിടെയുള്ള തൊഴിലവസരങ്ങളെയും സംരക്ഷിക്കേണ്ടത് കേവലം ഒരു വ്യക്തിയുടെയോ മാനേജ്മെന്റിന്റെയോ മാത്രം ഉത്തരവാദിത്വമല്ല, മറിച്ച് ഓരോ സഭാംഗത്തിന്റെയും കടമയാണ്. നമ്മുടെ മുൻഗാമികൾ വിയർപ്പൊഴുക്കി പടുത്തുയർത്തിയ ഈ സ്ഥാപനങ്ങൾ നമ്മുടെ സ്വത്വത്തിന്റെ ഭാഗമാണ്. നമ്മുടെ മക്കളെ നമ്മുടെതന്നെ എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ താല്പര്യം കാണിക്കണം. ഇത് നമ്മുടെ അധ്യാപകരുടെ ജോലി സുരക്ഷിതമാക്കുന്നതിനൊപ്പം സമുദായത്തിന്റെ കെട്ടുറപ്പ് വർദ്ധിപ്പിക്കുകയും ചെയ്യും.

പൊതു വിദ്യാലയങ്ങളിൽപ്പെടുന്ന നമ്മുടെ എയ്ഡഡ് സ്കൂളുകൾ പുലർത്തുന്ന മികവ് നമുക്ക് അനുഭവവേദ്യമാണല്ലോ. വിഷയങ്ങളിലുള്ള അറിവ്, നല്ല സ്വഭാവ രൂപീകരണം, വിവിധ ഭാഷാ പ്രാവീണ്യം, സഹവർത്തിത്വം, കലാ കായിക മേഖലകളിലെ നിരവധി അവസരങ്ങൾ, ഉയർന്ന യോഗ്യതയുള്ള അധ്യാപകരുടെ സേവനം, സുരക്ഷിതത്വം, വിശുദ്ധിയിലും മൂല്യങ്ങളിലും വളരാനുള്ള സാഹചര്യം എന്നിവ നമ്മുടെ സ്കൂളുകളുടെ പ്രത്യേകതയാണ്. ഈ വർഷം നാം സമുദായ ശക്തീകരണ വർഷമായി ആചരിക്കുമ്പോൾ, നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംരക്ഷണം അതിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു അജണ്ടയായി മാറേണ്ടതുണ്ട്. ഒരു സമുദായം എന്ന നിലയിൽ നാം കൂടുതൽ കരുത്താർജ്ജിക്കേണ്ടത് ഈ മേഖലകളിലൂടെയാണ്. നമ്മുടെ കുട്ടികളെ നമ്മുടെ സ്കൂളുകളിൽതന്നെ പഠിപ്പിക്കുന്നത് സമുദായത്തോടുള്ള വലിയൊരു സേവനമാണ്.

ഇന്ന് എയ്ഡഡ് മേഖല നേരിടുന്ന വെല്ലുവിളികൾ അതിജീവിക്കാൻ സമുദായം ഒറ്റക്കെട്ടായി നിൽക്കണം. അധ്യാപകരുടെ ജോലി സംരക്ഷിക്കുന്നത് വഴി ആയിരക്കണക്കിന് കുടുംബങ്ങളുടെ നിലനിൽപ്പാണ് നാം ഉറപ്പാക്കുന്നത്. തലശ്ശേരി അതിരൂപതയിലെ കോർപ്പറേറ്റ് സ്കൂളുകളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഈ വർഷം മുതൽ അവയെ ഘട്ടം ഘട്ടമായി എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ആയി മാറ്റുന്ന വിവരം ഏറെ സന്തോഷത്തോടെ അറിയിക്കട്ടെ. സാധാരണയായി ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം എന്നത് വലിയ സാമ്പത്തിക ബാധ്യതയുള്ള ഒന്നാണ്. എന്നാൽ നമ്മുടെ കോർപ്പറേറ്റ് സ്കൂളുകളിൽ യാതൊരു വിധ ഫീസും ഇല്ലാതെ, തികച്ചും സൗജന്യമായി ഈ നാട്ടിലെ

ഏതൊരു വിദ്യാർത്ഥിക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം നേടാൻ സാധിക്കും. സാമ്പത്തിക മായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്കും ഇംഗ്ലീഷ് മീഡിയം പഠനം പ്രാപ്യമാക്കുന്നതിലൂടെ വലിയൊരു സാമൂഹിക നീതിയാണ് സഭ നടപ്പിലാക്കുന്നത്. ഉന്നത പഠനത്തിനും വിദേശ തൊഴിൽ സാധ്യതകൾക്കും ഇംഗ്ലീഷ് ഭാഷയിലുള്ള നൈപുണ്യം അത്യന്താപേ ക്ഷിതമാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് കോർപ്പറേറ്റ് മാനേ ജ്മെന്റ് ഇത്തരമൊരു ധീരമായ തീരുമാനം കൈക്കൊണ്ടിരിക്കുന്നത്. മാറുന്ന ലോകസാഹചര്യത്തിൽ നമ്മുടെ കുട്ടികൾക്ക് മികച്ച ഭാഷാ നൈപുണ്യവും ആത്മവിശ്വാസവും നൽകാൻ ഈ മാറ്റം അനിവാര്യ മാണ്.

നമ്മുടെ സ്കൂളുകളെ സംരക്ഷിക്കാനും സമുദായത്തെ ശക്തീക രിക്കാനുമുള്ള ഏറ്റവും നല്ല മാർഗ്ഗം ഇത്തരം നൂതന പദ്ധതികളെ പ്രോത്സാഹിപ്പിക്കുക എന്നതാണ്. കോർപ്പറേറ്റ് മാനേജ്മെന്റ് ഒരു ക്കുന്ന ഈ സുവർണ്ണാവസരം പരമാവധി പ്രയോജനപ്പെടുത്താൻ എല്ലാ മാതാപിതാക്കളും മുന്നോട്ടുവരണം. നമ്മുടെ മക്കളെ നമ്മുടെ തന്നെ എയ്ഡഡ് സ്കൂളുകളിൽ ചേർക്കുന്നതിലൂടെ ഒരു മികച്ച തല മുറയെ വാർത്തെടുക്കാനും നമ്മുടെ തൊഴിൽ മേഖലകൾ സംരക്ഷി ക്കാനും നമുക്ക് സാധിക്കും. കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തി നുള്ള ഭാരിച്ച ചെലവ് ഇല്ലാതാക്കാനും അതുവഴി കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാനും കഴിയും. നമ്മുടെ സമുദായത്തിന്റെ നട്ടെല്ലാണ് നമ്മുടെ വിദ്യാലയങ്ങൾ. സമുദായ ശക്തീകരണ വർഷ ത്തിൽ നമ്മുടെ സ്ഥാപനങ്ങളെ നെഞ്ചോടു ചേർത്തുപിടിക്കാനും നമ്മുടെ അധ്യാപകരുടെ തൊഴിൽ സുരക്ഷക്കായി ഒത്തൊരുമിച്ച് പ്രവർത്തിക്കാനും നമുക്ക് പരിശ്രമിക്കാം. പള്ളിമണിയോടൊപ്പം മുഴ ങ്ങിയ പള്ളിക്കൂടമണികൾ ഇനിയും തലമുറകളോളം മുഴങ്ങട്ടെ.

പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, കുടുംബത്തിന്റെയും സമൂഹ ത്തിന്റെയും പ്രതീക്ഷയാണ് നിങ്ങൾ. ഈശോയെപ്പോലെ ജ്ഞാന ത്തിലും പ്രായത്തിലും വളർന്നുവരുവാൻ നിങ്ങൾ ഉത്സാഹിക്കണം. കഠിനാദ്ധ്വാനം ചെയ്യുന്ന കുട്ടികൾക്കെ ഭാവി ഉള്ളൂ എന്ന് നിങ്ങൾ മറ ക്കരുത്. സ്വന്തം കുഞ്ഞുങ്ങളെ വളർത്തുന്നതുപോലെ ജാഗ്രത പുലർത്തുന്ന, ദൈവഭയമാണ് എല്ലാ വിജ്ഞാനത്തിന്റെയും ആരംഭ മെന്ന തിരുവചനത്തിൽ ആഴമായി വിശ്വസിക്കുന്ന, കുട്ടികൾക്കു

വേണ്ടി തീക്ഷ്ണതയോടെ ശുശ്രൂഷ ചെയ്യുന്ന കഠിനാദ്ധ്വാനികളായ അധ്യാപകരാൽ സമ്പന്നമാണ് നമ്മുടെ സ്കൂളുകൾ. കഴിഞ്ഞ അധ്യയന വർഷവും തലശ്ശേരി അതിരൂപതയിലെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകൾക്ക് മികച്ച വിജയ ശതമാനമാണ് ഉണ്ടായിരുന്നത്. ബഹു. കോർപ്പറേറ്റ് മാനേജരെയും അധ്യാപകരെയും ഹൃദയപൂർവ്വം ഞാൻ അഭിനന്ദിക്കുന്നു.

ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിക്കപ്പെട്ട മാസമാണല്ലോ ജൂൺ. പുതിയ അധ്യയന വർഷത്തിൽ വിദ്യാർത്ഥികളായ കുഞ്ഞുങ്ങളെയും മാതാപിതാക്കളെയും അധ്യാപകരെയും ഈശോയുടെ തിരുഹൃദയത്തിൽ സമർപ്പിക്കുന്നു. പരിശുദ്ധാത്മാവ് ദൈവീകജ്ഞാനത്താൽ നിങ്ങളെ നിറയ്ക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിങ്ങൾ ഏവരെയും പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 ഏപ്രിൽ 25 ന് വി. മർക്കോസ് സുവിശേഷകന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 മെയ് 31-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം
## മെയ് 2026

### 1. ബഹു. വൈദികരുടെ നിയമനങ്ങൾ

| | | | |
|---|---|---|---|
| 1 | ആലങ്കോട്ട് മാത്യു | റസിഡന്റ് പ്രീസ്റ്റ് | നിർമ്മലഗിരി |
| 2 | അറയ്ക്കൽ അഗസ്റ്റിൻ | വികാരി | പടിയൂർ |
| | | അസി. ഡയറക്ടർ | മീഡിയ അപ്പൊസ്റ്റൊലേറ്റ് |
| 3 | ചക്കാംകുന്നേൽ അഗസ്റ്റിൻ | ഉപരിപഠനം | |
| 4 | ചക്കാനിക്കുന്നേൽ തോമസ് | വികാരി | വെണ്ണക്കല്ല് |
| 5 | ചാലിൽ ജോർജ് | വികാരി | കല്ലുവയൽ |
| 6 | ചാത്തനാട്ട് ജോസഫ് | വികാരി | കോഴിച്ചാൽ |
| 7 | ചേലമരം ജോർജ് | വികാരി | കീഴ്പ്പള്ളി |
| 8 | ചെമ്പനാനിക്കൽ ജോൺ | വികാരി | മണക്കടവ് |
| 9 | ചെരിയംകുന്നേൽ ജോസഫ് | അസി. ഡയറക്ടർ | TSSS |
| 10 | ചിലമ്പിക്കുന്നേൽ ജോൺ VC | വികാരി | താബോർ |
| 11 | ചിന്താർമണിയിൽ തോമസ് | പ്രോ. വികാരി | ലിസ്സിഗിരി |
| 12 | ചിറ്റിലപ്പിള്ളി തോമസ് | വികാരി | എടക്കോം |
| 13 | ചൊള്ളംമ്പുഴ ജോസഫ് | പ്രോ. വികാരി | അൽഫോൻസാഗിരി |
| | | അസി. ഡയറക്ടർ | പ്രീസ്റ്റ് ഹോം |
| 14 | ഇളംതുരുത്തിപടവിൽ മാത്യു | വികാരി | പെരിയ (അധിക ചുമതല) |
| 15 | ഇലവുംകുന്നേൽ ജോർജ് (ജൂനി.) | വികാരി | പടുപ്പ് |
| 16 | കക്കാട്ടിൽ ജോസ് | വികാരി | ചെങ്ങോം |
| 17 | കളപ്പുരയ്ക്കൽ ജോസഫ് | അസി. ഡയറക്ടർ | ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് |
| 18 | കല്ലുങ്കൽ മാത്യു | വികാരി | കാലിച്ചാനടുക്കം |
| 19 | കാനക്കാട്ട് ജോസഫ് | വികാരി | കൊട്ടോടി |
| 20 | കാഞ്ഞിരക്കാട്ട് ജോർജ് | വികാരി | മഞ്ഞളാംപുറം |
| 21 | കാഞ്ഞിരംപറമ്പിൽ ആന്റണി SDV | വികാരി | വെള്ളരിയാനം |
| 22 | കാഞ്ഞിരത്തിങ്കൽ ജോസഫ് | വികാരി | കരയത്തുംചാൽ |
| 23 | കണ്ണംമ്പുഴ ജോസഫ് SDV | വികാരി | ഉരുപ്പുംകുറ്റി |
| 24 | കറുകമാലിൽ ജോസഫ് | വികാരി | കോട്ടൂർവയൽ |
| 25 | കാവനാടിയിൽ ജോസഫ് | വികാരി | കടുമേനി |

| | | | |
|---|---|---|---|
| 26 | കവിയിൽ ഫിലിപ്പ് | വികാരി | കത്തീഡ്രൽ |
| | | ഡയറക്ടർ | മീഡിയ അപ്പൊസ്റ്റൊലേറ്റ് |
| 27 | കായംമാക്കൽ മാത്യു | | പ്രീസ്റ്റ് ഹോം |
| 28 | കൊച്ചുപറമ്പിൽ മാത്യു CM | വികാരി | പച്ചാണി |
| 29 | കൂനങ്കിയിൽ ഇമ്മാനുവേൽ | ഉപരിപഠനം | ട്രൈബ്യൂണൽ |
| 30 | കൂവപ്പാറയിൽ ജോൺ | വികാരി | കല്ലുമുതിരക്കുന്ന് |
| | | | ടെൽമി ക്രിയേഷൻസ് |
| 31 | കൊട്ടുകാപ്പള്ളി തോമസ് | വികാരി | ചെറുപാറ |
| 32 | കൊട്ടുകാപ്പള്ളി മാത്യു | ഡയറക്ടർ | ബൈബിൾ അപ്പൊസ്റ്റൊലേറ്റ് |
| | | | (അധിക ചുമതല) |
| 33 | കോവാട്ട് ജോർജ് | ഡയറക്ടർ | സന്ദേശഭവൻ (അധിക ചുമതല) |
| 34 | കോയിപ്പുറം ജോസഫ്(എഡ്വിൻ) | പ്രീസ്റ്റ് ഇൻ ചാർജ് | ധർമ്മശാല |
| | | മാർക്കറ്റിംഗ് മാനേജർ | രാഷ്ട്രദീപിക കണ്ണൂർ |
| 35 | കോയിപ്പുറം ജോസഫ് (ജിബി) | വികാരി | മാട്ടറ |
| 36 | കുടിപ്പറമ്പിൽ ചാക്കോ | ഫൊറോന വികാരി | പനത്തടി |
| 37 | കുരിശുംമൂട്ടിൽ ജോസഫ് | വികാരി | മുടയരഞ്ഞി |
| | | മാർക്കറ്റിംഗ് ഡയറക്ടർ | ബയോമൗണ്ടൻ |
| 38 | കുറുംമ്പുറത്ത് മാത്യു HGN | വികാരി | ബേഡൂർ |
| 39 | മഠത്തിമ്യാലിൽ അബ്രാഹം | വികാരി | ചന്ദനക്കാംപാറ |
| 40 | മാളക്കാരൻ ജോസഫ് | ഉപരിപഠനം | |
| 41 | മണ്ണൂർ ജോൺ | വികാരി | ഏറ്റുപാറ |
| 42 | മാന്തറ സെബാസ്റ്റ്യൻ CST | വികാരി | പാടാംകവല |
| 43 | മരശ്ശേരിൽ തോമസ് | വികാരി | വിജയപുരം, തുരുമ്പി |
| 44 | മൂന്നാനാൽ മാത്യു | പ്രോ. വികാരി | പൂപ്പറമ്പ് (അധിക ചുമതല) |
| 45 | മുളയോലിൽ മാത്യു | ഫൊറോന വികാരി | നെല്ലിക്കാംപൊയിൽ |
| 46 | മുള്ളംകുഴി ജോൺ | പ്രോ. വികാരി | പറമ്പ |
| 47 | മുണ്ടയ്ക്കൽ പോൾ | പ്രോ. വികാരി | ചട്ടമല |
| 48 | മുണ്ടപ്ലാക്കൽ ജോസഫ് | വികാരി | ദീപഗിരി |
| 49 | നെല്ലാനിക്കാട്ട് തോമസ് VC | വികാരി | എടത്തൊട്ടി |
| 50 | നെല്ലിത്താനത്ത് ഡെന്നീസ് | ബർസാർ | സാന്റാമാതാ നഴ്സിംഗ് കോളേജ് |
| 51 | നിരപ്പേൽ അലക്സ് | വികാരി | ചുള്ളി, ആനമഞ്ഞൾ |
| 52 | ഓരത്തേൽ ജോസഫ് | വികാരി | ചെട്ടിയാംപറമ്പ |
| 53 | പാലിയത്തിൽ മാത്യു OFM | വികാരി | ശാന്തിനഗർ |
| 54 | പന്തലാനിക്കൽ തോമസ് | വികാരി | തിരൂർ |
| 55 | പരിയാനിക്കൽ മാത്യു | വികാരി | പെരിങ്ങാല |
| 56 | പതിക്കൽ തോമസ് | മെഡിക്കൽ ലീവ് | |
| 57 | പതിയോട്ടിൽ ജോസഫ് | അജപാലനശുശ്രൂഷ | ബെൽത്തങ്ങാടി |
| 58 | പൊടിമറ്റം സെബാസ്റ്റ്യൻ | വികാരി | ബദിയടുക്ക |

| | | | |
|---|---|---|---|
| 59 | പൂവൻപുഴ തോമസ് | വികാരി | കമ്പല്ലൂർ |
| 60 | പൂവത്തിങ്കൽ ഇമ്മാനുവേൽ | മെഡിക്കൽ ലീവ് | |
| 61 | പൂവത്തോലിൽ ജോസഫ് | ഫൊറോന വികാരി | കാസർഗോഡ് |
| 62 | പൗവ്വത്ത് ജോസഫ് | വികാരി | കണ്ണിവയൽ |
| 63 | പ്രവർത്തുംമലയിൽ മാത്യു | വികാരി | ഓടംതോട് |
| 64 | പുത്തൻപുരയ്ക്കൽ സേവ്യർ (ജൂനി.) | വികാരി | മണിപ്പാറ |
| 65 | പുതുകുളങ്ങര കുര്യാക്കോസ് | വൈസ് റെക്ടർ, പ്രൊക്യുറേറ്റർ മൈനർ സെമിനാരി | |
| 66 | പുതുശ്ശേരി ജോസഫ് | വികാരി | അറബി |
| 67 | റാത്തപ്പള്ളി ജോസഫ് | ഉപരിപഠനം | |
| 68 | തൈപ്പറമ്പിൽ സെബാസ്റ്റ്യൻ | പ്രോ. വികാരി | അരിവിളഞ്ഞപൊയിൽ |
| 69 | തയ്യിൽ തോമസ് | ഫൊറോന വികാരി | ചെമ്പേരി |
| 70 | തേനംമാക്കൽ ജോസഫ് | വികാരി | രത്നഗിരി (അധിക ചുമതല) |
| 71 | തെങ്ങുംപള്ളിൽ ജോർജ് | വികാരി | പൊയ്നാച്ചി, ഉപരിപഠനം |
| 72 | തെങ്ങുംപള്ളിൽ സെബാസ്റ്റ്യൻ | ഉപരിപഠനം | |
| 73 | വളവനാൽ മാത്യു | ഫൊറോന വികാരി | മേരിഗിരി |
| 74 | വലിയപറമ്പിൽ മാത്യു | ഡയറക്ടർ സാന്റാമാതാ നഴ്സിംഗ് കോളേജ് | |
| 75 | വള്ളിമല ജോർജ് | വികാരി | ഭീമനടി |
| 76 | വാരണത്ത് ജോസഫ് | സ്പിരിച്വൽ ഫാദർ | മൈനർ സെമിനാരി |
| 77 | വയലുങ്കൽ ജോസഫ് | ഡയറക്ടർ എഡ്യൂസ്പാർക്ക് (അധിക ചുമതല) | |
| 78 | വെമ്മേനിക്കട്ടയിൽ സെബാസ്റ്റ്യൻ | റസിഡന്റ് മാനേജർ | രാഷ്ട്രദീപിക, കണ്ണൂർ |
| 79 | വെട്ടുവയലിൽ മാത്യു | വികാരി | പടിയോട്ടുചാൽ |
| 80 | ആലുക്കൽ തോമസ് SDV | അസി. വികാരി | മേരിഗിരി |
| 81 | ചെറുകരക്കുന്നേൽ ജോസഫ് | അസി. വികാരി | പേരാവൂർ |
| 82 | ഈറ്റയ്ക്കൽ അഗസ്റ്റിൻ | അസി. വികാരി | തിരുമേനി |
| 83 | കാടപ്പറമ്പിൽ ജോസഫ് MSFS | അസി. വികാരി | കണിച്ചാർ |
| 84 | കളപ്പുരയ്ക്കൽ ചാക്കോ | അസി. വികാരി | പൈസക്കരി |
| 85 | കണിപറമ്പിൽ സെബാസ്റ്റ്യൻ | അസി. വികാരി | കരിക്കോട്ടക്കരി |
| 86 | കരിയിൽ മാത്യു OFM Cap. | അസി. വികാരി | ചെറുപുഴ |
| 87 | കുറ്റിക്കൊമ്പിൽ ജോൺ CMI | അസി. വികാരി | വെളിമാനം |
| 88 | മണലേൽ മാത്യു RCJ | അസി. വികാരി | പനത്തടി |
| 89 | മാതാളിക്കുന്നേൽ ദേവസ്യ CST | അസി. വികാരി | പുളിങ്ങോം |
| 90 | പാറക്കാലായിൽ ജോസഫ് | അസി. വികാരി | ചെമ്പൻതൊട്ടി |
| 91 | പാഴൂപറമ്പിൽ മാർട്ടിൻ | അസി. വികാരി | തോമാപുരം |
| 92 | പൂക്കുളത്തേൽ ജോസഫ് | അസി. വികാരി | തളിപ്പറമ്പ് |
| 93 | തെള്ളിക്കുന്നേൽ ജോസഫ് CRM | അസി. വികാരി | നെല്ലിക്കാംപൊയിൽ |
| 94 | തുണ്ടിയിൽ ജേക്കബ് | അസി. വികാരി | വായാട്ടുപറമ്പ് |
| 95 | വടക്കേൽ മാത്യു | അസി. വികാരി | മണിക്കടവ് |

**2. ബഹു. വൈദികരുടെ സ്ഥലംമാറ്റം**

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം ഈ വർഷം മെയ് മാസം 9-ാം തീയതി ശനിയാഴ്ചയാണ്. മെയ് 10 ന് ഞായറാഴ്ച നിയമനപത്തേന്തി പള്ളിയിൽ വായിച്ച് ചുമതല ഏല്ക്കേണ്ടതാണ്. സ്ഥലം മാറ്റമുള്ള വികാരിയച്ചന്മാർ സ്ഥലം മാറിപ്പോകുന്നതിനു മുമ്പ് വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കി, ഒപ്പിട്ട് നടത്തുകൈക്കാരനെ ക്കൊണ്ടും ഒപ്പിടുവിച്ച് പുതിയ വികാരിയെ ഏല്പിക്കാനുള്ള ക്രമീക രണങ്ങൾ ചെയ്യണം. പുതിയ വികാരി ഉത്തരവാദിത്വം ഏറ്റെടുത്ത് തൊട്ടടുത്ത ദിവസം തന്നെ വികാരിമാറ്റ റിപ്പോർട്ട് ഒപ്പിട്ട് അതിരൂ പതാ കച്ചേരിയിലേയ്ക്ക് ഒരു കോപ്പി അയക്കേണ്ടതാണ്. വികാരി മാറ്റ റിപ്പോർട്ടിൽ ഒപ്പിടുന്നതിനുമുമ്പ് സ്വർണ്ണം, പണം തുടങ്ങിയ കാര്യ ങ്ങളെക്കുറിച്ച് വികാരിമാറ്റ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടത് പുതിയ വികാരിയുടെ ഉത്തരവാദി ത്വമാണ്. ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കണം. സ്ഥലം മാറുന്ന വികാരിമാർക്ക് പത്തേന്തിയോടൊപ്പം വികാരിമാറ്റ റിപ്പോർട്ടിന്റെ ഫോം കൂടി അയയ്ക്കുന്നുണ്ട്. കുരിശുപള്ളികൾ ഉള്ളവർ പ്രസ്തുത ഫോ മിന്റെ ഫോട്ടോ കോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്. നീക്കിയി രിപ്പ് പണവും താക്കോലും സ്ഥലം മാറിപ്പോകുന്ന വികാരി നടത്തു കൈക്കാരനെ ഏല്പിക്കുന്നത് സാധിക്കുമെങ്കിൽ ഫൊറോന വികാ രിയുടെ സാന്നിദ്ധ്യത്തിലാകുന്നത് ഉചിതമായിരിക്കും.

വൈദികർ സ്ഥലം മാറുന്ന മാസത്തെ അലവൻസിന്റെ പകുതി നിലവിൽ സേവനം ചെയ്യുന്ന സ്ഥലത്തുനിന്നും ബാക്കി പകുതി പുതിയ സ്ഥലത്തുനിന്നും സ്വീകരിക്കേണ്ടതാണ്.

**3. ഇടവകയിലെ സുപ്രധാനരേഖകളുടെ സംരക്ഷണം**

ഇടവകയിലെ പ്രധാനപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യ മായും സുരക്ഷിതമായും സൂക്ഷിക്കുക ഇടവകവികാരിയുടെ ഉത്തര വാദിത്വമാണ്. എല്ലാ ഇടവകകളിലെയും ഇടവകസ്ഥാപന ഡിക്രി, 12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻകാർഡ് എന്നിവ ഏറ്റവും സുരക്ഷിതമായി പ്രത്യേക ഫയലിൽ സൂക്ഷിക്കണം. ഈ രേഖകളുടെ കോപ്പി എടുത്തു വയ്ക്കുകയും ചെയ്യണം.

**4. വി. മൂറോൻ**

2026 മാർച്ച് 30 ന് ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാ ലയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പള്ളിക ളിൽ വി. കൂദാശകൾക്കായി ഉപയോഗിക്കേണ്ട വി. മൂറോൻ തൈലം വെഞ്ചരിച്ചു. തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷ നിർവ്വ

ഹിക്കുന്ന ബഹു. വൈദികർ അഭിവന്ദ്യ പിതാവിനോടൊപ്പം തിരു കർമ്മത്തിൽ സഹകാർമ്മികരായി. 2026 മെയ് 10 ഞായറാഴ്ച മുതൽ പുതിയ മൂറോൻ തൈലമാണ് വി. കൂദാശകൾക്കായി ദൈവാലയങ്ങളിൽ ഉപയോഗിക്കേണ്ടത്. പുതിയ മൂറോൻ തൈലം പള്ളികളിലേക്ക് കൊണ്ടുപോകാത്തവർ അതിരൂപതാ കേന്ദ്രത്തിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

**5. മതബോധന ഞായർ**

2026 മെയ് 31 ഞായറാഴ്ചയാണ് മതബോധന ഞായറായി ആചരിക്കുന്നത്. അന്നേ ദിവസമാണ് ഈ അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. മെയ് 31-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച അതിരൂപതയിലെ മതബോധന പ്രവർത്തനങ്ങൾക്കായി സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**6. നന്ദി**

**a) റവ. ഫാ. മാത്യു കായംമാക്കൽ:** 1972 ഏപ്രിൽ 30 മുതൽ അവിഭക്ത തലശ്ശേരി അതിരൂപത വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും അജപാലന ശുശ്രൂഷ നിർവ്വഹിച്ച് വിശ്രമജീവിതത്തിനായി 2026 മെയ് 9 ന് കരുവഞ്ചാൽ ശാന്തിഭവനിലെത്തുന്ന ബഹു. മാത്യു കായംമാക്കലച്ചനെ നന്ദിയോടെ അനുസ്മരിക്കുന്നു. അഞ്ചര പതിറ്റാണ്ടോളം തലശ്ശേരി അതിരൂപതയിലെ 15 ഇടവകകളിലും ചെമ്പേരി വിമല ഹോസ്പിറ്റൽ, എസ്റ്റേറ്റ് എന്നിവിടങ്ങളിലും ബഹു. മാത്യു അച്ചൻ തീഷ്ണതയോടെ ശുശ്രൂഷ ചെയ്തു. കഠിനാധ്വാനിയായ ബഹു. മാത്യു അച്ചന്റെ സേവനം നമ്മുടെ അതിരൂപതയുടെ വളർച്ചയ്ക്ക് കാരണമായി. പ്രിയപ്പെട്ട മാത്യു അച്ചന് സന്തോഷകരമായ വിശ്രമജീവിതം ആശംസിക്കുന്നു.

**b)** നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകയിൽ സ്തുത്യർഹമായ അജപാലന ശുശ്രൂഷ നിർവഹിച്ചശേഷം തങ്ങളുടെ സന്യാസ സമൂഹത്തിലേക്ക് മടങ്ങിപ്പോകുന്ന ബഹു. വൈദികരെ നന്ദിയോടെ ഓർമ്മിക്കുന്നു.

1. റവ. ഫാ. ജോസഫ് കൂനത്താൻ MCBS - വികാരി, ബേഡൂർ
2. റവ. ഫാ. ജോസഫ് കടുംമ്പംതാനം O.Pream - വികാരി, ഉരുപ്പുംകുറ്റി
3. റവ. ഫാ. തോമസ് കണ്ടത്തിൽ CM - വികാരി, പച്ചാണി
4. റവ. ഫാ. റാഫേൽ ചുരയ്ക്കൽ VC - വികാരി, എടത്തൊട്ടി
5. റവ. ഫാ. ജോർജ് ആലപ്പാട്ട്കുന്നേൽ CRM - അസി. വികാരി, പനത്തടി
6. റവ. ഫാ. അലക്സ് കൊച്ചുപറമ്പിൽ MSFS „ ശ്രീകണ്ഠാപുരം
7. റവ. ഫാ. ജോസഫ് ഒരപ്പാംകുഴി CMI „ വെളിമാനം

8. റവ. ഫാ. ദേവസ്യ കോനൂർ OFM Cap. „ പൈസക്കരി
9. റവ. ഫാ. ജോർജ് മങ്കുഴിക്കരി OFM Cap. „ തിരുമേനി
10. റവ. ഫാ. സെബാസ്റ്റ്യൻ മണ്ണാറത്ത് MST „ ചെമ്പേരി
11. റവ. ഫാ. ജോസഫ് കാഞ്ഞിരമറ്റത്തിൽ MST „ ഭീമനി
12. റവ. ഫാ. ജോസഫ് കവുന്നുകാട്ടിൽ MST „ ചെമ്പന്തൊട്ടി
13. റവ. ഫാ. ജോർജ് പെങ്ങാട്ട് MST „ ആലക്കോട്
14. റവ. ഫാ. ജോസഫ് കാപ്പുകാട്ടിൽ „ ഓടംതോട്

**7. സ്വാഗതം**

തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി വിവിധ സന്യാസസഭകളിൽ നിന്ന് എത്തിയിരിക്കുന്ന ബഹു. വൈദികർക്ക് ഹൃദ്യമായ സ്വാഗതം. പ്രിയപ്പെട്ട വൈദിക സഹോദരങ്ങൾക്ക് അനുഗ്രഹീതമായ അജപാലന ശുശ്രൂഷ ആശംസിക്കുന്നു.

1. റവ. ഫാ. മാത്യു കൊച്ചുപറമ്പിൽ CM – വികാരി, പച്ചാണി
2. റവ. ഫാ. തോമസ് നെല്ലാനിക്കാട്ട് VC – വികാരി, എടത്തൊട്ടി
3. റവ. ഫാ. ജോൺ ചിലമ്പിക്കുന്നേൽ VC – വികാരി, താബോർ
4. റവ. ഫാ. ജോസഫ് കണ്ണംമ്പുഴ SVD – വികാരി, ഉരുപ്പുംകുറ്റി
5. റവ. ഫാ. ദേവസ്യ മാതാളിക്കുന്നേൽ CST – അസി. വികാരി, പുളിങ്ങോം
6. റവ. ഫാ. ജോസഫ് തെള്ളിക്കുന്നേൽ CRM – അസി. വികാരി, നെല്ലിക്കാംപൊയിൽ
7. റവ. ഫാ. ജോസഫ് കാടപ്പറമ്പിൽ MSFS – അസി. വികാരി, കണിച്ചാർ
8. റവ. ഫാ. തോമസ് ആലുക്കൽ SDV – അസി. വികാരി, മേരിഗിരി
9. റവ. ഫാ. മാത്യു കരിയിൽ OFM Cap. – അസി. വികാരി, ചെറുപുഴ

**8. വൈദിക സമിതി സമ്മേളനം (Presbyteral Council)**

2026 മെയ് 26 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1:30 വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് വൈദിക സമിതി സമ്മേളനം ചേരുന്നതാണ്. വൈദിക സമിതി അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**9. അഭിനന്ദനങ്ങൾ**

**റവ. ഡോ. ജോർജ് (ഷിന്റോ) ആലപ്പാട്ട്** : കോയമ്പത്തൂർ ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യൽ സയൻസിൽ പ്രശംസനീയമാംവിധത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ബഹു. ഷിന്റോ ആലപ്പാട്ട് അച്ചന് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ഡീക്കൻ ജോസഫ് (ജോജി) പ്ലാപ്പറമ്പിൽ :** തലശ്ശേരി അതിരൂപതാംഗമായ ജോസഫ് പ്ലാപ്പറമ്പിൽ 2026 ഏപ്രിൽ 28 ന് ജർമനിയിലെ

റോട്ടെൻബുർഗ് രൂപതയുടെ സഹായമെത്രനായ മത്തിയാസ് കാറെന്റൻ പിതാവിന്റെ കൈവയ്പുവഴി ഡീക്കൻ പട്ടം സ്വീകരിച്ചു. തലശ്ശേരി അതിരൂപതയിലെ കോടോപ്പള്ളി ഇടവകാംഗമാണ് ഡീക്കൻ ജോസഫ് പ്ലാപ്പറമ്പിൽ. ജർമനിയിലെ ട്യൂബിൻഗെൻ യൂണിവേഴ്സിറ്റിയിലണ് തിയോളജി പഠനം പൂർത്തിയാക്കിയത്. ഡീക്കൻ ജോസഫ് പ്ലാപ്പറമ്പലിന് അനുമോദനങ്ങളും ആശംസകളും.

**10. ആദരാഞ്ജലികൾ**

**1. ശ്രീ. ജോസഫ് കായംമാക്കൽ (92) :** ബഹു. മാത്യു കായംമാക്കൽ അച്ചന്റെ പ്രിയപ്പെട്ട സഹോദരൻ ശ്രീ. ജോസഫ് കായംമാക്കൽ 2026 മാർച്ച് 22 ന് നിര്യാതനായി. മൃതസംസ്കാരശുശ്രൂഷകൾ 2026 മാർച്ച് 22 ന് ഉദയഗിരി സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**2. ശ്രീ. അഗസ്റ്റിൻ കൊളുത്താപ്പള്ളി (70) :** ബഹു. ജോസഫ് കൊളുത്താപ്പള്ളി അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. അഗസ്റ്റിൻ കൊളുത്താപ്പള്ളി 2026 മാർച്ച് 29 ന് നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2026 മാർച്ച് 31 ന് പാത്തൻപാറ സെന്റ് ആന്റണീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോസഫ് (അലോഷി) അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**3. ശ്രീ. ജോസഫ് കൊട്ടുകാപ്പള്ളി (87) :** ബഹു. മാത്യു കൊട്ടുകാപ്പള്ളി അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. ജോസഫ് കൊട്ടുകാപ്പള്ളി 2026 മാർച്ച് 31 ന് നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2026 ഏപ്രിൽ 01 ന് വെള്ളരിക്കുണ്ട് ലിറ്റിൽ ഫ്ളവർ ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. മാത്യു (അനീഷ്) അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**4. ശ്രീമതി ഏലിയാമ്മ കൊച്ചുപുരയ്ക്കൽ (63) :** ബഹു. അബ്രാഹം കൊച്ചുപുരയ്ക്കൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി ഏലിയാമ്മ കൊച്ചുപുരയ്ക്കൽ 2026 ഏപ്രിൽ 03 ന് നിര്യാതയായി. മൃതസംസ്ക്കാ

രശുശ്രൂഷകൾ 2026 ഏപ്രിൽ 04 ന് കണിച്ചാർ സെന്റ് ജോർജ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. അബ്രാഹം (മനോജ്) അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**5. ശ്രീമതി അന്നക്കുട്ടി സേവ്യർ കുറമണ്ണിൽ (79) :** ബഹു. മാത്യു പരവരാകത്ത് അച്ചന്റെ പ്രിയപ്പെട്ട സഹോദരി ശ്രീമതി അന്നക്കുട്ടി സേവ്യർ കുറമണ്ണിൽ 2026 ഏപ്രിൽ 09 ന് നിര്യാതയായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2026 ഏപ്രിൽ 10 ന് കാഞ്ഞിരപ്പള്ളി രൂപതയിലെ കാരിക്കുളം ഫാത്തിമാ മാതാ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**6. ശ്രീ. ജോസ് തുരുത്തിപ്പള്ളിൽ (67) :** ബഹു. ജോസഫ് തുരുത്തിപ്പള്ളിൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. ജോസ് തുരുത്തിപ്പള്ളിൽ 2026 ഏപ്രിൽ 13 ന് നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2026 ഏപ്രിൽ 16 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോസഫ് (ഡയസ്) അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**7. ശ്രീ. ഏലിക്കുട്ടി ജോസഫ് അമ്പാട്ട് (95) :** ബഹു. സെബാസ്റ്റ്യൻ അമ്പാട്ട് അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി ഏലിക്കുട്ടി ജോസഫ് 2026 ഏപ്രിൽ 13 ന് നിര്യാതയായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2026 ഏപ്രിൽ 16 ന് പാലാ രൂപതയിലെ ചക്കാംപുഴ ലൊറേത്തു മാതാ ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട മാതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. സെബാസ്റ്റ്യൻ (സണ്ണി) അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**8. ശ്രീ. ചാക്കോ കവിയിൽ (88) :** ബഹു. ഫിലിപ്പ് കവിയിൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. ചാക്കോ കവിയിൽ 2026 ഏപ്രിൽ 22 ന് നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2026 ഏപ്രിൽ 25 ന് ചന്ദനയ്ക്കാംപാറ ചെറുപുഷ്പ ദൈവാലയ സെമിത്തേരിയിൽ അഭി

വന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ഫിലിപ്പച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**9. റവ. സി. ആഗ്നസ് വാടാത്തുരുത്തേൽ എം.എസ്.എം.ഐ (82)**



എം.എസ്.എം.ഐ സന്യാസിനി സമൂഹം സാൻ ജോസ് പ്രൊവിൻസ് അംഗമായ റവ. സി. ആഗ്നസ് വാടാത്തുരുത്തേൽ 2026 ഏപ്രിൽ 23 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 ഏപ്രിൽ 24 ന് നെല്ലികുറ്റി സീയോൺ കോൺവെന്റ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ജർമനി, ഗൂഡല്ലൂർ, കൂമ്പാറ, തേർമല, മേരിപുരം, കോട്ടൂർ, കണ്ണൂർ, ചരൾ, ഏറ്റുപാറ, ചന്ദനക്കാംപാറ, കോലുവള്ളി എന്നിവിടങ്ങളിൽ ബഹു. ആഗ്നസ് സിസ്റ്റർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**11. സ്നേഹസ്മൃതി**

| | | |
|---|---|---|
| 1. | റവ. ഫാ. ജോൺ മുല്ലക്കര | - 03-05-2025 |
| 2. | റവ. ഫാ. ജോസഫ് മാടക്കച്ചേരി | - 05-05-2002 |
| 3. | റവ. ഫാ. അബ്രാഹം കാവളക്കാട്ട് | - 06-05-1991 |
| 4. | റവ. ഫാ. ജോസ് കരിക്കാട്ടുകണ്ണിയേൽ | - 06-05-2021 |
| 5. | റവ. ഫാ. ജോസഫ് മാമ്പുഴ | - 13-05-2007 |
| 6. | റവ. ഫാ. സിറിയക് വാഴയിൽ | - 14-05-2021 |
| 7. | മോൺ. ജേക്കബ് പുത്തേട്ട് | - 16-05-1989 |
| 8. | മോൺ. തോമസ് പഴേപറമ്പിൽ | - 22-05-1992 |
| 9. | റവ. ഫാ. ജോൺ മണ്ണനാൽ | - 23-05-2008 |
| 10. | റവ. ഫാ. ജോസ് മാരാംകുഴ | - 23-05-2012 |
| 11. | റവ. ഫാ. മാത്യു നടുവിലേക്കുറ്റ് | - 24-05-1997 |
| 12. | റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (ജൂനി.) | - 25-05-2003 |
| 13. | റവ. ഫാ. ജോർജ് താമരശ്ശേരി | - 26-05-2008 |
| 14. | റവ. ഫാ. ജോസഫ് മേമന | - 27-05-2013 |
| 15. | റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ | - 29-05-2023 |
| 16. | റവ. ഫാ. ജോൺ വടക്കുംമൂലയിൽ | - 31-05-2023 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**

*ചാൻസലർ*

# പാസ്റ്ററൽ കൗൺസിൽ യോഗം റിപ്പോർട്ട്

തലശ്ശേരി അതിരൂപത 19-ാമത് പാസ്റ്ററൽ കൗൺസിലിന്റെ അവസാന സമ്മേളനം 2026 ഏപ്രിൽ 25 ന് ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ നടന്നു. റവ. ഡോ. സി. റീന എസ്. എച്ച്. നയിച്ച പ്രാർത്ഥനയോടെയാണ് സമ്മേളനം ആരംഭിച്ചത്. തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി സ്വാഗതപ്രഭാഷണം നടത്തി. മുൻയോഗ റിപ്പോർട്ട് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോർജ് തയ്യിൽ അവതരിപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗത്തിന് അധ്യക്ഷത വഹിച്ച് യോഗം ഉദ്ഘാടനം ചെയ്തു. മുണ്ടത്തിക്കോട് വെടിക്കെട്ടിന്റെ പശ്ചാത്തലത്തിൽ തലശ്ശേരി അതിരൂപതയിലെ ദൈവാലയങ്ങളിൽ തിരുനാളുകളോടനുബന്ധിച്ചുള്ള വെടിക്കെട്ട് നിരോധനം കർശനമായി പാലിക്കണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. FCRA നിയമഭേദഗതിയെക്കുറിച്ച് മിസ്സിസ് മരിയ ജേക്കബ് CA ക്ലാസ്സ് നയിച്ചു. FCRA നിയമഭേദഗതിയുടെ മറവിൽ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അജണ്ടകളെക്കുറിച്ച് യോഗാംഗങ്ങൾ അഭിപ്രായങ്ങൾ പങ്കുവച്ചു.

തുടർന്ന് വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ നടന്നു. സർക്കാറിന്റെ മദ്യനയം നാടിനുണ്ടാക്കുന്ന ആപത്തുകളെക്കുറിച്ച് കെ.സി.ബി.സി. ലഹരിവിരുദ്ധ സമിതിയുടെ തലശ്ശേരി അതിരൂപതാ ഡയറക്ടർ ബഹു. കുര്യാക്കോസ് കോലക്കുന്നേലച്ചൻ വിഷയാവതരണം നടത്തി. എല്ലാ ഇടവകകളിലും ലഹരിവിരുദ്ധ സമിതികളെ രൂപപ്പെടുത്തണമെന്നും ഫൊറോനാതലത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഡയറക്ടർമാരെ നിയമിക്കണമെന്നും നിർദ്ദേശമുണ്ടായി. മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ദൈവരാജ്യപ്രവർത്തനങ്ങളുടെ ഭാഗമാണെന്നും ലഹരിക്കെതിരെയുള്ള പ്രതിഷേധപരിപാടികൾക്ക് സമ്പൂർണ്ണവിജയം ഉണ്ടായിട്ടില്ലെങ്കിലും നിരന്തരം നമ്മുടെ പരിശ്രമങ്ങൾ തുടരണമെന്നും അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. തിന്മകൾക്കെതിരെയുള്ള പോരാട്ടങ്ങളെല്ലാം യുഗാന്ത്യം വരെ തുടരേണ്ടതാണെന്നും പിതാവ് യോഗത്തെ ഓർമ്മിപ്പിച്ചു. നമ്മുടെ ആഘോഷങ്ങളിൽ നിന്നും മദ്യം ഒഴിവാക്കണമെന്ന കാര്യം പള്ളികളിൽ ദൈവ

ജനത്തോട് ബഹു. വികാരിയച്ചന്മാർ വീണ്ടും ആഹ്വാനം ചെയ്യണമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

സമുദായ ശക്തീകരണ വർഷാചരണത്തെക്കുറിച്ചുള്ള വിഷയാവതരണം പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ നടത്തി. സമുദായ ശക്തീകരണ വർഷത്തിൽ പ്രൊ-ലൈഫ് പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. ഈ വർഷം സംഘടിപ്പിക്കുവാൻ പോകുന്ന വിവിധ സംഗമങ്ങളെക്കുറിച്ച് യോഗത്തെ അറിയിച്ചു. വിവിധ മേഖലകളിൽ സംഭാവനകൾ നല്കിയ നമ്മുടെ അതിരൂപാംഗങ്ങളെ ആദരിക്കണമെന്ന് യോഗത്തിൽ അഭിപ്രായമുണ്ടായി. തൊഴിൽ ബാങ്ക് രൂപീകരിക്കുവാനുള്ള സാധ്യതയെക്കുറിച്ച് പഠിക്കുവാൻ അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ആഴത്തിൽ പഠിക്കുവാനും ആളുകളെ കമ്മിഷൻ റിപ്പോർട്ടിലെ കാര്യങ്ങൾ അറിയിക്കുവാൻ പരിശ്രമങ്ങൾ ഉണ്ടാകണമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

കഴിഞ്ഞ മൂന്നു വർഷത്തെ പാസ്റ്ററൽ കൗൺസിൽ യോഗങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് ജനറൽ സെക്രട്ടറി റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ അവതരിപ്പിച്ചു. പാസ്റ്ററൽ കൗൺസിലിൽ സംബന്ധിക്കുകയും വിലയേറിയ അഭിപ്രായങ്ങൾ പറയുകയും ചെയ്ത പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് നന്ദി പറഞ്ഞു. സെക്രട്ടറിയായി കഴിഞ്ഞ 3 വർഷം സ്തുത്യർഹമായ സേവനം കാഴ്ചവച്ച ശ്രീ. ജോർജ് തയ്യിലിനെ യോഗം അനുമോദിച്ചു.

ബയോ മൗണ്ടൻ ഉല്പന്നങ്ങളെക്കുറിച്ച് ഡയറക്ടർ ബഹു. ബെന്നി നിരപ്പേലച്ചൻ യോഗാംഗങ്ങളെ അറിയിച്ചു. നമ്മുടെ അതിരൂപതയുടെ പ്രവർത്തങ്ങൾ കാർഷിക മേഖലയെ ഫോക്കസ് ചെയ്തു മുന്നോട്ടു പോകണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. എല്ലാ ഇടവകകളിലും ബയോ മൗണ്ടൻ സ്റ്റാളുകൾ തുടങ്ങുവാൻ പരിശ്രമങ്ങൾ ഉണ്ടാകണമെന്നും യോഗത്തിൽ പിതാവ് ആവശ്യപ്പെട്ടു.

ആൽഫാ തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ചുള്ള വിവരങ്ങൾ ഡയറക്ടർ ബഹു. മാത്യു കൊട്ടുകാപ്പള്ളി അച്ചൻ യോഗത്തെ അറിയിച്ചു. വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള റോമിലെ കാര്യാലയത്തിൽ നിന്ന് ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന് അംഗീകാരം ലഭിച്ച കാര്യവും യോഗത്തെ അറിയിച്ചു. കൂടുതൽ ആളുകൾ ദൈവശാസ്ത്രം പഠിക്കുവാൻ മുന്നോട്ടു വരണമെന്ന് അഭിവന്ദ്യ പിതാവ് അഭ്യർത്ഥിച്ചു.

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയെക്കുറിച്ചുള്ള കാര്യങ്ങൾ കോർപ്പറേറ്റ് മാനേജർ ബഹു. സ്കറിയ വടശ്ശേരി അച്ചൻ യോഗത്തെ അറിയിച്ചു. സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഇടവകാജനത്തിന്റെ സഹകരണം കൂടുതൽ ആവശ്യമായി വരുന്ന സാഹചര്യമാണുള്ളതെന്ന് അച്ചൻ യോഗത്തെ അറിയിച്ചു. നമ്മുടെ കുട്ടികളെ കോർപ്പറേറ്റ് സ്കൂളുകളിൽ ചേർക്കുവാൻ പരമാവധി പ്രോത്സാഹനങ്ങൾ നല്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

നമ്മുടെ അതിരൂപതയുടെ നേതൃത്വത്തിലുള്ള Help Desk-ന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി TRACE - Help Desk വെബ്സൈറ്റ് & ഓട്ടോമേറ്റഡ് വാട്സ് ആപ്പിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. Help Desk-ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹു. ജോസഫ് റാത്തപ്പിള്ളി അച്ചൻ വിശദീകരിച്ചു. മോൺ. മാത്യു ഇളംതുരുത്തിപ്പടവിലച്ചന്റെ നന്ദി പ്രസംഗത്തോടെ യോഗം സമാപിച്ചു.

**ശ്രീ. ജോർജ് തയ്യിൽ**
*സെക്രട്ടറി*

# നാല്പതാം വെള്ളി തീർഥാടനം
# ചെറുപുഴ

ചെറുപുഴ, തോമാപുരം, മേരിഗിരി ഫൊറോനാകളിലെ ദൈവജനത്തിന്റെ പ്രത്യേക പങ്കാളിത്തത്തോടെ ഈ വർഷത്തെ നാല്പതാം വെള്ളി തീർഥാടനം 2026 മാർച്ച് 27 ന് ചെറുപുഴയിൽ നടന്നു. രക്ഷയുടെ അടയാളമായ വിശുദ്ധ കുരിശും കൈകളിലേന്തി മലയോരത്തെ പ്രധാന നഗരമായ ചെറുപുഴയിലൂടെ ദൈവജനം തീർഥാടനം നടത്തിയത് ദൈവജനം വിശുദ്ധവാരത്തിലേക്ക് പ്രവേശിക്കുന്നതിന്റെ വിളംബരമായി മാറി.

പെരിങ്ങാല സെന്റ് ജൂഡ് ദൈവാലയത്തിൽ നിന്നും തോമാപുരം സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിൽ നിന്നും പുളിങ്ങോം സെന്റ് ജോസഫ് ദൈവാലയത്തിൽനിന്നും കുരിശിന്റെ വഴിയുടെ പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് കാൽനടയായാണ് ചെറുപുഴയിലേക്ക് തീർഥാടനം നടത്തിയത്. വിവിധ സെന്ററുകളിൽ നിന്നും വന്ന തീർഥാടകർ ചെറുപുഴ ടൗണിൽ വൈകുന്നേരം 5 മണിക്ക് എത്തിച്ചേർന്ന് ചെറുപുഴ സെന്റ് മേരീസ് ദൈവാലയത്തിലേക്ക് തീർഥാടനം നടത്തി.

വിശുദ്ധ കുരിശും വഹിച്ചുകൊണ്ട് ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയാങ്കണത്തിൽ ആറായിരത്തോളം ആളുകളാണ് എത്തിച്ചേർന്നത്. ഈശോയുടെ പീഢാനുഭവരംഗങ്ങൾ ചിത്രീകരിച്ച ഫ്ലോട്ടുകൾ ഒരുക്കിയും വലിയ കുരിശുകളും വഹിച്ചുകൊണ്ട് ദൈവജനം ത്യാഗത്തോടെ തീർഥാടനം നടത്തിയത് കൂട്ടായ ക്രൈസ്തവ സാക്ഷ്യത്തിന്റെ അവസരമായി മാറി. ചെറുപുഴ ടൗണിൽ വലിയ ഒരു ജനക്കൂട്ടം കുരിശുകൾ വഹിച്ചും പേപ്പൽ പതാകയിലെ നിറങ്ങൾ ഉൾക്കൊള്ളുന്ന തൊപ്പികൾ ധരിച്ചും തീർഥാടനം നടത്തിയത് മനോഹരമായ ദൃശ്യമായിരുന്നു.

വൈകുന്നേരം 6.30 ഓടെ ചെറുപുഴ സെന്റ് മേരീസ് പള്ളിയുടെ ഗ്രൗണ്ടിൽ എത്തിയ തീർഥാടകർക്ക് ലഘുഭക്ഷണവും കുടിവെള്ളവും കരുതിയിരുന്നു. ചെറുപുഴ ഫൊറോനാ വികാരി ബഹു. ഫിലിപ്പ് ഇരുപ്പക്കാട്ട് തീർഥാടകർക്ക് സ്വാഗതം ആശംസിച്ചു. കുരിശിന്റെ വഴിയുടെ സമാപന പ്രാർത്ഥനയ്ക്ക് തലശ്ശേരി അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ നേതൃത്വം നൽകി. ദണ്ഡവിമോചന പ്രാർഥനക്കുശേഷം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വിശുദ്ധ കുരിശിന്റെ സന്ദേശം നൽകി. തുടർന്ന് അഭിവന്ദ്യ

പിതാവ് ബന്ധനപ്രാർഥനക്ക് നേതൃത്വം നല്കുകയും വിശുദ്ധ ജലം തളിച്ച് തീർഥാടകരെ ആശീർവദിക്കുകയും ചെയ്തു. മുഴുവൻ തീർഥാടകർക്കും വിശുദ്ധ കുരിശിനെ വണങ്ങി വീടുകളിലേക്ക് മടങ്ങുവാനുള്ള സൗകര്യങ്ങൾ ഒരുക്കിയിരുന്നു. ചെറുപുഴ ഇടവകയിലെ ഗായകസംഘം മനോഹരമായ ഗാനങ്ങൾ ആലപിച്ചത് തീർഥാടനത്തെ കൂടുതൽ ഭക്തിസാന്ദ്രമാക്കി.

ഈ വർഷത്തെ നാല്പതാം വെള്ളി തീർഥാടനം വിജയകരമായി പൂർത്തിയാക്കുവാൻ സഹായിച്ച ഈശോയ്ക്കു നമുക്ക് നന്ദി പറയാം. പെരിങ്ങാലയിൽനിന്ന് മേരിഗിരി ഫൊറോനായിൽ നിന്നുള്ള തീർഥാടകരെ നയിച്ച്, നാല്പതാം വെള്ളി തീർഥാടനത്തിന് നേതൃത്വം നൽകിയത് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവായിരുന്നു. അഭിവന്ദ്യ പിതാവിന്റെ ത്യാഗവും താല്പര്യവുമാണ് തീർഥാടനങ്ങളെ വിജയിപ്പിക്കുന്നത്. ദൈവജനത്തിന്റെ ഒപ്പം നടക്കുന്ന ഇടയനെയാണ് ഓരോ തീർഥാടനത്തിലും ദൈവജനം കണ്ടുമുട്ടുന്നത്. ബഹു. ജനറാൾ അച്ചന്മാരെയും അതിരൂപതാ കേന്ദ്രത്തിലെ വൈദികരെയും നന്ദിയോടെ സ്മരിക്കുന്നു.

ചെറുപുഴ, തോമാപുരം, മേരിഗിരി ഫൊറോനായിലെ ബഹു. വൈദികരാണ് ഈ തീർഥാടനത്തിന്റെ വിജയത്തിനായി കഠിനാധ്വാനം ചെയ്തത്. തോമാപുരം ഫൊറോനാ വികാരി ബഹു. മാണി മേൽവെട്ടം അച്ചനും മേരിഗിരി ഫൊറോനാ വികാരി ബഹു. അബ്രാഹം മഠത്തിമ്യാലിൽ അച്ചനും ചെറുപുഴ ഫൊറോനാ വികാരി ബഹു. ഫിലിപ്പ് ഇരുപ്പക്കാട്ട് അച്ചനും ഈ ഫൊറോനാകളിലെ ബഹു. വൈദികർക്കും ഹൃദയം നിറഞ്ഞ നന്ദി. ചെറുപുഴ ടൗണിലെ ഗതാഗതനിയന്ത്രണം കുറ്റമറ്റവിധം ക്രമീകരിക്കുകയും ചെറുപുഴ പള്ളിയിൽ തീർഥാടകരെ സ്വീകരിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്ത ചെറുപുഴ ഇടവകക്കാർക്കും പ്രത്യേകിച്ച് ബഹു. ഫിലിപ്പ് ഇരുപ്പക്കാട്ടച്ചനും അസി. വികാരി ബഹു. ജേക്കബ് തുണ്ടിയിൽ അച്ചനും കമ്മറ്റി അംഗങ്ങൾക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു. വിശുദ്ധ കുരിശിന്റെ അടയാളത്താൽ നമ്മുടെ ദേശം മുദ്രയിടപ്പെടാൻ നാല്പതാം വെള്ളി തീർഥാടനം കാരണമായി. കുരിശിന്റെ തണലിൽ വളരുന്ന ഒരു സമൂഹമാണ് തങ്ങളെന്ന് കുടിയേറ്റ ജനത ഉറക്കെ പ്രഖ്യാപിച്ച അവസരമായി നാല്പതാം വെള്ളി തീർഥാടനം മാറി.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# സെമിനാരി വാർത്തകൾ

**അഭിനന്ദനങ്ങൾ**

തലശ്ശേരി അതിരൂപതക്കുവേണ്ടി വൈദിക പരിശീലനം നേടിക്കൊണ്ടിരിക്കുന്ന വൈദികാർത്ഥികൾ ഏപ്രിൽ മാസം 22-ാം തീയതി ബുധനാഴ്ച കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ പിതാവിൽ നിന്നും ചെറുപട്ടങ്ങൾ സ്വീകരിച്ചു.

**കാറോയൂസാ പട്ടം സ്വീകരിച്ചവർ**

| House Name, Name | Parish |
|---|---|
| 1. ബ്രദർ ഇളംതുരുത്തിൽ, തോമസ് | കാപ്പിമല |
| 2. ,, കൊടുവേലിപ്പറമ്പിൽ, ഡോണൽ | കാസർഗോഡ് |
| 3. ,, പാലമറ്റത്തിൽ തോമസ് | ചെടിക്കുളം |
| 4. ,, കലവനാൽ ജോസഫ് | ചാവറഗിരി |
| 5. ,, കല്ലറക്കൽ ഫിലിപ്പ് | കോലുവള്ളി |
| 6. ,, ആലപ്പാട്ട് ജോസഫ് | മേരിഗിരി |
| 7. ,, പനച്ചിക്കൽ ലൂക്കാ | വെള്ളരിക്കുണ്ട് |
| 8. ,, പൂവക്കാട്ട് അമൽ ജോ | ചെമ്പന്തൊട്ടി |
| 9. ,, കാട്ടേഴത്ത് യോഹന്നാൻ | ഫോർട്ട് കൊച്ചി |
| 10. ,, പായിക്കാട്ട് സ്കറിയ | പെരിങ്ങാല |

**ഹെവ്പ്പദിയാക്കോനൂസാ പട്ടം സ്വീകരിച്ചവർ**

| House Name, Name | Parish |
|---|---|
| ബ്രദർ മുരട്ടുപൂവ്വത്തിങ്കൽ, ജോസഫ് | മാങ്ങോട് |
| ,, വെള്ളാക്കോട്ടിൽ, സ്കറിയ | മണ്ഡപം |
| ,, അതിരക്കുളങ്ങര, ദേവസ്യാ | മുള്ളേരിയ |
| ,, വാളുവെട്ടിക്കൽ, ആൽബർട്ട് | മഞ്ഞളാംപുറം |
| ,, ചാരച്ചേരിൽ സെബാസ്റ്റ്യൻ | മേരിഗിരി |

| | |
|---|---|
| ,, എമ്മാനുവേൽ മണ്ണൂർ | ചുള്ളി |
| ,, മുഞ്ഞനാട്ട്, ജോസഫ് | മഞ്ഞളാംപുറം |
| ,, ഐക്കര, തോമസ് | പാത്തൻപാറ |
| ,, ആശാരിയേട്ട്, വർഗ്ഗീസ് | ആലക്കോട് |

**റീജൻസി - നന്ദി, സ്വാഗതം**

അതിരൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ച് വൈദികവസ്ത്രം സ്വീകരിക്കാൻ ഒരുങ്ങുന്ന 2025-26 ബാച്ചിലെ റീജൻസി ബ്രദേഴ്സിന് ഹൃദയപൂർവ്വം നന്ദി പറയുന്നു. നിങ്ങളുടെ കഠിനാ ധ്വാനവും ത്യാഗപൂർണമായ സമർപ്പണവും അതിരൂപത ഹൃദയപൂർവ്വം അനു സ്മരിക്കുന്നു.

പുതിയ കർമ്മമേഖലകളിൽ പ്രായോഗിക പരിശീലനത്തിനായി കടന്നു വന്നിരിക്കുന്ന 2026-27 വർഷത്തെ റീജൻസിക്കാർക്ക് ഹൃദ്യമായ സ്വാഗതം.

| | House Name, Name, Parish | Center |
|---|---|---|
| 1 | Bro. Alackal Emil, Bheemanady | Archbishop's House |
| 2 | Bro. Chengazhasseril Robert, Udayagiri | Priest's Home |
| 3 | Bro. Christopher Thakidiyel, Neduvaloor | Minor Seminary |
| 4 | Bro. Kandathinkara Shone, Thomapuram | Priest's Home |
| 5 | Bro. Kanjamala Antony, Paramba | Karunalayam |
| 6 | Bro. Kannamkulam Rony, Kasargod | Abp. Mar George Njaralakkatt |
| 7 | Bro. Manjamattathil John, Aayannoor | Bishop's House, Palakkad |
| 8 | Bro. Muriyamkariyil Thomas, Modayaranji | Abp. Mar George Valiamattom |
| 9 | Bro. Munjanattu John, Manjalampuram | Cathedral Church & Alpha |
| 10 | Bro. Naduviledath Dalbin, Kunnumkai | Boys Town |
| 11 | Bro. Thekkayil Antony, Karikkottakari | Sandesabhavan & Family Apostolate |

**മേജർ സെമിനാരി ഗാതറിങ്ങ്**

തലശ്ശേരി അതിരൂപതയ്ക്കായി വിവിധ മേജർ സെമിനാരികളിൽ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വൈദികാർത്ഥികളുടെ കൂട്ടായ്മ മാർച്ച് മാസം 21-ാം തീയതി തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരി യിൽവച്ച് നടത്തപ്പെട്ടു. *'സാമൂഹ്യ മാധ്യമങ്ങളും പതിയിരിക്കുന്ന അപകട*

*ങ്ങളും'* എന്ന വിഷയത്തെക്കുറിച്ച് അഡ്വ. ജിജിൽ ജോസഫ് ക്ലാസ്സെടുത്തു. അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യം കൂട്ടായ്മക്ക് കരുത്തേകി.

**ദൈവവിളി ക്യാമ്പ്**

നമ്മുടെ അതിരൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തിയ ദൈവവിളി ക്യാമ്പുകളിൽ 186 ആൺകുട്ടികളും, 27 പെൺകുട്ടികളും പങ്കെടുത്തു. ക്യാമ്പുകൾക്ക് നേതൃത്വം നൽകിയ വൈദികർക്കും സിസ്റ്റേഴ്സിനും വൈദികാർത്ഥികൾക്കും അല്മായ സഹോദരർക്കും, അതോടൊപ്പം തന്നെ എല്ലാ കാര്യങ്ങളും ഭംഗിയായി ക്രമീകരിച്ച ഡയറക്ടറച്ചന്മാർക്കും നന്ദിയർപ്പിക്കുന്നു. നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് ഏപ്രിൽ മാസം 18-ാം തീയതി മുതൽ 21-ാം തീയതി വരെ സെലക്ഷൻ ക്യാമ്പ് നടത്തപ്പെട്ടു. ക്യാമ്പിന് നേതൃത്വം നല്കിയവരെയും സഹായിച്ചവരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

**അൾത്താര ശുശ്രൂഷകരുടെ സംഗമം**

നെല്ലിക്കാംപൊയിൽ ഫൊറോനയിലെ അൾത്താരശുശ്രൂഷകരുടെ സംഗമം ഏപ്രിൽ 15-ാം തീയതി ബുധനാഴ്ച നെല്ലിക്കാംപൊയിൽ നടത്തപ്പെട്ടു. ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നും 130 അൾത്താരശുശ്രൂഷകർ പങ്കെടുത്തു.

**ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. തോമസ് മേൽവെട്ടത്ത്**
*റെക്ടർ*
9447853524

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബഹു. വൈദികരും സിസ്റ്റേഴ്സും പ്രധാനാധ്യാപകരും വിശ്വാസപരിശീലകരും മാതാപിതാക്കളും നൽകുന്ന നിസ്വാർത്ഥമായ സേവനങ്ങൾക്ക് നന്ദി പറയുന്നു. പുതിയ പ്രവർത്തനവർഷം കൂടുതൽ ഫലപ്രദമാക്കുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റും ബഹു. വൈദികരും സിസ്റ്റേഴ്സും വിശ്വാസപരിശീലകരും മാതാപിതാക്കളും കുട്ടികളും ഒരുമനസ്സോടെ പരിശ്രമിച്ചുകൊണ്ട് തിരുസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഈ ദൗത്യം വിജയകരമാക്കാം.

**1. ASPCT പരീക്ഷ വിജയികൾ**

മാർച്ച് 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 മണിവരെ വിശ്വാസപരിശീലകർക്കായി എഴുത്തുപരീക്ഷ നടത്തി. മോളി മാത്യു കാരക്കടയിൽ, ജയഗിരി ഒന്നാം റാങ്കിനും, സി. റെജി ജോർജ് ഡി.എം, പാടാംകവല രണ്ടാം റാങ്കിനും, ബിൻസി ജോസഫ് വല്ലനാട്ട്, വിജയഗിരി മൂന്നാം റാങ്കിനും, സിന്ധു ജോസഫ് ആനകുഴിക്കൽ, എടത്തൊട്ടി, ബാബു പതിപ്പള്ളിൽ, കണ്ണൂർ എന്നിവർ നാലാം റാങ്കിനും അർഹരായി. വിജയികൾക്ക് അഭിനന്ദനങ്ങൾ. സന്ദേശഭവനിൽവച്ച് നടത്തിയ ആസ്പെക്ട് ഉത്തരക്കടലാസ് മൂല്യനിർണ്ണയത്തിന് സഹകരിച്ച സി. ലിൻസ മരിയ സിഎച്ച്എഫിന് നന്ദി.

**2. സഭാവിജ്ഞാനീയ ക്വിസ് വിജയികൾ**

വിശ്വാസപരിശീലകർക്കുവേണ്ടിയുള്ള സഭാവിജ്ഞാനീയ ക്വിസ് മാർച്ച് 20 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3.30 വരെ തളിപ്പറമ്പിൽവച്ച് നടത്തി. മോളി മാത്യു കാരക്കടയിൽ, ജയഗിരി ഒന്നാം റാങ്കിനും, ജോസഫ് കലയത്തിനാംകുഴി, കരിക്കോട്ടക്കരി രണ്ടാം റാങ്കിനും, ബിൻസി ജോസഫ് വല്ലനാട്ട്, വിജയഗിരി മൂന്നാം റാങ്കിനും, സിബി ജോസഫ് ഇലവുംകുന്നേൽ, ആലക്കോട്, ശ്രിജിൽ ജോസഫ് വടകര, കാഞ്ഞിരടുക്കം എന്നിവർ നാലാം റാങ്കിനും അർഹരായി.

**3. വിശ്വാസോത്സവം - നന്ദി :** 2026 ഏപ്രിൽ 6,7,8,10 തീയതികളിൽ നടത്തി. ഏപ്രിൽ 6 ന് പേരാവൂർ സെന്റ് ജോസഫ് ആർക്കി എപ്പിസ്കോപ്പൽ പള്ളി യിൽവെച്ച് മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അതിരൂപതാതലത്തിൽ വിശ്വാസോത്സവം ഉദ്ഘാടനം ചെയ്തു. വിശ്വാസോത്സവം വിജയകരമാക്കാൻ സഹകരിച്ച എല്ലാ ബഹു. വികാരി യച്ചൻമാർക്കും പ്രധാനാധ്യാപകർക്കും, വിശ്വാസപരിശീലകർക്കും നന്ദി.

**4. വിശ്വാസോത്സവ ആൽബം**

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. **വിഷയം: സമുദായ ശക്തീകരണം.**

ആൽബത്തിൽ സമുദായ ശക്തീകരണത്തെ ആസ്പദമാക്കിയുള്ള ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് etc. ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

ശ്രദ്ധിക്കുക: ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. ആൽബം 50 പേജിൽ കൂടാൻ പാടില്ല. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കാം. എന്നാൽ അവ 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം **ഏപ്രിൽ 26–ന്** ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ **മെയ് 03–ന്** മുമ്പായി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

**5. വാർഷികപരീക്ഷ ക്ലാസ്സ് I - XI - നന്ദി**

1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 9.30 മണി മുതൽ 11.30 മണിവരെ നടത്തി. പരീക്ഷ വിജയകരമാക്കാൻ സഹകരിച്ച എല്ലാ ബഹു. വികാരിയ ച്ചന്മാർക്കും പ്രധാനാധ്യാപകർക്കും, വിശ്വാസപരിശീലകർക്കും, സൂപ്പർവൈ സേഴ്സിനും നന്ദി.

**6. അവധിക്കാല വേദപാഠം - നന്ദി**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടി കൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 13 മുതൽ 17 വരെ സന്ദേശഭവനിൽ വച്ച് നടത്തി. 115 കുട്ടികൾ ക്ലാസ്സിൽ പങ്കെടുത്തു. ക്ലാസ്സുകൾ എടുത്ത് സഹായിച്ച സി. ലിൻസി എസ്എച്ച്, സി. ടെസ്മി എഫ്സിസി, സി. ലിസറ്റ് എൻഎസ്, സി. ലിൻസ മരിയ സിഎച്ച്

എഫ്, സി. റോസ്ന കോവാട്ട് എസ്എച്ച്, സി. ജോസ്ന എസ്എച്ച്, സി. ലിസി പോൾ എംഎസ്എംഐ, സി. ദീപ്തി സിഎംസി എന്നിവർക്ക് നന്ദി.

**7. 2026 മതബോധന ഞായർ – മെയ് 31**

2026–2027 പ്രവർത്തനവർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ മെയ് 31–ന് ഞായറാഴ്ച ആരംഭിക്കുന്നു. അന്നേദിവസം സൺഡേസ്കൂൾ തലത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനം ആഘോഷമായി സംഘടിപ്പിക്കുന്നത് ഉചിതമാണ്.

**8. സ്റ്റാഫ് മീറ്റിംഗ് :** സൺഡേസ്കൂൾ പ്രവർത്തനവർഷാരംഭത്തിനുമുമ്പായി ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ക്ലാസ്സ് ഫിക്സേഷൻ നടത്തി പുതിയ അധ്യയനവർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കണം.

**9. പ്രവേശനോത്സവം :** 2026–2027 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ പ്രവേശനോത്സവം മെയ് 31 ഞായറാഴ്ചയോ ജൂൺ 07 ഞായറാഴ്ചയോ ആഘോഷമായി നടത്തേണ്ടതാണ്.

**10. ഫൊറോന കമ്മിറ്റി :** ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**11. പാഠപുസ്തക – ഉപപാഠപുസ്തക വിതരണം**

1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഉപപാഠപുസ്തകങ്ങളും ജൂൺ 9 മുതൽ ജൂൺ 12 വരെയുള്ള തീയതികളിൽ ഫൊറോന അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്. മെയ് 31, ജൂൺ 7 ഞായറാഴ്ചകളിൽതന്നെ ആവശ്യമായ പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും എണ്ണം ശേഖരിക്കേണ്ടതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ബഹു. ഫൊറോന പ്രസിഡണ്ടിനെ അറിയിക്കണം. ഫൊറോന പ്രസിഡണ്ടും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്കാവശ്യമായ പുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്. 2026–2027 പ്രവർത്തനവർഷത്തിൽ 11, 12 ക്ലാസ്സുകളിലെ ഉപപാഠപുസ്തകങ്ങൾ മാറുന്നതാണ്.

**12. പാഠപുസ്തകങ്ങളുടെ വില**

| | | |
|---|---|---|
| ബൈബിൾ നഴ്സറി | : | 50 രൂപ |
| ക്ലാസ്സ് I - VII | : | 50 രൂപ |
| ക്ലാസ്സ് VIII - XII | : | 55 രൂപ |

| | | |
|---|---|---|
| ഇംഗ്ലീഷ് പുസ്തകങ്ങൾ | : | 55 രൂപ |
| ഉപപാഠപുസ്തകങ്ങൾ I - VII | : | 30 രൂപ |
| ഉപപാഠപുസ്തകങ്ങൾ VII - XII | : | 35 രൂപ |

**13. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് – മെയ് 30 ശനി**

2026–2027 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടത്തുന്നു. കോൺഫറൻസ് മെയ് 30 ശനിയാഴ്ച രാവിലെ 9:30 ന് ആരംഭിച്ച് ഉച്ചയ്ക്കുശേഷം 3:00 മണിക്ക് സമാപിക്കുന്നതാണ്. കോൺഫറൻസിൽവെച്ച് വിശ്വാസപരിശീലനമേഖലയിൽ 25, 50 വർഷങ്ങൾ പൂർത്തിയാക്കിയവരെ ആദരിക്കുന്നു. കൂടാതെ 2025–2026 പ്രവർത്തനവർഷത്തെ വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ എന്നിവ വിതരണം ചെയ്യുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുക്കുന്ന കോൺഫറൻസിൽ എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**14. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്**

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

**സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

**15. ജൂബിലി**

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** മെയ് 10-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**16. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് (വി. കുർബാന + വിശ്വാസ പരിശീലനം) വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടി

കളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് 10-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**17. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് 10-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

**18. റിട്ടയർമെന്റ്**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

**19. ആമുഖസെമിനാർ ജൂൺ 26-28**

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂൺ 26 മുതൽ 28 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂൺ മാസം 26-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1400/- രൂപയായിരിക്കും.

**20. നന്ദി, നല്ല അവധിക്കാലം**

2025-2026 അധ്യയനവർഷം അനുഗ്രഹപ്രദമാക്കുവാൻ സഹായിച്ച ബഹു. വികാരിയച്ചൻമാർക്കും കൊച്ചച്ചൻമാർക്കും സിസ്റ്റേഴ്സിനും ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവ് നൽകുന്ന പരിപാടികൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും നല്ല അവധിക്കാലം ആശംസിക്കുന്നു.

**21. ഡയറക്ടറച്ചന്റെ സന്ദർശനം:** ഡയറക്ടറച്ചൻ പേരാവൂർ, കല്ലുമുതിരക്കുന്ന്, കൊളക്കാട്, ഭീമനടി, വെള്ളരിക്കുണ്ട്, രാജമുടി എന്നീ സൺഡേസ്കൂളുകളിൽ സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**അഡ്മിഷൻ ആരംഭം**

ആൽഫ സെന്ററിന്റെ കീഴിലുള്ള Tely- Alpha Centre for Religious Science –ന്റെ Online ദൈവശാസ്ത്ര diploma, degree, P.G. കോഴ്സുകളിലേക്കും Alpha Higher Institute of Religious Science ന്റെ ദൈവശാസ്ത്ര ബിരുദത്തിന്റെ റെഗുലർ കോഴ്സുകളിലേക്കും അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

ഓൺലൈൻ കോഴ്സുകൾ സംബന്ധിച്ച് അറിയാൻ : **8086312826**

റെഗുലർ കോഴ്സ് സംബന്ധിച്ച് : **7306555653**

**ബൈബിൾ വിതരണം**

ഓരോ ഇടവകയ്ക്കുമുള്ള സബ്സിഡി ബൈബിളുകളും പരിഷ്കരിച്ച സമ്പൂർണ്ണ ബൈബിളും വലിയ അക്ഷരത്തിലുള്ള സമ്പൂർണ്ണ ബൈബിളും ഓഫീസിൽ ലഭ്യമാണ്.

സബ്സിഡി ബൈബിൾ – Rs : 330 (ചെറിയ ഇടവകകൾക്ക് 4 കോപ്പിയും വലിയ ഇടവകകൾക്ക് 5 കോപ്പി വീതവും).

പരിഷ്കരിച്ച ബൈബിൾ – Rs : 550

വലിയ അക്ഷരം (പഴയപതിപ്പ്) – Rs : 600

സബ്സിഡി ബൈബിളുകൾ ആവശ്യമുള്ള ഇടവകകൾ മെയ് 31 ന് മുൻപായി അവ വാങ്ങാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ, ബൈബിൾ അപ്പൊസ്റ്റോലേറ്റ്*

**ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളി**
*അസി. ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

വിണ്ണിലെ മഹത്വം ഏറ്റുവാങ്ങി മണ്ണിനെ വിണ്ണിന്റെ അതിസ്വാഭാവിക തലത്തിലേക്ക് ഉയർത്തിയ പരിശുദ്ധ അമ്മയുടെയും; ജന്മംകൊണ്ട് മഹത്വമാർന്നവനായ വി. യൗസേപ്പിതാവിന്റെയും; ത്യാഗത്തിന്റെ സുന്ദരഭാവങ്ങളെ പുൽകി ജീവിതത്തെ പുണ്യംകൊണ്ട് പൂവണിയിച്ച് ഈശോയുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ച വി. ഡൊമിനിക് സാവിയോയുടെയും തിരുനാൾ നാം ആഘോഷിക്കുന്ന ഈ മാസത്തിൽ എല്ലാവർക്കും തിരുന്നാൾ മംഗളങ്ങൾ... കൂടാതെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുമിഷനറിമാരുടെ കർമ്മ നിരതമായ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു എന്നു പറയുന്നതിൽ സംശയമില്ല. സ്നേഹമുള്ള കുഞ്ഞുമക്കളേ, “ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്...” എന്ന 2025-26 വർഷത്തെ ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് വച്ച് ത്യാഗോജ്ജ്വലമായ പ്രവർത്തനം കാഴ്ച്ചവെച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : വി. യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ഡൊമിനിക് സാവിയോ |
| പ്രാർത്ഥനാനിയോഗം | : എല്ലാ തൊഴിലാളികളെയും ഓർക്കുന്നു. |
| സുകൃത ജപം | : ഉദയനക്ഷത്രമായ പരി. മാതാവേ ഞങ്ങളുടെ ജീവിതങ്ങളെ പ്രത്യാശപൂർണ്ണമാക്കണമെ. |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 01 വെള്ളി | : | തൊഴിലാളിദിനം |
| 10 ഞായർ | : | ദൈവവിളി ദിനം, പൊതുദിവ്യകാരുണ്യസ്വീകരണം |
| 21 വ്യാഴം | : | തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റ് തോമസ് തോണിപ്പാറ സാറിന്റെ 11-ാം ചരമവാർഷികം |

**2. മേഖലകൾ ശ്രദ്ധിക്കാൻ :** എക്സിക്യൂട്ടീവ്, മേഖലാ സീനിയർ - ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്, ശാഖാ - മേഖലാ വാർഷിക റിപ്പോർട്ടുകൾ മേഖലയിൽ ശേഖരിക്കുന്നു. അതിരൂപതാ മാനേജിംഗ് കമ്മറ്റി, എയ്ഞ്ചൽസ് മീറ്റ്

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2025-26 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെയും, തിരുബാലസഖ്യത്തിന്റെയും ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 5-ാം തീയതിയോടെ അവരവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

**4. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്**

- 2025-26 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽനിന്നും രണ്ടെണ്ണം വീതം മേഖലകളിൽ വാങ്ങിക്കുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10-ാം തീയതിയോടെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തീയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- മേഖലാ വാർഷിക റിപ്പോർട്ടിന്റെ ഫോം എല്ലാ മേഖലകളിലും ലഭിച്ചു എന്ന് കരുതുന്നു. പ്രസ്തുത ഫോം പൂരിപ്പിച്ച് ജൂൺ 10-ാം തീയതി ശാഖാ - വാർഷിക റിപ്പോർട്ടുകൾ അതിരൂപതയിൽ എത്തിക്കുന്നതിന്റെ കൂടെ കൊണ്ടുവരണം എന്നകാര്യംകൂടി ഓർമ്മിപ്പിക്കട്ടെ.
- 2025-2026 പ്രവർത്തനവർഷത്തിൽ നിങ്ങളുടെ മേഖലകളിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച് 1,2,3, സ്ഥാനങ്ങൾ കരസ്ഥമാക്കിയവരുടെ ലിസ്റ്റും കൂടി ഡയറക്ടർ, പ്രസിഡന്റ് എന്നിവരുടെ ഒപ്പോടുകൂടി മേഖലാ വാർഷിക റിപ്പോർട്ട് തരുന്നകൂടെ തരണം എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

**5. ശാഖാ ഇലക്ഷൻ :** ചെറുപുഷ്പ മിഷൻലീഗിന്റെ 2026-2027 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ (ജൂനിയർ, സീനിയർ) തിരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തി എന്ന് കരുതുന്നു. അഥവാ ആർക്കെങ്കിലും തിരഞ്ഞെടുപ്പ് നടത്താൻ സാധിച്ചില്ല എങ്കിൽ ജൂൺ ആദ്യആഴ്ച അധ്യയനവർഷാരംഭത്തോടനുബന്ധിച്ച് നടത്തി ശാഖാ ഭാരവാഹികളുടെ പേര് എഴുതി അതിരൂപതയിലേക്ക് തരാനുള്ള ഫോമിൽ എഴുതി ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. ശാഖാ വൈസ് ഡയറക്ടേഴ്സ് ഈ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

**6. അതിരൂപതാ മാനേജിംഗ് കമ്മറ്റി :** ഈ വർഷത്തെ അതിരൂപതാ മാനേജിംഗ് കമ്മറ്റി മെയ് 16-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നതായിരിക്കും എന്ന കാര്യം ഓർമിപ്പിക്കട്ടെ. **ചെമ്പേരി വിമൽജ്യോതി എൻജിനിയറിംഗ് കോളേജിൽ വച്ച്** രാവിലെ രജിസ്ട്രേഷനോടെ ആരംഭിക്കുന്നതാണ്. എല്ലാ മേഖലകളിലെയും മാനേജിംഗ് കമ്മറ്റി അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

**7. എയ്ഞ്ചൽസ് മീറ്റ് :** ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. ഈ മാസം ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ഓരോ മേഖലയ്ക്കും ആവശ്യമായ എണ്ണം ഓഫീസിൽ അറിയിക്കുമല്ലോ.

**8. ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും**

ചെറുപുഷ്പ മിഷൻലീഗ് 2026 - 2027 പ്രവർത്തന വർഷ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും **ജൂൺ 6-ാം തിയതി ശനിയാഴ്ച** രാവിലെ 9.15 ന് വി. കുർബാനയോടുകൂടി ആരംഭിക്കും. മിഷൻലീഗ് - തിരുബാല സഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. അന്നേദിവസം വിവിധ മത്സരങ്ങൾക്ക് വിജയികളായവർക്കും, സ്കോളർഷിപ്പിന് അർഹരായവർക്കും സമ്മാനങ്ങൾ നൽകുന്നതായിരിക്കും. എല്ലാ വൈസ്ഡയറക്ടേഴ്സും, ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. മീറ്റിംഗിനെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**9. അതിരൂപതാതല എം.റ്റി.സി. ക്യാമ്പ് :** 2026 ഏപ്രിൽ 15 മുതൽ 18 വരെ മാങ്ങോട് ശാഖയിൽ വെച്ച് നടന്ന അതിരൂപതാതല എം റ്റി സി ക്യാമ്പ് ഫൊറോന വികാരി റവ. ഫാ. തോമസ് വടക്കേമുറി ഉദ്ഘാടനം ചെയ്തു. ഏപ്രിൽ 15 ന് വൈകുന്നേരം 6.30 ന് അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ

ചെന്നിക്കര അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ ക്യാമ്പിനെക്കുറിച്ച് അവലോകനം ചെയ്ത് സംസാരിച്ചു.

19 മേഖലകളിൽ നിന്നുമായി ക്യാമ്പിൽ പങ്കെടുത്ത 114 കുട്ടികളിൽ നിന്ന് 38 കുട്ടികളെ മിഷൻ ഗ്രാമ സന്ദർശനത്തിനായി തിരഞ്ഞെടുക്കപ്പെട്ടു. ക്യാമ്പിന്റെ വിജയത്തിനായി എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ചെയ്തുതന്ന മാങ്ങോട് ഇടവക വികാരി ബഹു. മനോജ് കൊച്ചു പുരയ്ക്കൽ അച്ചനും, അസി. വികാരി മെൽവിൻ വടക്കൻ അച്ചനും സിസ്റ്റേഴ്സിനും, ഇടവകാംഗങ്ങൾക്കും, മേഖല ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

**10. എം.റ്റി.സി. മിഷൻ തീർത്ഥയാത്ര**

ഏപ്രിൽ 15 മുതൽ 18 വരെ മാങ്ങോട് വച്ച് നടന്ന അതിരൂപതാ എം റ്റി സി ക്യാമ്പിൽ നിന്നും തിരഞ്ഞെടുത്ത 38 കുട്ടികളെ ഏപ്രിൽ 21 – ഏപ്രിൽ 26 വരെ തെലുങ്കാന മിഷനിലേക്ക് തീർത്ഥാടനം കൊണ്ടുപോകുന്നു.

**11. മേഖലാ സന്ദർശനങ്ങൾ**

- 23.03.2026 ന് നെല്ലിക്കാംപൊയിൽ, മണിക്കടവ്, കുന്നോത്ത് മേഖലകൾ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.
- 25.03.2026 ന് വായാട്ടുപ്പറമ്പ, തളിപ്പറമ്പ, മേരിഗിരി, ചെറുപുഴ മേഖലകൾ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.
- 17.04.2026 ന് എടൂർ മേഖല അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

**12. മേഖലാ കൗൺസിൽ വാർഷികം**

- 07.04.2026 ന് കുന്നോത്ത് മേഖലാ കൗൺസിൽ – വാർഷികം നടന്നു.
- 13.04.2026 ന് ചെറുപുഴ മേഖല കൗൺസിൽ – വാർഷികം നടന്നു.
- 20.04.2026 ന് മേരിഗിരി മേഖല കൗൺസിൽ – വാർഷികം നടന്നു.

**13. സെമിനാറുകൾ, ക്ലാസ്സുകൾ**

- 08.04.2026 ന് പനത്തടി ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ സെമിനാർ നടത്തി.
- 12.04.2026 ന് ആലക്കോട് മേഖല എം ടി സി ക്യാമ്പിലെ കുട്ടികൾക്ക് ശ്രീ. ബേബി പ്ലാശ്ശേരി സെമിനാർ നടത്തി.
- 13.04.2026 ന് വെള്ളരിക്കുണ്ട് ശാഖയിൽ ക്യാമ്പിൽ ശ്രീ. ഷിജോ സ്രായിൽ പങ്കെടുത്തു.
- 17.04.2026 ന് കാഞ്ഞങ്ങാട് മേഖല എം ടി സി ക്യാമ്പിലെ കുട്ടികൾക്ക് ശ്രീ. മനോജ് മുടവനാട്ട് സെമിനാർ നടത്തി.
- 30.03.2025 ന് ചെമ്പന്തൊട്ടി മേഖല എം ടി സി ക്യാമ്പിന് അതിരൂപത ഡയറക്ടർ പങ്കെടുത്തു.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*



# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈ അവധിക്കാലത്ത് കളികളുടെയും ആഘോഷങ്ങളുടെയും തിരക്കിനിടയിലും ഈശോയുടെ ഹൃദയ ഗുണങ്ങൾ സ്വന്തമാക്കി ഉണ്ണീശോയുടെ സ്നേഹിതരായി മാറാൻ എല്ലാ കൊച്ചു കൂട്ടുകാർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു... ആശംസിക്കുന്നു. അതോടൊപ്പം കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞു കൂട്ടുകാരുടെ അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴ മായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ തിരുബാല സഖ്യം സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു. പ്രിയപ്പെട്ട ആനിമേറ്റേഴ്സ്, കുഞ്ഞുമക്കളേ, തീക്ഷ്ണതയോടെ പ്രവർത്തിച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു...

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
അനുസ്മരിക്കുന്ന വിശുദ്ധർ : വി. ഡൊമിക്ക് സാവിയോ
പ്രാർത്ഥനാനിയോഗം : തൊഴിലാളികൾക്കുവേണ്ടി
സുകൃതജപം : കർത്താവേ ദാവീദിന്റെ പുത്രാ പാപിയായ എന്നിൽ കനിയണമേ.
വചനം : വത്സല മക്കളെപ്പോലെ നിങ്ങൾ ദൈവത്തെ അനുസരിക്കുന്നവരാകുവിൻ (എഫേ 5:1)
പ്രവൃത്തി : പരിശുദ്ധ അമ്മയെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുക.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 വെള്ളി : തൊഴിലാളിദിനം

### 3. ഈശോയെപ്പോലെ വളരാം .... വലുതാകാം.

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം എന്ന 2026-27 വർഷത്തെ വർക്കുബുക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്കുബുക്കിന്റെ തുടർച്ചയായിട്ടാണ് നൽകുന്നത്. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും വിശ്വാസ പരിശീലന ബുക്കിന്റെ കൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹുമാനപ്പെട്ട ആനിമെറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ഓരോ ശാഖയിലേക്കും വേണ്ട ബുക്കുകളുടെ എണ്ണം ഈ മാസം തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. പുസ്തകത്തിന്റെ വില 35 രൂപ ആയിരിക്കും.

### 3. തിരുബാലസഖ്യം മാർഗ്ഗരേഖ

തിരുബാലസഖ്യം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 2026-27 പ്രവർത്തനവർഷ മാർഗ്ഗരേഖതിരുബാലസഖ്യം വർക്കുബുക്കിനോടൊപ്പം നൽകുന്നതായിരിക്കും. തിരുബാലസഖ്യപ്രവർത്തനങ്ങളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും മാർഗ്ഗരേഖയിൽ ആണ് നൽകിയിരിക്കുന്നത്.

### 4. ശാഖാ ആനിമെറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്

2026-27 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും തിരുബാലസഖ്യത്തിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമിപ്പിക്കുന്നു.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്തൊലേറ്റ്

''സമ്പൂർണ്ണ ജ്ഞാനംകൊണ്ടു സ്രഷ്ടാവിന്റെ പ്രതിച്ഛായയ്ക്കനുസ്വതമായി നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ.'' (കോളോസോസ് 3:10)

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമെറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**യൂണിറ്റുകൾ / മേഖലകൾ ശ്രദ്ധിക്കാൻ**

മേയ് 01 - തൊഴിലാളി ദിനം
തൊഴിലാളികളെ ആദരിക്കൽ

മേയ് 12 - നേഴ്സസ് ദിനം

മേയ് 15 - ദേവസഹായംപിള്ളയുടെ തിരുനാൾ ദിനം

## Second Sunday Youth Sunday - March Star Perform Forane

* വായാട്ടുപറമ്പ്
* മണിക്കടവ്
* തളിപ്പറമ്പ്
* പൈസക്കരി
* കാസർഗോഡ്
* നെല്ലിക്കാംപൊയിൽ
* വെള്ളരിക്കുണ്ട്

## Next Gen (Training Of Trainers -TOT)

മാർച്ച് 21, 22 തീയതികളിൽ സാൻജോസ് മെട്രോപ്പൊളിറ്റൻ സ്കൂളിൽ വച്ചു **TOT** സംഘടിപ്പിക്കപ്പെട്ടു. സെക്ഷൻ കൈകാര്യം ചെയ്തത് Mr. Arun Jose (Motivational Speaker & Corporate Trainer) ആണ്. തലശ്ശേരി ആതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി യുവജനങ്ങളുമായി സംവദിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ല കളിൽനിന്നായി ഏകദേശം മുപ്പതോളം യുവജനങ്ങൾ സംബന്ധിച്ചു.

**അൻപതിൽ അൻപത് കാരുണ്യപ്രവർത്തികൾ (50/50)**

സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തു തന്നത് (മത്തായി 25/40). 50 നോമ്പിന്റെ

നിറവിൽ, 50 ദിവസങ്ങളിൽ, അതിരൂപത സമിതി നേതൃത്വം കൊടുത്ത 50 സ്നേഹസ്പർശങ്ങൾ ഫൊറോന, യൂണിറ്റ് സമിതികളുടെ സഹകരണത്തോടെ വിജയകരമായി പൂർത്തിയാക്കി. ഈ പദ്ധതിയോട് സഹകരിച്ച ഫൊറോനകളിലെ (കുന്നോത്ത്, തോമാപുരം, മണിക്കടവ്, കാസർഗോഡ്, ചെറുപുഴ, ചെമ്പേരി, മേരിഗിരി, കാഞ്ഞങ്ങാട്, എടൂർ, നെല്ലിക്കാംപൊയിൽ, തോമാപുരം, തളിപ്പറമ്പ്) യൂണിറ്റുകളിലെ (കരുവഞ്ചാൽ, ബിരിക്കുളം, കണ്ണൂർ, വെള്ളാട്, ഉളിക്കൽ, വെള്ളരിക്കുണ്ട്, കുട്ടാപ്പറമ്പ്, പൊയിനാച്ചി, വായാട്ടുപറമ്പ്, മാട്ടറ, കണിച്ചാർ, രണ്ടാംകടവ്, പൊട്ടംപ്ലാവ്, കത്തീഡ്രൽ, കുമ്പള, കരയത്തുംചാൽ, നെല്ലിക്കാംപൊയിൽ, കാപ്പിമല, മഞ്ഞളാംപുറം, മണിക്കടവ്, നടുവിൽ, തേർമല, തടിക്കടവ്, ചാവറഗിരി, മണിപ്പാറ, പടുപ്പ്, തളിപ്പറമ്പ്, കാര്യപ്പള്ളി, മെലേചൊവ്വ, താബോർ) ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാർക്കും പ്രസിഡന്റുമാർക്കും എല്ലാ യുവജന സുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ നന്ദി.

**തീരദേശ പഠനക്യാമ്പ്**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ പെരിയാട്ടടുക്കം സെന്റ് മേരീസ് സ്കൂളിൽ വച്ച് കാസർഗോഡ് ഫൊറോനയുടെ ആതിഥേയത്വത്തിൽ ഏപ്രിൽ 17,18,19 തീയതികളിൽ തീരദേശക്യാമ്പ് സംഘടിപ്പിച്ചു. ഡി.വൈ.എസ്.പി സിബി തോമസ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ക്യാമ്പ് മനോഹരമാക്കി മാറ്റിയ കാസർഗോഡ് ഫൊറോന പ്രസിഡന്റ് ശ്രീ. ആൽവിൻ കൊട്ടുകാപ്പള്ളിക്കും ഫൊറോന ഡയറക്ടർ ആശിഷ് അച്ചനും കാസർഗോഡ് ഫൊറോന സമിതിക്കും തീരദേശക്യാമ്പിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് തന്ന പെരിയാട്ടടുക്കം സെന്റ് മേരീസ് സ്കൂൾ മാനേജ്മെന്റിനും പെരിയ യൂണിറ്റിനും ക്യാമ്പ് വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച എല്ലാവർക്കും തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**പ്രതിഷേധം**

ക്രൈസ്തവരുടെ ഏറ്റവും വിശുദ്ധവും ആത്മീയപരമായ പ്രാധാന്യമുള്ള ഓശാന, പെസഹ, ഈസ്റ്റർ ദിനങ്ങളിൽ ഇലക്ഷൻ ട്രെയിനിങ്, ദേശീയ പ്രവേശനപരീക്ഷ എന്നിവ നിശ്ചയിച്ചതിനെതിരെ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധിച്ചു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

പ്രിയപ്പെട്ടവരെ,

മെയ് മാസം നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട താണ്. തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനം നമ്മുടെ അതിരൂപതാ ദിനം കൂടിയാണല്ലോ. കുടുംബത്തിലെ വ്യത്യസ്തമായ തൊഴിൽ മേഖലകളെ ദൈവത്തിന് സമർപ്പിച്ച് യൗസേ പ്പിതാവിനെപ്പോലെ തൊഴിലിനെ ആരാധനയാക്കി മാറ്റാനുള്ള കൃപ ഓരോ വ്യക്തിക്കും ലഭിക്കുവാനായി പ്രാർത്ഥിക്കാം. ഒപ്പം നമ്മുടെ അതിരൂപതയ്ക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കാം. പരിശുദ്ധ അമ്മയുടെ വണക്കമാസം ചൊല്ലി അമ്മയുടെ ജീവിതത്തിലെ പുണ്യ ങ്ങൾ നമുക്കും പകർത്തിയെടുക്കാൻ പരിശ്രമിക്കാം. ഈ സമുദായ ശക്തീകരണ വർഷത്തിൽ വണക്കമാസം പോലെ, ഇന്ന് നഷ്ടമായി ക്കൊണ്ടിരിക്കുന്ന, പരമ്പരാഗത ആത്മീയ ആചാരങ്ങളെ നമ്മുക്ക് തിരികെപ്പിടിക്കാം.

## I. കുടുംബകൂട്ടായ്മ

കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യൂട്ടീവ് സമിതിയുടെ പ്രവർ ത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരും സഹകരിക്കുമല്ലോ.

### 1. ഇടവക എക്സിക്യൂട്ടീവ്

വികാരിയച്ചൻ (ചെയർമാൻ), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരീഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ് (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരിഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടാ യ്മകളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പി ക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

### 2. ഫൊറോന എക്സിക്യൂട്ടീവ്

ഫൊറോന വികാരിയച്ചൻ (ചെയർമാൻ), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റോലേറ്റ് മേഖല ഡയറ

ക്ടർ (പ്രസിഡന്റ്), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി, മാതൃവേദി മേഖല പ്രസിഡന്റ്, പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ.

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

**3. അതിരൂപതാ എക്സിക്യൂട്ടീവ്**

സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡന്റ്.

പ്രസ്തുത സമിതി ആവശ്യമായ സമയത്ത് സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡന്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**1. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.

**ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക**

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബ്ബാനയ്ക്ക് കൂടുന്നത്,

പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

g) കുടുംബ കൂട്ടായ്മ ആന്തം എല്ലാ കൂട്ടായ്മകളിലും ആലപിക്കുക.

h) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പസാരിപ്പിച്ച് വി. കുർബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

i) പ്രതിമാസ റിപ്പോർട്ടിന്റെ ഗൂഗിൾ ഫോം പൂരിപ്പിച്ച് അതാതുമാസം അതിരൂപതാ ഓഫീസിലേക്ക് അയക്കുക.

j) വിവിധ വാർഡ് കൂട്ടായ്മകളുടെ നേതൃത്വത്തിൽ അഗതിമന്ദിരങ്ങൾ സന്ദർശിച്ച് സേവനം നടത്തുകയും ഭക്ഷണസാധനങ്ങൾ, അവശ്യവസ്തുക്കൾ എന്നിവ നൽകുകയും ചെയ്യുക.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ഏപ്രിൽ 6-8 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 83 പേർ സംബന്ധിച്ചു. മാതാപിതാക്കൾക്കുള്ള ക്ലാസ്സുകൾ നൽകി. അതിൽ 65 പേർ പങ്കെടുത്തു. കോഴ്സിൽ പങ്കെടുത്ത 50 പേർക്ക് കൗൺസിലിംഗ് നൽകി.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 1000 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2026 | | | |
|---|---|---|---|
| May | 14-16 | (Thusday - Saturday) | Padannakkad |
| June | 18-20 | (Thusday - Saturday) | Thalassery |
| July | 16-18 | (Thusday - Saturday) | Padannakkad |
| August | 13-15 | (Thusday - Saturday) | Thalassery |
| September | 17-19 | (Thusday - Saturday) | Padannakkad |
| October | 15-17 | (Thusday - Saturday) | Thalassery |

| | | | |
|---|---|---|---|
| November | 03-05 | (Tuesday - Thursday) | Padannakkad |
| November | 16-18 | (Monday - Wednesday) | Thalassery |
| December | 07-09 | (Monday - Wednesday) | Padannakkad |
| December | 28-30 | (Monday - Wednesday) | Thalassery |

## III. മാതൃവേദി

### a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് നടത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

### b) സീറോ മലബാർ സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് ചെറുപുഴ, തോമാപുരം മേഖലകളിൽ ഏപ്രിൽ 15, 18 തീയതികളിലായി ജ്വാല പ്രോഗ്രാം നടത്തപ്പെട്ടു. ചെറുപുഴ മേഖലയുടേത് പാടിയോട്ടുചാൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വെച്ചും, തോമാപുരം മേഖല യുടേത് തയ്യേനി ലൂർദ്ദ്മാതാ ദൈവാലയത്തിൽ വെച്ചും നടത്തി. പ്രസി ഡന്റുമാരുടെ അധ്യക്ഷതയിൽ ചേർന്ന യോഗം പാടിയോട്ടുചാൽ വികാരി ഫാ. മാത്യു കല്ലുങ്കലും, തോമാപുരം ഫൊറോന വികാരി വെരി. റവ. ഡോ. മാണി മേൽവെട്ടവും ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ചെറുപുഴ മേഖല ഡയറക്ടർ ഫാ. ജോസഫ് കോയിപ്പുറവും, തോമാപുരം മേഖല ഡയറക്ടർ ഫാ. തോമസ് മേനപ്പാട്ടുപടിക്കലും അനുഗ്രഹപ്രഭാഷണം നട ത്തി. അതിരൂപത ആനിമേറ്റർ, അതിരൂപത ഭാരവാഹികൾ, മേഖല ഡയറ ക്ടർ, ആനിമേറ്റർ, ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. 'അമ്മ മാർ കൂട്ടായ്മയുടെ സംരക്ഷകർ' എന്ന വിഷയത്തെ ആസ്പദമാക്കി അതി രൂപത ഡയറക്ടർ ക്ലാസ് എടുത്തു. തുടർന്ന് അമ്മമാരുടെ വിവിധങ്ങളായ കലാപരിപാടികളും ജ്വാല പ്രോഗ്രാമിന് മിഴിവേകി. വിവിധ മത്സരങ്ങളിൽ വിജയികൾ ആയവർക്ക് സമ്മാനങ്ങൾ നൽകി. യൂണിറ്റ് മേഖല ഭാരവാഹി കളുടെ സജീവ സാന്നിധ്യം പ്രോഗ്രാമിനെ വിജയത്തിൽ എത്തിച്ചു.

### c) പ്രീസ്റ്റ് ഹോം ഈസ്റ്റർ ആഘോഷം

2026 – ലെ മാതൃവേദിയുടെ അതിരൂപതാതല ഈസ്റ്റർ ആഘോഷം ഏപ്രിൽ 14 ന് പ്രീസ്റ്റ് ഹോമിൽ വെച്ച് ചെമ്പന്തൊട്ടി മേഖലയുടെ സഹകര ണത്തോടെ നടത്തി. ചെമ്പന്തൊട്ടി മേഖലയ്ക്ക് കീഴിലുള്ള ഓരോ യൂണി റ്റിൽ നിന്നും അമ്മമാർ വിവിധങ്ങളായ ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കി കൊണ്ടുവന്ന് വിശ്രമജീവിതം നയിക്കുന്ന വൈദികർക്ക് വിളമ്പി നൽകി. അതിരൂപത ഡയറക്ടറും, ചെമ്പന്തൊട്ടി മേഖലാ ഡയറക്ടർ കുര്യാക്കോസ് ഓരത്തേൽ അച്ചനും ഈസ്റ്റർ ആശംസകൾ നേർന്നു. അതിരൂപത ഭാരവാ ഹികളോടൊപ്പം ചെമ്പന്തൊട്ടി മേഖലയിലെ വിവിധ ഇടവകകളിൽ നിന്നായി വികാരിയച്ചൻമാരും ആനിമേറ്റേഴ്സ് സിസ്റ്റർമാരും ഉൾപ്പടെ 30 ഓളം പേര് സംബന്ധിച്ചു.

**d) മാർച്ച് 27 നാൽപതാം വെള്ളി പരിഹാര പ്രദക്ഷിണം**

അതിരൂപതാ തലത്തിൽ വിവിധ കേന്ദ്രങ്ങളിൽ നിന്നായി ചെറുപുഴ ഫൊറോന ദൈവാലയത്തിലേക്ക് മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കുരിശിന്റെ വഴിയിൽ ആയിരക്കണക്കിന് അമ്മമാർ കുരിശെടുത്തും, പ്ലോട്ടുകൾ അവതരിപ്പിച്ചും പങ്കെടുത്ത് ദണ്ഡ വിമോചനം പ്രാപിച്ചു.

**e) ഗ്ലോബൽ മാതൃവേദി ഓൺലൈൻ ജപമാല**

ഗ്ലോബൽ മാതൃവേദിയുടെ നേതൃത്വത്തിൽ എല്ലാരൂപതകളെയും ചേർത്ത് കൊണ്ട് ഓൺലൈൻ ജപമാല നടത്തപ്പെടുകയുണ്ടായി. ഏപ്രിൽ മാസത്തെ ജപമാലയ്ക്ക് തലശ്ശേരി അതിരൂപത ടീം നേതൃത്വം നൽകി. ഡയറക്ടർ, ആനിമേറ്റർ ഉൾപ്പെടെ എല്ലാ അതിരൂപതാ ഭാരവാഹികളും ജപമാലയിൽ തങ്ങളുടേതായ പങ്ക് നിർവഹിച്ചു.

**2026 മെയ് മാസത്തെ പ്രവർത്തന മാർഗ്ഗരേഖ**

1 - മാതാവിന്റെ വണക്കമാസം ചൊല്ലി പ്രാർത്ഥിക്കുക.
- തൊഴിലാളി മധ്യസ്ഥൻ വി. യൗസേപ്പിതാവിന്റെ തിരുനാൾ - അതിരൂപതയ്ക്കും അഭിവന്ദ്യപിതാവിനുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

6 - വി. ഡൊമിനിക് സാവിയോയുടെ തിരുനാൾ - അൾത്താര ബാലന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുക.

10 - മാതൃദിനം. അതിരൂപതാതല ആഘോഷം @ കരിക്കോട്ടക്കരി

12 - അന്താരാഷ്ട്ര നഴ്‌സസ് ദിനം - ഓരോ യൂണിറ്റിലേയും നഴ്‌സുമാരെ ആദരിക്കുക.

14 - കർത്താവിന്റെ സ്വർഗ്ഗാരോഹണം - വി. ബലിയർപ്പണത്തിൽ പങ്കുചേരുക.

14-16 - MPC @ പടന്നക്കാട്

15 - അന്താരാഷ്ട്ര കുടുംബദിനം. സ്വന്തം കുടുംബത്തിൽ സമുചിതമായി ആഘോഷിക്കുക. അതിരൂപതാതല ആഘോഷം @ പടന്നക്കാട്

20 - അതിരൂപതാ ജനറൽ ബോഡി @ തളിപ്പറമ്പ്. അഭിവന്ദ്യ പിതാവിനോടൊപ്പം നടത്തപ്പെടുന്ന ജനറൽ ബോഡിയിൽ 19 മേഖലകളിൽ നിന്നും ഡയറക്ടർ, ആനിമേറ്റർ, മേഖലാ ഭാരവാഹികൾ, യൂണിറ്റ് പ്രസിഡന്റുമാർ എന്നിവർ പങ്കെടുക്കുക. മെയ് 10 ന് മുമ്പായി ഓരോ മേഖലയിൽ നിന്നും പങ്കെടുക്കുന്നവരുടെ എണ്ണം ഫൊറോന പ്രസിഡന്റുമാരുടെ വാട്ട്സാപ്പ് ഗ്രൂപ്പിൽ അറിയിക്കുക. ആളൊന്നിന് 120 രൂപ വീതം നൽകേണ്ടതാണ്.

24 - പന്തക്കുസ്താതിരുനാൾ - കുടുംബാംഗങ്ങൾ ഒരുമിച്ച് പരിശുദ്ധാത്മാവിന്റെ ഗാനം ആലപിച്ച് പ്രാർത്ഥിച്ച് ആത്മാവിൽ ശക്തിപ്പെടുക.

27 - ജ്വാല @ കാഞ്ഞങ്ങാട്.

31 - പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ - മൂന്ന് പ്രാവശ്യം ത്രിത്വസ്തുതി ചൊല്ലുക.
- മാതാവിന്റെ സന്ദർശന തിരുനാൾ - യുണിറ്റിലെ ഗർഭിണികളായ സ്ത്രീകളെ സന്ദർശിച്ച് പ്രാർത്ഥിക്കുക.

## IV. അമല പ്രോലൈഫ്

**പ്രോലൈഫ് ദിനാഘോഷം:** കെസിബിസി പ്രോലൈഫ് സമിതിയുടെ 2026 ലെ സംസ്ഥാനതല പ്രോലൈഫ് ദിനാഘോഷം തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ പാസ്റ്ററിൽ സെന്ററിൽ വെച്ച് 25/03/2026 ന് നടന്നു. 'ജീവസംരക്ഷണം സാമൂഹ്യ നന്മയ്ക്ക്' എന്നതായിരുന്നു ഈ വർഷത്തെ ആപ്തവാക്യം. അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അർപ്പിച്ച ദിവ്യബലിയോട് കൂടി പരിപാടികൾക്ക് തുടക്കമായി.

കെസിബിസി പ്രോലൈഫ് സമിതി സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോൺസൺ ചൂരേപ്പറമ്പിൽ പതാക ഉയർത്തി. സുൽത്താൻ ബത്തേരി രൂപത ബിഷപ്പ് ജോസഫ് മാർ തോമസ് അധ്യക്ഷത വഹിച്ച പൊതുസമ്മേളനം തലശ്ശേരി അതിരൂപത ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. പ്രോലൈഫ് ദിനാഘോഷത്തിന്റെ ഓർമ്മയ്ക്കായി പിതാക്കൻമാർ വൃക്ഷത്തൈ നട്ടു.

പ്രോലൈഫ് സംസ്ഥാന സമിതി ചെയർമാൻ ബിഷപ് തോമസ് മാർ യൗസേബിയൂസ് ഓൺലൈൻ സന്ദേശം നൽകി. ഡയറക്ടർ ഫാ. ക്ലീറ്റസ് കതിർപ്പറമ്പിൽ, ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ചങ്ങാടൻ, ട്രഷറർ ടോമി പ്ലാത്തോട്ടം, തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ. ജോബി കോവാട്ട്, പ്രസിഡന്റ് ശ്രീ ലോറൻസ് കടിക്കാട്ട് എന്നിവർ പ്രസംഗിച്ചു.

'ജീവന്റെ സംരക്ഷണം സാമൂഹ്യ നന്മയ്ക്ക്' എന്ന വിഷയത്തിൽ ഡോ. ഫ്രാൻസിസ് ജെ ആറാടനും, 'ജീവനെ ഹനിക്കുന്ന ലഹരിയുടെ പുതിയ രൂപവും ഭാവവും' എന്ന വിഷയത്തിൽ ഡോ. ഫെലിക്സ് ജെയിംസും ക്ലാസുകൾ നയിച്ചു. ചടങ്ങിൽ പൂപ്പറമ്പ് മരിയഭവൻ, അമ്പലത്തറ സ്നേഹാലയം, കോളയാട് സ്നേഹഭവൻ, കരുവഞ്ചാൽ ആശാഭവൻ എന്നീ സ്ഥാപനങ്ങളെയും ഫാ. പ്രിയേഷ് കളരിമുറിയിൽ, 10 മക്കളുള്ള വലിയ കുടുംബം ഷാജി & ബോബി വേരനാനിക്കൽ ദമ്പതികളെയും കെസിബിസി പ്രോലൈഫ് സംസ്ഥാന സമിതി ആദരിച്ചു. കൂടാതെ 'നല്ല സമയറായൻ സംഗമം' എന്ന പേരിൽ അതിരൂപതയ്ക്കുള്ളിൽ അഗതിമന്ദിരങ്ങൾ നടത്തുന്ന 50 ഓളം സുമനസ്സുകളെ തലശ്ശേരി അതിരൂപത ആദരിച്ചു. അവർക്കായ് രണ്ടര ലക്ഷത്തോളം തുക സഹായം നൽകി.

തുടർന്ന് 2027 ലെ പ്രോലൈഫ് ദിനാഘോഷങ്ങൾക്ക് ആതിഥേയത്വം വഹിക്കുന്ന പാറശാല രൂപതയ്ക്കുവേണ്ടി പാറശാല പ്രോലൈഫ് സമിതി ഭാരവാഹികൾക്ക് പതാക കൈമാറി. കേരളത്തിലെ മുഴുവൻ രൂപതകളിൽ നിന്നുമുള്ള 200 ലേറെ പ്രതിനിധികൾ സമ്മേളനത്തിൽ സംബന്ധിച്ചു. പ്രോലൈഫ് നിയോഗത്തോടെ ജപമാല റാലിയും കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

പ്രോലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി ഏപ്രിൽ 10 ന് ചെമ്പേരി കരുണാലയത്തിൽ വച്ച് ആരാധന നടത്തി. ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന, കരുണകൊന്ത എന്നിവയിലൂടെ അതിരൂപതയിലെ കുടുംബങ്ങളെ മുഴുവനും സമർപ്പിച്ച് പ്രാർത്ഥിച്ചു. 15 ഓളം പേർ ഈ ആരാധനയിൽ പങ്കെടുത്തു.

**V. സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തു കൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.
**Phone : 9400206974, 8078122191.**

**VI. പ്രശാന്തി കൗൺസിലിംഗ് സെന്റർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.
**Phone : 9400206974, 8078122191**

**VII. പ്രോലൈഫ് മാര്യേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**IX. യാത്രയയപ്പ്, സുസ്വാഗതം**

കഴിഞ്ഞ ആറുമാസക്കാലമായി ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സ്തുത്യഹമായ സേവനമനുഷ്ഠിച്ചതിനുശേഷം തുടർപഠനത്തിനായി പോകുന്ന **ബ്രദർ ഡോൺ കുര്യന്** ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും യാത്രാമംഗളങ്ങളും നേരുന്നു.

ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സേവനമനുഷ്ഠിക്കാനായി കടന്നുവന്നിരിക്കുന്ന **ബ്രദർ അഖിൽ തെക്കയിലിന്** ഹൃദ്യമായി സ്വാഗതമാശംസിക്കുന്നു.

**X. ആദരാഞ്ജലികൾ**

ഏപ്രിൽ 13 ന് അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സിസ്റ്റർ ലിന്റ CHF ന്റെ വൽസല മാതാവ് ശ്രീമതി രാജമ്മ ജോസഫ് നിര്യാതരായി. അന്നുമുതൽ ഏപ്രിൽ 16 ന് നടന്ന മൃതസംസ്കാര ശുശ്രൂഷയിൽ ഉൾപ്പെടെ നൂറുകണക്കിന് അമ്മമാർ പങ്കെടുക്കുകയും സിസ്റ്ററിനേയും കുടുംബത്തേയും ആശ്വസിപ്പിക്കുകയും ചെയ്തു.

പ്രിയപ്പെട്ട അമ്മയ്ക്ക് അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പ്രാർത്ഥനാഞ്ജലികൾ.

**XI. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**ക്ലാപ്പ് (Clap)**

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള അധ്യാപകർക്കായി 2026 ഏപ്രിൽ 22 മുതൽ 24 തീയതി വരെ എടൂർ സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിൽ വർക്ക്ഷോപ്പ് (ക്ലാപ്പ് കോഴ്സ്) നടത്തി. എൽപി, യുപി, ഹൈസ്കൂൾ ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി 500 അധ്യാപകർ ക്ലാപ്പ് കോഴ്സിൽ പങ്കെടുത്തു. മൂന്ന് ദിവസങ്ങളിലായി നടന്ന ഈ പരിശീലന പരിപാടിക്ക് കോർപ്പറേറ്റ് മാനേജർ ഫാ. സോണി വർഗ്ഗീസ് നേതൃത്വം നൽകി.

**2025–2026 അധ്യയന വർഷം നടന്ന സന്മാർഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ വിജയികൾ**

**STD : I**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Rheya Anna Jijo | Thomapuram LP | I st |
| 2 | Aaradhya Shanil | Thomapuram LP | II nd |
| 3 | Janvi P.T. | Vellarikundu LP | III rd |

**STD : II**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Anusha Pradeep | Thomapuram LP | I st |
| 2 | Esther Joseph | Karikkottakary UP | II nd |
| 3 | Ahan Krishna | Kunnoth UPS | II nd |
| 4 | Jewel Mary Jijo | Vellarikundu LP | III rd |

**STD : III**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Lioyon Augustine | Angadikadavu UP | I st |
| 2 | Anshin Jimij | Thomapuram LPS | II nd |
| 3 | Anaya Preeyesh | Vellarikundu LPS | III rd |

**STD : IV**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1. | Sreemayi Hariharan | Thomapuram LPS | I st |

| | | | |
|---|---|---|---|
| 2. | Joanna Maria Jis | Vellarikundu LPS | II nd |
| 3. | Emmanuel John Eldo | Manhalampuram UPS | III rd |

**STD : V**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Evan Tom Raju | Kappad UP | I st |
| 2 | Niya Mathew | Karulladukkam UP | II nd |
| 3 | Albert Thomas Sabu | Mattara UP | III rd |

**STD : VI**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Elizabeth Augustine | Kunnoth UP | I st |
| 2 | Janet Siju | Edoor HS | II nd |
| 3 | Andriya Maria Boby | Edoor HS | III rd |

**STD : VII**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Neha Elizabeth Shiju | Karulladukkam UP | I st |
| 2 | Agnal Elsa K.J. | Karikkottakary UP | II nd |
| 3 | Angel Maria | Karulladukkam UP | III rd |

**STD : VIII**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Alfiya Ann Byju | Kudianamala HS | I St |
| 2 | Angel Rose | Vellarikundu HS | II nd |
| 3 | Ditty Rijo | Palavayal HS | III rd |

**STD : IX**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Nivedhya Biju | Kilianthara HS | I st |
| 2 | Jeslin Elizabeth | Kolakkad HS | II nd |
| 3 | Alna Maria | Chemperi HS | III rd |

**STD : X**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Diyona Biju | Vayattuparamba HS | I st |
| 2 | Alna Rose Thomas | Kolakkad HS | II nd |
| 3 | Ajo J Sebastian | Thomapuram HS | III rd |

**STD : XI**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Maria Tom | Edoor HSS | I st |
| 2 | Jovana Joseph | Vellarikundu HSS | II nd |
| 3 | Amala Brijith Joy | Thomapuram HSS | III rd |

## STD : XII

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1. | Jomol Theres | Thomapuram HSS | I st |
| 2 | Devanandha K.S. | Edoor HSS | II nd |
| 3 | Vaiga R Nath | Vellarikundu HSS | III rd |

---

**2025-2026 അധ്യയന വർഷം നടന്ന അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ വിജയികൾ**

---

## STD : I

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Devansh P | Edakkom LPS | I st |
| 2 | Nishitha Jayesh | Paisakary UPS | II nd |
| 3 | Steev Joseph | Chemperi UPS | III rd |

## STD : II

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Satwika S Raj | Thondiyil UPS | I st |
| 2 | Dhyayath Vinayaraj | Thondiyil UPS | II st |
| 3 | Helena Joseph | Kudianmala UPS | II nd |
| 4 | Adone Joe Augustine | Kudianmala UPS | III rd |

## STD : III

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Angel Maria | Thomapuram LPS | I st |
| 2 | Anmaria Shinoj | Charal LPS | II nd |
| 3 | Ian George Justin | Vellarikund LPS | III rd |

## STD : IV

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Sreemayi Hariharan | Thomapuram LPS | I st |
| 2 | Alphonsa Joshy | Angadikadavu UPS | II nd |
| 3 | Vaiga Leneesh | Vilakkannur LPS | III rd |

## STD : V

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Jeneesa Ann Joby | Thomapuram HS | I st |
| 2 | Neelisha Vimel | Manhalampuram UPS | II nd |
| 3 | Liyona Theres | Manikadavu UPS | III rd |

## STD : VI

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Devasree Hariharan | Thomapuram HS | I st |
| 2 | Devasree Anil | Chempanthotty UPS | II nd |
| 3 | Seethalakshmi Prasad | Thomapuram UPS | III rd |

## STD : VII

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Biya Theresa Anish | Thomapuram HS | I st |
| 2 | Diya Elizabath Jomon | Thomapuram HS | I st |
| 3 | Anns Mathew | Thomapuram HS | II nd |
| | Angel Mariya Vinoy | Mattara UPS | III rd |

## STD : VIII

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Deo George Jaison | Karikottakary HS | I st |
| 2 | Abhinav Ratheesh | Thomapuram HS | II nd |
| 3 | Nitha Elizabeth Sajan | Thomapuram HS | III rd |

## STD : IX

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Arush T M | Edoor HS | I st |
| 2 | Alona Antony | Thomapuram HS | II nd |
| 3 | Abhay M | Chempanthotty HS | III nd |

## 2025-2026 അധ്യയന വർഷം നടന്ന മതബോധന സ്കോളർഷിപ്പ് പരീക്ഷ വിജയികൾ

## STD : I

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Ivan Joseph | Paisakary UPS | I st |
| 2 | Jefrin Rajesh | Thomapuram LPS | II nd |
| 3 | Niviya Rose Baiju | Thomapuram LPS | II nd |
| 4 | Joel Jomon | Vellarikund LPS | II nd |
| 5 | Jelwin Jaison | Arabi UPS | III rd |

## STD : II

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Catherin Anna Shony | Thomapuram LPS | I st |
| 2 | Philip Sijo | Angadikadavu UPS | II nd |
| 3 | Anliya Siju | Manikadavu UPS | II nd |
| 4 | Ivan Mathew Emitto | Vayathur UPS | III rd |
| 5 | Niya Treesa Sunu | Vellarikund LPS | III rd |

## STD : III

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Ann Joseph | Angadikadavu UPS | I st |
| 2 | Emmanuel Saji | Thomapuram LPS | II nd |
| 3 | Tesa Maria Vineesh | Vilakannur LPS | III rd |

**STD : IV**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Danvia Maria | Thondiyil UPS | I st |
| 2 | Edlin Soosan David | Vayathur UPS | II nd |
| 3 | Diyon Thomas | Vellarikund LPS | III rd |

**STD : V**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Joanna Lis Theres | Mattara UPS | I st |
| 2 | Ashna Anil | Chandanackampara UPS | II nd |
| 3 | Ivaniya Therese Binu | Vayathur UPS | III rd |

**STD : VI**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Juval Treesa Jibi | Palavayal HS | I st |
| 2 | Alma Agnus Augustine | Chandanackampara UPS | II nd |
| 4 | Ann Elizabeth Jomesh | Edoor HS | III rd |

**STD : VII**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Elna Elsa George | Thondiyil UPS | I st |
| 2 | Alphonsa M J | Karulladukkam UPS | II nd |
| 3 | Angel Maria Vinoy | Mattara UPS | III rd |

**STD : VIII**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Ann Maria Benny | Kudianmala HS | I st |
| 2 | Ann Treesa Thomas | Kilanthara HS | II nd |
| 3 | Kevin Binoy | Edoor HS | III rd |

**STD : IX**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Maria C S | Kolakkad HS | I st |
| 2 | Arlin Anna Shibu | Manikadavu HS | II nd |
| 3 | Alna Treesa Jebeesh | Peravoor HS | III rd |

**STD : X**

| Sl. No | Name of Students | Name of School | Rank |
|---|---|---|---|
| 1 | Rose Jose | Thomapuram HS | I st |
| 2 | Jisty Alphonsa Jose | Vellarikund HS | II nd |
| 3 | Riyona Elsa Roy | Chempanthotty HS | III rd |

**വിജയികൾക്ക് അഭിനന്ദനങ്ങൾ....**

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**2026–27 അധ്യായന വർഷത്തിലെ വിവിധ സ്കോളർഷിപ്പുകൾ:**

1. പ്ലസ് വൺ പരീക്ഷയ്ക്ക് ഫിസിക്സ് കെമിസ്ട്രി - മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് 95 ശതമാനത്തിൽ അധികം മാർക്ക് ലഭിച്ച കുട്ടികൾക്ക് ഓരോ വർഷവും പതിനായിരം രൂപ മാത്രം ട്യൂഷൻ ഫീസ് അടച്ചുകൊണ്ട് B-TECH പഠനം പൂർത്തിയാക്കാവുന്നതാണ്. +2 റിസൾട്ട് വന്നു കഴിഞ്ഞാൽ പിന്നെ അതായിരിക്കും പരിഗണിക്കുക. സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷ സമർപ്പിക്കാം.
2. KEAM RANK SCHOLARSHIP
   I. 1 – 8000 റാങ്ക് ലഭിക്കുന്നവർക്ക് കോളേജ് ഫീസ് പൂർണ്ണമായി സൗജന്യമായിരിക്കും.
   II. 8001 – 20,000 വരെ റാങ്ക് ലഭിക്കുന്നവർക്ക് ഗവൺമെന്റ് കോളേജിലെ ഫീസിനു തുല്യമായ പതിനായിരം രൂപ മാത്രം ഒരു വർഷത്തെ ട്യൂഷൻ ഫീസ്.

**വിമൽജ്യോതി MBA കോളേജിൽ സ്കോളർഷിപ്പോടെ പഠിക്കാം.**

ഡിഗ്രിക്ക് 50 ശതമാനം മാർക്കോടെ KMAT/CMAT പരീക്ഷ പാസായവർക്ക് അഡ്മിഷന് അപേക്ഷിക്കാവുന്നതാണ്. ഡിഗ്രി പരീക്ഷയ്ക്ക് 85% മാർക്കുള്ളവർക്ക് ഗവൺമെന്റ് ഫീസിൽ MBA പഠനം പൂർത്തിയാക്കാം. 75% മാർക്കുള്ളവർക്ക് 60,000 രൂപ സ്കോളർഷിപ്പിൽ പഠിക്കാം.

**സാൻജോസ് അക്കാദമി ജർമൻ ഔദ്യോഗിക പരീക്ഷാകേന്ദ്രം** (telc).

വിമൽജ്യോതി ക്യാമ്പസിൽ പ്രവർത്തിക്കുന്ന സാൻജോസ് അക്കാദമിയിൽ ജർമ്മൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്നവർക്കും, പുറമേ നിന്ന് വരുന്നവർക്കും ഇവിടെ പരീക്ഷയെഴുതാവുന്നതാണ്. എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്നുണ്ട്. സ്കോളർഷിപ്പോടെ പഠിക്കാനുള്ള അവസരവും ഉണ്ട്.

[ആദ്യം അപേക്ഷിക്കുന്നവരിൽ നിന്നും സ്കോളർഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കുന്നു. സീറ്റുകളുടെ എണ്ണവും ലിമിറ്റ് ചെയ്തിട്ടുണ്ട്. മറ്റു വിവിധ സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭ്യമാണ്.*]

കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി നേരിട്ട് ബന്ധപ്പെ

ടുകയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ വിളിക്കുകയോ ചെയ്യുക.

| | | |
|---|---|---|
| ENGINEERING | : | 8846423448 , 7907231291 |
| MBA | : | 9400512240 , 7012799277 |
| SANJOS ACADEMY | : | 8281750777 , 8281730777 |

## PLACEMENT NEWS -APRIL 2026

- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന cloud based കമ്പനിയായ AXCESS.10 വിമൽജ്യോതിയിൽ നടത്തിയ ക്യാമ്പസ് റിക്രൂട്ടിട്മെന്റി ലൂടെ 20 വിദ്യാർത്ഥികളെ അവസാന റൗണ്ടിലേയ്ക്ക് തിരഞ്ഞെടുത്തു. ഈ വിദ്യാർത്ഥികളുടെ ഫൈനൽ ഇന്റർവ്യൂ മെയ് മാസം ആദ്യവാരത്തിൽ നടത്തുമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെടുന്നവർ ജൂൺ 1-ാം തീയതി ജോലിക്ക് ഹാജരാവേണ്ടതാണ്. CLOUD DEVELOPER, CLOUD ENGINEER തസ്തികളിലേക്ക് ആണ് നിയമനം നൽകുന്നത്. പ്രതിവർഷം 5 ലക്ഷത്തിലധികം രൂപ വാർഷിക ശമ്പളം നൽകുന്നു.
- STRUCTURAL DESIGNING രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ MAXVAL TECHNOLOGIES മാർച്ച് 11-ാം തീയതി നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ 3 അവസാന വർഷ CIVIL ENGG വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ടവർ മെയ് 15-ാം തീയതി ജോലി യിൽ പ്രവേശിക്കേണ്ടതാണ്. പ്രാഥമിക പരിശീലനം PUNE ഓഫീസിൽ നിന്നും നൽകിയ ശേഷം കാസർഗോഡ് പെരിയയിൽ ഉള്ള ഓഫീസിൽ ആയിരിക്കും നിയമനം.
- UAE ആസ്ഥാനമായി പ്രവർത്തിക്കുന്ന ORBIT ENGINEERING നടത്തിയ CAMPUS റിക്രൂട്ട്മെന്റിലൂടെ 13 അവസാനവർഷ സിവിൽ എഞ്ചിനീയ റിംഗ് വിദ്യാർഥികൾ ഫൈനൽ ഇന്റർവ്യൂയിലേക്ക് തിരഞ്ഞെടുക്കപ്പെടു ന്നവർക്ക് കണ്ണൂർ, തൃശ്ശൂർ ഓഫീസുകളിലായി നിയമനം നൽകും. മികച്ച പ്രകടനം നടത്തുന്നവരെ പിന്നീട് UAE ഓഫീസിലേക്ക് മാറ്റി നിയമിക്കും.
- Electrical, Electronics, Instrumentation മേഖലകളിൽ പഠനം പൂർത്തിയാ ക്കിയ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുവാൻ VVDN TECHNOLOGIES എന്ന കമ്പനി മെയ് മാസത്തിൽ റിക്രൂട്ടിട്മെന്റിനായി എത്തുന്നു. കൂടാതെ SUPPORT SAGES, KYB, TRANSYNERGY, LS AUTOMOTIVE എന്നീ കമ്പ നികളും CAMPUS RECRUITMENT നടത്തുന്നതിനായി താൽപര്യം പ്രക ടിപ്പിച്ചിട്ടുണ്ട്.
- അവസാനവർഷ വിദ്യാർത്ഥികൾക്കായി TCS നടത്തിയ റിക്രൂട്ട്മെന്റിൽ പങ്കെടുത്ത 30 ൽ അധികം വിദ്യാർത്ഥികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. SELECTION PROCESS മെയ് അവസാന ത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**എന്റെ വോട്ട് എന്റെ അവകാശം**
**വോട്ടിംഗ് പ്രചരണ ക്യാമ്പെയൻ സംഘടിപ്പിച്ചു**

നിർമ്മലഗിരി കോളേജ് നാഷണൽ സർവീസ് സ്കീം വോളണ്ടിയേഴ്സ് വോട്ടിംഗ് പ്രചരണ ക്യാമ്പെയൻ സംഘടിപ്പിച്ചു. മുതിർന്ന പൗരന്മാർക്കിടയിൽ വോട്ട് അവകാശം വിനിയോഗിക്കുന്നതിന്റെ ആവശ്യം, പ്രാധാന്യം എന്നിവയെക്കുറിച്ചും വോട്ട് എപ്രകാരം ചെയ്യണമെന്നതിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഏപ്രിൽ 9-ാം തീയതി നടത്തുന്ന നിയമസഭ ഇലക്ഷന് മുന്നോടിയായിട്ടാണ് കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിലെ വിദ്യാർത്ഥികൾ മരിയ ഭവൻ, കരുണാനിലയം, എന്നിവിടങ്ങൾ സന്ദർശിക്കുകയും ക്യാമ്പെയിൻ നടത്തുകയും അവിടെയുള്ളവരെ വോട്ടിംഗ് പ്രക്രിയയെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്തു. Evm, VVPAT തുടങ്ങിയവയുടെ മാതൃകകൾ ഉൾപ്പെടുത്തിക്കൊണ്ട് അവബോധ ക്യാമ്പെയിനുകളാണ് സംഘടിപ്പിച്ചത്. പ്രോഗ്രാം ഓഫീസർമാരായ ഡോ. ദീപു തോമസ്, ഡോ. മഞ്ചു ഒ. എസ് എന്നിവർ ക്യാമ്പെയിനുകൾക്ക് നേതൃത്വം നൽകി. നിരവധി വോളണ്ടിയർമാർ ബോധവൽക്കരണ ക്യാമ്പെയിനുകളിൽ പങ്കെടുക്കുകയും മുതിർന്ന പൗരന്മാരുമായി സൗഹൃദ സംഭാഷണത്തിന് ഏർപ്പെടുകയും ചെയ്തു. ഇക്കാലയാളവിൽ വോട്ടിംഗ് എത്രത്തോളം പ്രധാന്യമുള്ളതാണ് എന്ന് ഓരോ പൗരന്മാരെയും ഓർമ്മിപ്പിക്കുന്നതായിരുന്നു ഈ ക്യാമ്പെയിൻ.

**പുതിയ കോഴ്സുകൾ ആരംഭിക്കുന്നു**

നിർമ്മലഗിരി കോളേജി (ഓട്ടോണമസ്) ൽ 2026-27 അധ്യയന വർഷം 8 യുജി കോഴ്സുകളും 2 പിജി കോഴ്സുകളും സെൽഫ് ഫിനാൻസിംഗ് കോഴ്സുകളും ആരംഭിക്കുവാൻ മാനേജ്മെന്റ് തീരുമാനിച്ചു. പിജി കോഴ്സുകളായ MSc ക്ലിനിക്കൽ സൈക്കോളജി, മാസ്റ്റർ ഓഫ് സോഷ്യൽവർക്ക് (MSW), യുജി കോഴ്സുകളായ BSc

ഹോട്ടൽ മാനേജ്മെന്റ്, BCom ഫിനാൻസ് ആൻഡ് ടാക്സേഷൻ, BSc കമ്പ്യൂട്ടർ സയൻസ്, BSc ഡാറ്റ അനലിറ്റിക്സ്, BSc സൈക്കോളജി, BA ഇംഗ്ലീഷ് വിത്ത് ജേർണലിസം, ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (BCA), ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (BBA) എന്നീ കോഴ്സുകൾ ആരംഭിക്കുന്നത്.

**മെഗാസ്റ്റാർ ആയി തിരഞ്ഞെടുക്കപ്പെട്ടു**

നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി ചീഫ് ഇലക്ടറൽ ഓഫീസ് സമൂഹമാധ്യമം വഴി നടത്തിയ പ്രതിദിന ക്വിസ് മത്സരത്തിൽ മെഗാസ്റ്റാറായി അലീന ചെറിയാൻ തിരഞ്ഞെടുക്കപ്പെട്ടു. നിർമലഗിരി കോളേജിലെ രണ്ടാംവർഷ മലയാള ബിരുദ വിദ്യാർത്ഥിനിയാണ്. തിരുവനന്തപുരത്ത് വച്ച് നടന്ന ചടങ്ങിൽ സി ഇ ഒ ഡോ. രത്തൻ യു. കേൽക്കർ ഐഎഎസ് സമ്മാനം നൽകി. 10000 രൂപയാണ് സമ്മാനത്തുക. അലീന ചെറിയാനെ മാനേജ്മെന്റും പ്രിൻസിപ്പലും അധ്യാപകരും അഭിനന്ദിച്ചു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

**TRACE**

THALASSERY ARCHDIOCESE FOR RAISING AWARENESS AND COMMUNITY ENRICHMENT

## പരീക്ഷ ഒരുക്ക സെമിനാർ

പരപ്പ, കണ്ണിവയൽ, ചെടിക്കുളം, മാങ്ങോട് എന്നീ ഇടവകകളിൽ കുട്ടികൾക്ക് പരീക്ഷ ഒരുക്ക സെമിനാറുകൾ നടത്തി. അതോടൊപ്പം എജ്യൂസ്പാർക്കിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തു. അവധിക്കാല ക്യാമ്പുകളിൽ പങ്കെടുക്കുവാനായി കുട്ടികളെ പ്രോത്സാഹിപ്പിച്ചു.

## ലീഡർ ക്യാമ്പ്

ഏപ്രിൽ 29, 30 തീയതികളിൽ പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിലും, പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ വച്ചും അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ലീഡർഷിപ്പ് ക്യാമ്പ് സംഘടിപ്പിച്ചു. 200 ഓളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ജീവിതലക്ഷ്യം, നേതൃത്വപരിശീലനം, പ്രസംഗ പരിശീലനം, വ്യക്തിത്വ വികസനം തുടങ്ങിയ മേഖലയിൽ പ്രഗൽഭർ ക്ലാസുകൾ നയിച്ചു.

## TRACE Helpdesk-ന്റെ വെബ്സൈറ്റും ഓട്ടോമേറ്റഡ് വാട്സ്ആപ്പും ഉദ്ഘാടനം ചെയ്തു

ഏപ്രിൽ 25 ന് ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് നടത്തപ്പെട്ട പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പിതാവ് ഹെൽപ്പ് ഡെസ്കിന്റെ വെബ്സൈറ്റും ഓട്ടോമേറ്റഡ് വാട്ട്സ്ആപ്പും ഉദ്ഘാടനം ചെയ്തു. ഇതിലൂടെ TRACE ഹെൽപ്പ് ഡെസ്കിന്റെ സേവനങ്ങൾ ആളുകളിലേക്ക് എളുപ്പത്തിലും വേഗത്തിലും തടസം കൂടാതെയും എത്തിക്കാൻ സാധിക്കും. ഓട്ടോമേറ്റഡ് വാട്ട്സ്ആപ്പ് നമ്പർ : **+91 94475 28200.**

**ഫാ. ജോസഫ് റാത്തപ്പിള്ളിൽ**
*ഡയറക്ടർ*

**ഫാ. ആന്റണി മുതുകുന്നേൽ**
*പ്രോട്ടോ സിഞ്ചല്ലൂസ്*

# എയ്ഞ്ചൽ ട്രസ്റ്റ്

**എല്ലാവരുടെയും ശ്രദ്ധക്ക്**

1. 2025-2026 വർഷത്തെ എയ്ഞ്ചൽ ഡയാലിസിസിന്റെ കണക്കുകൾ ഓഡിറ്റിംഗിനായി മെയ് 10 നകം തലശ്ശേരി ഓഫീസിൽ ഏല്പിക്കേണ്ടതാണ്. ഓഡിറ്റിംഗിന് ആവശ്യമായ എല്ലാ രേഖകളും അതാതു ഫൊറോനാ ഡയറക്ടറച്ചന്മാർ നല്കുമല്ലോ.
2. കണക്കുകൾ കൃത്യമായി comptes ൽ തന്നെ ചെയ്തു സമർപ്പിക്കേണ്ടതാണ്.
3. ബില്ലുകൾ, വൗച്ചറുകൾ, കണക്ക്ബുക്ക് comptes ൽ ചെയ്തത്, മാനേജിംഗ് കമ്മിറ്റി മിനിറ്റ്സ് ബുക്ക് എന്നിവ നിർബന്ധമായും സമർപ്പിക്കണം.
4. എയ്ഞ്ചൽ ഡയാലിസിസിലേക്ക് നിങ്ങൾ ഇടവകയിൽനിന്നും നൽകിയ എല്ലാ തുകകളും പള്ളിക്കണക്കിലും ചേർക്കണം. കണക്കുകൾ ഓഡിറ്റിംഗിനു നൽകുമ്പോൾ ഓർഡിറ്റേഴ്സ് പ്രസ്തുത കണക്കുകൾ ഒത്തുനോക്കാറുണ്ട്.
5. എല്ലാ ഫൊറോനകളിലും എയ്ഞ്ചൽ ഡയാലിസിസിന് വേണ്ടിയുള്ള പദ്ധതികൾ കുറേകൂടി കൃത്യത വരുത്തുമല്ലോ.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**അതിരൂപതാ മീറ്റ്**

തലശ്ശേരി അതിരൂപതയിലെ 3 സോണുകളിലും നേതൃത്വശുശ്രൂഷ നിർവ്വഹിക്കുന്നവരുടെ സമ്മേളനം അതിരൂപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കലച്ചന്റെ അദ്ധ്യക്ഷതയിൽ 21-3-26 ന് രാവിലെ 10 മണി മുതൽ ഉദയഗിരി ദൈവാലയത്തിൽ നടന്നു. മെയ് 1, 2, 3 തീയതികളിൽ ഡിവൈൻ ധ്യാനകേന്ദ്രം ഇംഗ്ലീഷ് വിഭാഗത്തിൽ വച്ചു 8000 പേർ പങ്കെടുക്കുന്ന ഓൾ കേരള കരിസ്മാറ്റിക് നവീകരണ ജൂബിലി സംഗമത്തിലേക്ക് 13 വലിയ ബസ്സുകളിൽ 750 പേരെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. ഇതിനായുള്ള ക്രമീകരണങ്ങൾ നടത്തുവാൻ സോണൽ കോർഡിനേറ്റർമാരായ ആന്റണി പാലാട്ടി, ബിനോയ് പുതിയ മംഗലം, ഷാജി ചെട്ട്യാശ്ശേരി എന്നിവരെ അതിരൂപതാ ഡയറക്ടറച്ചൻ ചുമതലപ്പെടുത്തി.

**ഇടവക ഭവന സന്ദർശനം**

22-3-26 മുതൽ 26-3-26 വരെ 5 ദിവസത്തെ ധ്യാനം ബിരിക്കുളം ഇടവക ദൈവാലയത്തിൽ വച്ച് നടത്തുകയുണ്ടായി. ഇതിന് മുന്നൊരുക്കമായ് ഇടവകയിൽ ഭവന സന്ദർശനം നടത്തി പ്രാർത്ഥിച്ചു. 200 ൽ പരം ആളുകൾ ഓരോ ദിവസവും ധ്യാനത്തിൽ പങ്കെടുത്തു. സോൺ ആനിമേറ്റർ മോൺ മാത്യു ഇളംതുരുത്തിപടവിൽ തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുകയും, വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി പ്രാർത്ഥിക്കുകയും ചെയ്തു. സോൺ കോർഡിനേറ്റർ ബിനോയി പുതിയമംഗലത്ത് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഇടവക വികാരി ആശംസ പ്രസംഗം നടത്തി.

**കുടുംബ സംഗമം :** 15-4-26 ന് ചെറുപുഴ സബ് സോൺ കുടുംബ സംഗമം നടത്തി. സബ് സോൺ ആനിമേറ്റർ റവ. ഫാ. ജെസ്റ്റിൻ വി. ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. ഇടവക വികാരി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കോർഡിനേറ്റർ ബിനോയി പുതിയമംഗലം ആശംസകളർപ്പിച്ചു. കെ.സി. എസ്.സി ജോയിന്റ് കോർഡിനേറ്റർ ഷാജി വൈക്കത്ത്പറമ്പിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. രാവിലെ 9.30. മുതൽ 4.30. വരെയാണ് കുടുംബസംഗമം നടന്നത്. 150 കുടുംബങ്ങൾ പങ്കെടുത്തു.

**ഈസ്റ്റർ ഭക്ഷണ ശുശ്രൂഷ**

ഈസ്റ്റർ തലേന്ന് രാത്രി തലശ്ശേരി സോണിലെ പ്രാർത്ഥനാ കൂട്ടായ്മ അംഗങ്ങൾ മാടത്തിൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ഒരുമിച്ചു ചേരുകയും 3000 ബിരിയാണി പൊതി തയ്യാറാക്കി സോണിലെ അനാഥർക്കും

റോഡരുകിൽ ഭിക്ഷാടനം നടത്തുന്നവർക്കും ഈസ്റ്റർ ദിനത്തിൽ നൽകി. ഇടവക വികാരി റവ. ഫാ. ജോർജ് കരോട്ട്, സോണൽ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി, സോണൽ ആനിമേറ്റർ സിസ്റ്റർ മേരി മാത്യുവിന്റെ നേതൃത്വത്തിൽ 20 സിസ്റ്റേഴ്സ് ഉൾപെടെ 150 പേർ പങ്കെടുത്തു. എല്ലാ ദിവസവും ഇരിട്ടി താലൂക്കാശുപത്രിയിൽ നൽകാറുള്ള ഭക്ഷണം ഈസ്റ്റർ ദിനത്തിൽ ബിരിയാണി നൽകിയാണ് നടത്തിയത്.

**കുരിശിന്റെ വഴി**

20.3.2026 ന് വെള്ളിയാഴ്ച തലശ്ശേരി സോണിന്റെ നേതൃത്വത്തിൽ രാവിലെ 8 മണിക്ക് ഇരിട്ടി പുഷ്പാരം ആശ്രമ ദൈവാലയത്തിൽ നിന്ന് ആരംഭിച്ച് 11 മണിക്ക് മാടത്തിൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയ ത്തിൽ സമാപിച്ചു. യാത്രയിലുടനീളം മാടത്തിൽ പള്ളി വികാരി റവ. ഫാ സോജൻ കരോട്ട്, സോണൽ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളു ത്താപ്പള്ളി, സിസ്റ്റർ ആനിമേറ്റർ റവ. സി. മേരി മാത്യു എന്നിവർ നേതൃത്വം നൽകി. പ്രാരംഭ പ്രാർത്ഥന റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളിയും, 11 മണിക്ക് മാടത്തിൽ ദൈവാലയത്തിൽ വച്ച് റവ. ഫാ. ജോർജ് കരോട്ട് വി. കുർബ്ബാനയും അർപ്പിച്ചു. 200 ഓളം പേർ പങ്കെടുത്തു.

**കണ്ണൂർ സോൺ കുരിശിന്റെ വഴി**

യുദ്ധങ്ങൾ അവസാനിക്കാനും ലോകത്ത് സമാധാനമുണ്ടാകാനും വേണ്ടി കുരിശിന്റെ വഴി 31-3-2026 ന് രാവിലെ 8 മണിക്ക് ആലക്കോട് സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ നിന്ന് ആരംഭിച്ച് വിളക്കന്നൂർ ക്രിസ്തു രാജാ ദൈവാലയത്തിൽ സമാപിച്ചു. കണ്ണൂർ സോൺ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, സോണൽ കോർഡിനേറ്റർ ആന്റണി പാലാട്ടി എന്നിവർ നേതൃത്വം നൽകി. ക്രിസ്തുരാജ ദൈവാലയത്തിൽ വി. കുർബ്ബാനയോടെ സമാപിച്ചു. 200 പേർ പങ്കെടുത്തു.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**

ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**പെസഹാ വ്യാഴാചരണം**

തലശേരി അതിരൂപത ബധിര വിശ്വാസ സമൂഹത്തിന്റെ ജീവിതത്തിൽ ആദ്യമായി പെസഹാ വ്യാഴാഴ്ച തിരുകർമങ്ങളിൽ 12 ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ട് സമൂഹത്തിലെ മുതിർന്നവർ കാൽകഴുകൽ ശുശ്രൂഷയിൽ പങ്കുചേർന്നു. ആലക്കോട് സെന്റ് മേരീസ് കോൺവെന്റ് ചാപ്പലിലെ തിരുകർമങ്ങൾക്കുശേഷം സെഹിയോൻ ശാലയിൽ ഒരുമിച്ച് ചേർന്ന യേശുവിനെയും ശിഷ്യൻമാരെയുംപോലെ കാൽകഴുകൽ ശുശ്രൂഷയിൽ പങ്കുചേർന്നവർക്കൊപ്പം തിരുകർമങ്ങൾക്ക് നേതൃത്വം നൽകിയ റവ. ഫാ. ജോർജ് കുറുമണ്ണിൽ, ആദം മിനിസ്ട്രി ഡയറക്ടർ ഫാ. പ്രിയേഷ്, കൂട്ടായ്മ അംഗങ്ങൾ എന്നിവർ ലഘു ഭക്ഷണത്തിൽ പങ്കുചേർന്നു. ചാപ്പലും ഭക്ഷണശാലയും ഒരുക്കി നൽകിയ സെന്റ് മേരീസ് കോൺവെന്റ് സുപ്പീരിയർ, സിസ്റ്റേഴ്സ് എന്നിവർക്ക് പ്രത്യേകം നന്ദി.

**കേരള നിയമസഭാ തിരഞ്ഞെടുപ്പ്**

9-ാം തീയതി നടന്ന കേരള നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ബധിര സമ്മതിദായകർക്കായി തിരഞ്ഞെടുപ്പ് വിശദാംശംസങ്ങൾ ആംഗ്യഭാഷയിൽ കണ്ണൂർ ജില്ലാ PRDയുമായി ചേർന്ന് നൽകി. വോട്ട് രേഖപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ബധിര വോട്ടർമാരുടെ സംശയങ്ങൾ വിഡിയോ കോൺഫറസുകൾ വഴി പരിഹരിച്ചു നൽകി.

**ഒന്നാം ചരമ വാർഷികം ശ്രീ. ലിയോ ബാംഗളൂർ**

ബാംഗളൂർ എഫ്ഫാത്ത പ്രസിഡന്റായിരുന്ന ലിയോയുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് 12-ാം തീയതി ഞായറാഴ്ച കോളാർ സെന്റ് മേരീസ് പള്ളിയിൽ നടത്തിയ വി. ബലിയിലും അനുസ്മരണ സമ്മേളനത്തിലും പങ്കുചേർന്ന് അനുസ്മരണപ്രഭാഷണം നടത്തി.

**ആദ്യ കുർബാന സ്വീകരണം**

കുന്നോത്ത് സെന്റ് തോമസ് ഫൊറോന പള്ളിയിൽ ഏപ്രിൽ 15-ാം തീയതി നടത്തപ്പെട്ട ആദം മിനിസ്ടി അംഗം ജെറി ജോസഫ് ജോയി

സിന്റെ ആദ്യകുർബാന സ്വീകരണത്തിന്, കുമ്പസാരം, വി. ബലിക്ക് ആംഗ്യഭാഷയിൽ പരിഭാഷ നൽകിയും പങ്കുചേർന്നു. മാതാപിതാക്കളും മക്കളും സംസാര പരിമിതി ഉള്ള കുടുംബത്തെ നല്ല ഇടയനെപോലെ ചേർത്തി നിർത്തി എല്ലാ ക്രമീകരണങ്ങളും ഒരുക്കിയ വികാരിയച്ചനും കൊച്ചച്ചനും ആദം മിനിസ്ട്രിയുടെ നന്ദിയും അഭിനന്ദനങ്ങളും.

**വിവാഹ ഒരുക്ക ക്ലാസ്സുകൾ**

ഏപ്രിൽ 4, 21 തീയതികളിലായി യഥാക്രമം പേരാവൂർ SH കോൺവെന്റിൽ വച്ച് സുഹൈൽ, രഹ്ന എന്നിവർക്കും, ആലക്കോട് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിഷ്ണു, അർച്ചന എന്നിവർക്കും വിവാഹ ഒരുക്ക ക്ലാസ്സുകൾ നൽകി. സൗകര്യങ്ങൾ ഒരുക്കിത്തന്ന അധികാരികൾക്ക് ആദം മിനിസ്ട്രിയുടെ നന്ദി.

**ശാലോം ടെലിവിഷൻ**

23, 24 തീയതികളിലായി ശാലോം ടെലിവിഷനിൽ ഞായറാഴ്ച വിശുദ്ധ ബലികൾ റെക്കോർഡ് ചെയ്തു. ശുശ്രൂഷകരായി സഹായിച്ച തൃശൂർ എഫ്ഫാത്ത ആനിമേറ്റർ സി. പ്രീജ FCC, ശ്രീമതി ബെൻസി, ശാലോം റെക്കോഡിങ് യൂണിറ്റംഗങ്ങൾ എന്നിവർക്ക് പ്രത്യേകം നൽകി.

**വയനാട് എഫ്ഫാത്ത മിഷൻ**

ഇരുപത്തിയാറാം തീയതി ബത്തേരി അസംപ്ഷൻ ഫൊറോനാ പള്ളിയിൽ വയനാട് റീജിയൺ ബധിര സമൂഹത്തിനായി ബലിയർപ്പിച്ചു.

**ബേഥെസദാ മീറ്റ് തോമാപുരം ഫൊറോന**

തോമാപുരം ഫൊറോന ഭിന്നശേഷി വിശ്വാസ സമൂഹത്തിന്റെ കൂട്ടായ്മ മെയ് 13 ബുധനാഴ്ച്ച 2 pm മുതൽ 5 pm വരെ കടുമേനി പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യ – ലഹരിവിരുദ്ധസമിതി

## മുക്തിശ്രീ, പ്രതീക്ഷ മദ്യപാനരോഗ ചികിത്സാകേന്ദ്രം

ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സമൂഹമൊന്നാകെ അനുഭവിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ. ഓരോ ദിവസവുമെന്നോണം നടുക്കുന്ന കൊലപാതക വാർത്തകൾ കേൾക്കുമ്പോൾ അതിനു പിന്നിലെ പ്രധാന വില്ലൻ ലഹരി ഉപയോഗം തന്നെ. "പ്രതിയെ പിടികൂടി. പ്രതി ലഹരിക്കടിമയായിരുന്നു' എന്നത് നമ്മൾ സ്ഥിരമായി കേൾക്കുന്ന വാർത്തയാണ്. വർദ്ധിച്ചു വരുന്ന ക്രൂരകൃത്യങ്ങൾ, വാഹനാപകടങ്ങൾ, വിവാഹമോചനങ്ങൾ, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ എല്ലാറ്റിനും പിന്നിലെ പ്രധാന കാരണം ലഹരി ഉപയോഗം തന്നെ. ലഹരിക്കെതിരെയുള്ള പോരാട്ടത്തിന് നമ്മൾ വലിയ വില കൊടുത്തേ മതിയാകൂ.

**അതിരൂപതാസമിതി യോഗം**

മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും അതിരൂപതാസമിതി യോഗം ഏപ്രിൽ 15 ബുധനാഴ്ച രാവിലെ 9 മണിക്ക് മണിപ്പാറ സെന്റ് മേരീസ് പള്ളിയുടെ പാരീഷ് ഹാളിൽ വെച്ച് ചേർന്നു. സമിതിയുടെ മണിക്കടവ് ഫൊറോന ഡയറക്ടർ കൂടിയായ പള്ളി വികാരി റവ. ഫാ. ജയ്സ് കുരിശുംമൂട്ടിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ടോമി വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജയ്സൺ കോലക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. മുക്തിശ്രീ പ്രസിഡന്റ് ഷിനോ പാറയ്ക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. ആനിമേറ്റർ സി. ജോസ് മരിയ സി.എം.സി., പൈലി വലിയകണ്ടത്തിൽ, പുഷപ വെള്ളാപാടത്ത്, സോയി പുറവക്കാട്ട്, ജോസ് ചിറ്റേട്ട് എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി സോളി രാമച്ചനാട്ട്, റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ കണക്ക് അവതരിപ്പിച്ചു. വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന പുഷ്പ വെള്ളാപാടത്തിന്റെ മാതാപിതാക്കൾ പൗലോസ് - ഏലിക്കുട്ടി ദമ്പതികളെയും സന്ന്യാസവ്രതവാഗ്ദാന

ത്തിന്റെ രജതജൂബിലി നിറവിലായിരിക്കുന്ന സഹോദരിയായ സി. ഷെറിൻ S.K.D. യെയും സമിതി അംഗങ്ങൾ ആദരിച്ചു.

**തീരുമാനങ്ങൾ**

1) വരവു ചെലവു കണക്കുകൾ പാസ്സാക്കി.

2) പുതിയ സംസ്ഥാന മന്ത്രിസഭയുടെ ആദ്യയോഗത്തിൽ തന്നെ പുതിയ സർക്കാരിന്റെ മദ്യലഭ്യത കുറക്കുവാനുള്ള തീരുമാനം അറിയിച്ച് നയം വ്യക്തമാക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. പുതിയ മദ്യഷാപ്പുകൾക്ക് അനുമതി നൽകാനുള്ള അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന് യോഗം ആവശ്യപ്പെട്ടു.

3) ഇടവകകളിലും സമീപ പ്രദേശത്തുമുള്ള മദ്യാസക്തരെ കണ്ടെത്തി ഡി അഡിക്ഷൻ സെന്ററിൽ ചികിത്സക്ക് എത്തിക്കുവാൻ അംഗങ്ങൾ മുൻകൈ എടുക്കുക.

**എ. എ കൂട്ടായ്മകൾ**

മദ്യപാനത്തിൽ നിന്ന് മോചനം നേടുന്നവർക്ക് നിലനിൽക്കുവാനുള്ള പ്രേരണയും പ്രചോദനവും പ്രോത്സാഹവും നൽകുന്നതിൽ എ.എ. കൂട്ടായ്മക്കുള്ള സ്ഥാനം നിർണ്ണായകമാണ്. ഏപ്രിൽ 7 ചൊവ്വാഴ്ച പ്രതീക്ഷയിൽ നടന്ന കൂട്ടായ്മയ്ക്ക് ബാബു – അനിത ദമ്പതികൾ നേതൃത്വം നൽകി. ധാരാളം ആളുകൾ പങ്കെടുത്തു. മെയ് മാസത്തിലെ കൂട്ടായ്മ മെയ് മാസം 10–ാം തീയതി ഞായറാഴ്ചയായിരിക്കും നടക്കുക. രാവിലെ 9.30 ന് വി. കുർബാനയോടെ കൂട്ടായ്മ ആരംഭിക്കും. തുടർന്നുള്ള ക്ലാസ്സിനും ഷെയറിംഗിനും പ്രശസ്ത മോട്ടിവേഷണൽ സ്പീക്കർ ജോബി മൂലയിൽ സാർ നേതൃത്വം നൽകും.

ലഹരി മുക്ത സമൂഹത്തിനായി നമുക്ക് ഒരേ മനസ്സോടെ ആഗ്രഹിക്കാം, പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്തൊലേറ്റ്

**ടി.എസ്.എസ്.എസ്.**

**മാതാ കുടകളുടെ വിപണനം**

ദീർഘകാലമായി മുടങ്ങിക്കിടന്നിരുന്ന മാതാ കുടകളുടെ ഉത്പാദനവും വിതരണവും വീണ്ടും പുനരാരംഭിച്ചിരിക്കുകയാണ്. ഉയർന്ന നിലവാരത്തിലുള്ള കുടകൾ കർശനമായ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിർമ്മിച്ച്, ഓർഡർ അനുസരിച്ച് ടിഎസ്എസ്എസിന്റെ വിവിധ റീജിയണൽ ഓഫീസുകൾ വഴി വിതരണം ചെയ്യുന്നതാണ്. ഇതോടൊപ്പം, ഉപഭോക്താക്കൾക്കും യൂണിറ്റുകൾക്കും കൂടുതൽ സൗകര്യം ഒരുക്കുന്നതിനായി കുടകൾ നിർമിക്കുതിനുള്ള കിറ്റുകളും ലഭ്യമാക്കിയിട്ടുണ്ട്.

വിപണനം കൂടുതൽ സജീവമാക്കുന്നതിനായി എല്ലാ റീജിയണൽ ഓഫീസുകൾ വഴിയും ഓർഡറുകൾ സ്വീകരിച്ച് സമയബന്ധിതമായി വിതരണം ഉറപ്പാക്കുന്ന സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ ഉപഭോക്താക്കൾക്ക് മികച്ച സേവനവും വിശ്വാസ്യതയും ഉറപ്പാക്കുകയാണ് ലക്ഷ്യം. 3 ഫോൾഡ് ടാക്ക്, 3 ഫോൾഡ് കളർ കുട, 3 ഫോൾഡ് പ്രിന്റ് കുട എന്നിങ്ങനെ 3 വിഭാഗങ്ങളിലായി കിറ്റുകളും കുടകളും ലഭ്യമാണ്. ഓർഡറുകൾക്കും മറ്റു വിവരങ്ങൾക്കുമായി ഈ നമ്പറിൽ ബന്ധപ്പെടുക : **9496684784**

**ഗ്രാമീയ നോട്ടുബുക്കുകളും, വഴികാട്ടിയും**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഏറെ ശ്രദ്ധേയവും വർഷങ്ങളായി ജനപ്രിയവുമായ ഗ്രാമീയ നോട്ട്ബുക്കുകളും വഴികാട്ടിയും ഈ വർഷവും വിപണിയിലെത്തിച്ചു. മികച്ച ഗുണനിലവാരത്തിലും ഡിസൈനിലുമുള്ള ഈ നോട്ട്ബുക്കുകൾ ഓർഡർ അനുസരിച്ച് ടിഎസ്എസ്എസിന്റെ റീജിയണൽ ഓഫീസുകൾ വഴി വിതരണം നടത്തുന്നതാണ്.

മതബോധന ആവശ്യങ്ങൾക്കായി 'വഴികാട്ടി' എന്ന പേരിൽ തയ്യാറാക്കിയിരിക്കുന്ന ഈ പ്രത്യേക നോട്ട്ബുക്ക്, പഠനത്തിനും ആത്മീയ വളർച്ചയ്ക്കും സഹായകമായ നിരവധി വിവരങ്ങൾ ഉൾക്കൊള്ളുന്നു. കഴിഞ്ഞ വർഷം ലഭിച്ച മികച്ച പ്രതികരണത്തെ അടിസ്ഥാനമാക്കി, ഈ വർഷവും കൂടുതൽ മെച്ചപ്പെട്ട രൂപത്തിൽ ഇതിന്റെ വിതരണം നടത്തുകയാണ്.

'വഴികാട്ടി'യുടെ ഉള്ളടക്കത്തിൽ സഭയെക്കുറിച്ചുള്ള വിവരങ്ങൾ, ബൈബിളിലെ വാക്യങ്ങളും അവയുടെ അർത്ഥങ്ങളും, വിശുദ്ധരെക്കുറിച്ചുള്ള അറിവുകൾ, പൊതുവിജ്ഞാന ചോദ്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വിവിധ തൊഴിൽ മേഖലകളിൽ നിന്നുള്ള വിശുദ്ധർ, കൂദാശകൾ, ദൈവകല്പനകൾ, കുമ്പസാരത്തിനുള്ള തയ്യാറെടുപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓർഡറുകൾക്കായി ഈ നമ്പറിൽ ബന്ധപ്പെടുക : **9496684784**

**ഓഡിറ്റർമാർക്കുള്ള പരിശീലനം സംഘടിപ്പിച്ചു**

ടിഎസ്എസ്എസ് ട്രസ്റ്റുകളുടെയും യൂണിറ്റുകളുടെയും 2025-26 സാമ്പത്തിക വർഷത്തെ ഓഡിറ്റിംങ്ങിനായി ഇന്റേണൽ ഓഡിറ്റർമാർക്കായി പരിശീലനം സംഘടിപ്പിച്ചു. ആലക്കോട് ടിഎസ്എസ്എസ് ഓഫീസിൽ ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്തിന്റെ നേതൃത്വത്തിലായിരുന്നു പരിശീലനം നടന്നത്. ടിഎസ്എസ്എസിന്റെ ഇന്റേണൽ ഓഡിറ്റർമാർ പരിശീലനത്തിൽ പങ്കെടുത്തു.

**ടിഎസ്എസ്എസിൽ സോഷ്യൽ വർക്ക് വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ്**

ബിഎസ്ഡബ്യു അക്കാദമിക് പഠനത്തിന്റെ ഭാഗമായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനരീതിയും, വിവിധ പദ്ധതികളും സംബന്ധിച്ച് പ്രായോഗിക പഠനം നടത്തുന്നതിനായി ഡോൺബോസ്കോ കോളേജ്, അങ്ങാടിക്കടവിൽ നിന്നുള്ള 5 വിദ്യാർത്ഥികൾ ടിഎസ്എസ്എസ് ഓഫീസിൽ ഇന്റേൺഷിപ്പ് ചെയ്തു വരുന്നു.

**ക്യാൻസർ പരിശോധനാക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മലബാർ ക്യാൻസർ സെന്ററുമായി സഹകരിച്ച് നടത്തിവരുന്ന സൗജന്യ ക്യാൻസർ പരിശോധന ക്യാമ്പ് ഈ മാസം ഏപ്രിൽ 20 ന് തോമാപുരം ടിഎസ്എസ്എസ് ഓഫീസിൽ വച്ച് നടത്തി. മലബാർ ക്യാൻസർ സെന്റർ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോ. ഫിൻസിന്റെയും ടീമംഗങ്ങളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തിയത്. അടുത്ത മാസത്തെ ക്യാൻസർ ക്യാമ്പ് മെയ് 9 ന് ആലക്കോട് വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യം ഉള്ളവർ ടിഎസ്എസ്എസ് സ്റ്റാഫ് അംഗങ്ങളുമായി ബന്ധപ്പെടുക.

**പ്രതിമാസ പ്രവർത്തനങ്ങൾ : 2026 മേയ് മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**

1. മാനസികാരോഗ്യ അവബോധ മാസം (Mental Health Awareness Month)

മാനസികാരോഗ്യ അവബോധ മാസമായ മെയ് മാസത്തിൽ എല്ലാ യൂണിറ്റുകളും വിവിധ പരിപാടികൾ സംഘടിപ്പിക്കുക. കുട്ടികൾക്കും യുവാക്കൾക്കും കൗൺസിലിംഗ് ബോധവത്കരണ പ്രവർത്തനങ്ങൾ, 'മാനസികാരോഗ്യത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തിൽ സെമിനാറുകൾ, ഗ്രൂപ്പ് ചർച്ചകൾ, യോഗ, യാത്രകൾ എന്നിവ മെയ് മാസത്തിൽ ക്രമീകരിക്കുക. വിദ്യാർത്ഥികൾക്ക് സമ്മർദ്ദ നിയന്ത്രണം, ആത്മവിശ്വാസം വർധിപ്പിക്കൽ

തുടങ്ങിയ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകുകയും, മാനസികാരോഗ്യത്തെക്കുറിച്ചുള്ള ബോധവത്കരണം വ്യാപകമായി നടത്തുകയും ചെയ്യുക. ക്ലാസ്സുകൾക്കായി ടിഎസ്എസ്എസിന്റെ ഫാമിലി കൗൺസിലിംഗ് സെന്ററിലെ കൗൺസിലർമാരെ സമീപിക്കാവുന്നതാണ് **(Ph: 9495654545)**.

**2. മേയ് 1: അന്താരാഷ്ട്ര തൊഴിലാളി ദിനം (International Workers' Day)**

അന്താരാഷ്ട്ര തൊഴിലാളി ദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളും തൊഴിലാളികളുടെ അവകാശങ്ങൾ, തൊഴിൽ സുരക്ഷ, സാമൂഹിക നീതി എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക. 8 മുതൽ 12 വരെ പഠിക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പോസ്റ്റർ നിർമ്മാണം അല്ലെങ്കിൽ പ്രസംഗ മത്സരം നടത്താം. കൂടാതെ, പ്രദേശത്തെ തൊഴിലാളികളെ ആദരിക്കുന്ന ചെറിയ ചടങ്ങുകളും സംഘടിപ്പിക്കാവുന്നതാണ്.

• **രോഗീസന്ദർശനം & ചികിത്സാസഹായം :** കാഞ്ഞിരകൊല്ലി, കരുവഞ്ചാൽ, വെള്ളരിക്കുണ്ട്, പരപ്പ, പൈസക്കരി, മണിക്കടവ്, അറബി, മാട്ടറ, കാഞ്ഞങ്ങാട്, നടുവിൽ, പടുപ്പ്, എന്നീ യൂണിറ്റുകൾ, കിടപ്പുരോഗികളെ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

• **അഗതിമന്ദിരം & അനാഥാലയ സന്ദർശനം**

അരവഞ്ചാൽ, പാടിച്ചാൽ, കോളയാട്, കനകപ്പള്ളി, കാഞ്ഞിരകൊല്ലി, പൂളക്കുറ്റി, അറബി എന്നീ യൂണിറ്റുകൾ അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിച്ച് സാമ്പത്തിക സഹായവും ആവശ്യമായ സാധനങ്ങളും നൽകി.

• **മെഡിക്കൽ ക്യാമ്പ് :** ഏപ്രിൽ മാസത്തെ മാനസികരോഗികൾക്കായുള്ള മെഡിക്കൽ ക്യാമ്പ് ഏപ്രിൽ മാസം 26 ന് ചെമ്പേരി വിമല ആശുപത്രിയിൽ വെച്ച് ഉച്ചയ്ക്ക് 2:30ന് ഡോ. സി. വിനീതയുടെ നേതൃത്വത്തിലുള്ള സംഘം നടത്തി.

• **ബോധവത്കരണ ക്ലാസ്**

പൈസക്കരി, അരീക്കമല എന്നീ യൂണിറ്റുകൾ ലോക ജലദിനത്തോടനുബന്ധിച്ച് ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ് നടത്തി. അരീക്കമല യൂണിറ്റ് ലോകാരോഗ്യദിനത്തോടനുബന്ധിച്ച് ബോധവത്കരണ ക്ലാസ് നടത്തി. കരുവഞ്ചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ക്യാൻസർ ബോധവൽക്കരണ ക്ലാസ് നടത്തി. ചുണ്ടപ്പറമ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ മുതിർന്ന സ്ത്രീകൾക്ക് കൗൺസലിംഗിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് സംഘടിപ്പിച്ചു.

• **പോഷകാഹാരം / ഭക്ഷ്യ വിതരണം**

കനകപ്പള്ളി യൂണിറ്റ് കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തു.

• **വിവാഹ സഹായം :** പടുപ്പ് യൂണിറ്റ് ഒരു കുടുംബത്തിന് വിവാഹ ആവശ്യങ്ങൾക്കായി സാമ്പത്തിക സഹായം നൽകി.

• **ഭവനനിർമ്മാണം :** കരിവേടകം യൂണിറ്റിന്റെ നേതൃത്വത്തിൽ ഭവനനിർമ്മാണത്തിനായി 2 ലക്ഷം രൂപ പിരിവെടുത്തു നൽകി. കരുവഞ്ചാൽ യൂണിറ്റ് ഭവന നിർമ്മാണത്തിനായി 50 ചാക്ക് സിമന്റ് നൽകി സഹായിച്ചു.

## വിവിധ ദിനാഘോഷങ്ങൾ

• **ലോക വാക്സിനേഷൻ ദിനം : മാർച്ച് 16**

മുണ്ടാനൂർ യൂണിറ്റ് വാക്സിനേഷൻ ദിനത്തോടനുബന്ധിച്ച് ബോധവത്കരണ ക്ലാസ് നടത്തി. കോഴിച്ചാൽ യൂണിറ്റ്, ദേശീയ വാക്സിനേഷൻ ദിനത്തോടനുബന്ധിച്ച് പാരീഷ് ഹാളിൽ പ്രതിരോധ വാക്സിനേഷൻ ബോധവത്കരണ ക്ലാസും ആരോഗ്യ സെമിനാറും സംഘടിപ്പിച്ചു. ക്യാമ്പിൽ പങ്കെടുത്ത എല്ലാവരുടെയും രക്തസമ്മർദ്ദം, ഷുഗർ നില, ഹീമോഗ്ലോബിൻ എന്നിവ പരിശോധിച്ചു.

## വനിതാദിനാചരണം

- തിരുമേനി, അരവഞ്ചാൽ, നെടുമ്പുറംചാൽ, ചൂരപ്പടവ്, പുളിങ്ങോം, മാട്ടറ, അറബി, കരുവഞ്ചാൽ, ചെമ്പേരി CU, ചുണ്ടപ്പറമ്പ്, അരീക്കമല എന്നീ യൂണിറ്റുകൾ വനിതാദിനാചരണം നടത്തി.

## മറ്റ് പ്രവർത്തനങ്ങൾ

- ചെമ്പന്തൊട്ടി എം.എസ്.എസ്. വിധവകൾക്കായി ധനസഹായം നൽകി.
- ചെമ്പന്തൊട്ടി എം.എസ്.എസ്. മെഡിക്കൽ ക്യാമ്പ് നടത്തി.
- കാഞ്ഞിരക്കൊല്ലി യൂണിറ്റ് ലോക സന്തോഷദിനത്തിൽ 'നിഴൽ' പദ്ധതിയിലേക്ക് സംഭാവന നൽകി.
- കാഞ്ഞിരക്കൊല്ലി യൂണിറ്റ് ലോക ജലദിനത്തിൽ ആകാശപ്പറവകൾക്ക് ദാഹജലം ഒരുക്കി.
- കാഞ്ഞിരകൊല്ലി യൂണിറ്റിന്റെ നേതൃത്വത്തിൽ ആരോഗ്യ സംരക്ഷണം ഹോമിയോയിലൂടെ എന്ന വിഷയത്തിൽ ഡോ. സി. റോസ് ആന്റോ ക്ലാസ് എടുത്തു.
- നെടുമ്പുറംചാൽ ടിഎസ്എസ്എസ് ക്രെഡിറ്റ് യൂണിറ്റ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സെമിനാറും ക്ലാസും സംഘടിപ്പിച്ചു.
- അരവഞ്ചാൽ ഗ്രാമികയുടെ നേതൃത്വത്തിൽ ബാലസഭ രൂപീകരിച്ചു.
- മുണ്ടാനൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ ജലദിനത്തോടനുബന്ധിച്ചു ജലനിധി യുണിറ്റുകൾ അംഗങ്ങൾ ചേർന്നു വൃത്തിയാക്കി.
- മുണ്ടാനൂർ യൂണിറ്റ് അതിരൂപത തലത്തിൽ സ്കോളർഷിപ്പിന് മൂന്നാം സ്ഥാനം കിട്ടിയ കുട്ടിക്കും, തൊട്ടടുത്ത മാർക്ക് ലഭിച്ച കുട്ടിക്കും പ്രോത്സാഹന സമ്മാനവും ആദരവും നൽകി.
- മുണ്ടാനൂർ, മണിക്കടവ്, നടുവിൽ യൂണിറ്റുകൾ സോഷ്യൽ വർക്കേഴ്സ് ദിനത്തോടനുബന്ധിച്ച് പ്രോഗ്രാം മാനേജറെ ആദരിച്ചു.
- എല്ലാ റീജിയണൽ ഓഫീസുകളിൽ നിന്നും കുടയുടെ ഓർഡറുകൾ സ്വീകരിച്ചു.

- മണിക്കടവ് യൂണിറ്റ് നൽകിവരുന്ന സാന്ത്വനം ഫണ്ട് കൈമാറി.
- ഭീമനടി യൂണിറ്റ് അമ്മംകുളം പള്ളി നിർമാണത്തിനായി സംഭാവന നൽകി.
- പടുപ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വാഭിമാൻ, ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ യൂണിറ്റിൽ വിതരണം ചെയ്തു.
- പൈസക്കരി യൂണിറ്റ്, ചെമ്പന്തൊട്ടി എം.എസ്.എസ്. എന്നീ യൂണിറ്റുകൾ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.
- പൈസക്കരി യൂണിറ്റിന്റെ നേതൃത്വത്തിൽ മെഡിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്തു.
- ജലദിനത്തോടനുബന്ധിച്ച് ശുദ്ധജലം പാഴാക്കില്ല എന്ന് അംഗങ്ങൾ പ്രതിജ്ഞയെടുക്കുകയും കരുവഞ്ചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ കല്ലടി കരുവഞ്ചാൽ പുഴയിൽ രണ്ടു ഭാഗത്ത് തടയണകൾ നിർമ്മിക്കുകയും ചെയ്തു.
- കരുവഞ്ചാൽ യൂണിറ്റ് കുട്ടികൾക്കായി ചിത്രരചന മത്സരം സംഘടിപ്പിച്ചു. മാതൃവേദി അംഗങ്ങൾക്കായി ഡിഷ് വാഷ് നിർമ്മാണ പരിശീലന ക്ലാസ് ഗ്രാമികാംഗങ്ങൾ നൽകി. കരുവഞ്ചാൽ യൂണിറ്റ് പുതിയ ഒരു ഗ്രാമികയുടെ രൂപീകരണം നടത്തി.

## Radio 4U 89.6 FM കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ ആയ റേഡിയോ ഫോർ യു 89.6 എഫ്എം പ്രവർത്തന മികവുകൊണ്ട് മാധ്യമ പ്രവർത്തന രംഗത്ത് നവോത്ഥാനം തീർക്കുകയാണ്.

### പ്രത്യേക പരിപാടികൾ

നിരവധി പ്രത്യേക പരിപാടികൾ ഏപ്രിൽ മാസത്തിൽ പ്രക്ഷേപണം ചെയ്തു. പെസഹ, ദുഖവെള്ളി, ഈസ്റ്റർ എന്നീ ദിവസങ്ങളോടനുബന്ധിച്ച് ശ്രോതാക്കളുടെ സഹകരണത്തോടെ നിരവധി പരിപാടികൾ റെക്കോർഡ് ചെയ്ത് പ്രക്ഷേപണം ചെയ്തു. മാങ്കൊമ്പ് ഗോപാലകൃഷ്ണൻ അനുസ്മരണവും, യൂസഫ് അലി കോച്ചേരി അനുസ്മരണം ഉൾപ്പെടെയുള്ള പ്രത്യേക പരിപാടികളും പ്രേക്ഷക ശ്രദ്ധ ആകർഷിച്ചു. സിവിൽ സർവീസ് പരീക്ഷയിൽ ഉന്നത വിജയം നേടിയ കാജൽ രാജുവിനെ അഭിനന്ദിക്കുകയും പ്രത്യേക അഭിമുഖം സംഘടിപ്പിക്കുകയും ചെയ്തു. വിഷുവിനോടനുബന്ധിച്ച് സംഗീത പരിപാടിയും സംഘടിപ്പിച്ചു. അഭിലാഷ് രാവണേശ്വരനുമായുള്ള പ്രത്യേക അഭിമുഖവും അന്നത്തെ പ്രധാന ആകർഷണങ്ങളിൽ ഒന്നായി മാറി.

**ഫാ. ജോർജ് തെങ്ങുംപള്ളിൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ

**ഫാ. ആന്റണി മറ്റക്കോട്ടിൽ**
അഡ്മിനിസ്ട്രേറ്റർ, റേഡിയോ

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**പ്രണാമം**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആദ്യ കാല ഷെയർ ഹോൾഡറും വളർച്ചയിൽ എപ്പോഴും കൂടെ ഉണ്ടാവുകയും ചെയ്ത തോമസ് മാത്യു പീടിയേക്കൽ നിര്യാതനായി. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

**അഭിമാനപൂർവം**

*ബയോ മൗണ്ടൻ ഫുഡ് പ്രൊഡക്ട് യൂണിറ്റ് ആരംഭിച്ചു.*

തലശ്ശേരി അതിരൂപതയുടെ ഹരിത വ്യവസായ പാർക്കിൽ മൂന്നാമത്തെ സംരംഭമായി ആധുനിക രീതിയിൽ പണി പൂർത്തിയാക്കിയ ബയോ മൗണ്ടൻ ഫുഡ് പ്രൊഡക്ട് യൂണിറ്റിന്റെ ആശീർവാദകർമ്മവും സ്വിച്ച് ഓൺകർമ്മവും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു.

എം എൽ എ മാരായ സണ്ണി ജോസഫ്, കെ.കെ. ശൈലജ, അഡ്വ. സജീവ് ജോസഫ് എന്നിവർ വിശിഷ്ട അതിഥികളായി എത്തിയ ചടങ്ങിൽ തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അധ്യക്ഷത വഹിച്ച് സംസാരിച്ചു.

ഫാ. ജോസഫ് കാക്കരമറ്റത്തിൽ, ഫാ. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ട്, ഫാ. ജോസഫ് കാവനാടിയിൽ, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. ബിജു മുട്ടത്തുകുന്നേൽ എന്നിവർ പങ്കെടുത്ത ചടങ്ങിൽ പായം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. വിനോദ് ആശംസകൾ അറിയിച്ച് സംസാരിക്കുകയും ബയോ മൗണ്ടൻ ഫുഡ് പ്രൊഡക്ട്സ് മാനേജിംഗ് പാർട്ണർ ഷിജോ നെടുംതുരുത്തിയിൽ നന്ദി അറിയിച്ച് സംസാരിക്കുകയും ചെയ്തു.

**കപ്പ സംസ്കരണ യൂണിറ്റിന് തുടക്കം**

തലശ്ശേരി അതിരൂപതയുടെ ഹരിത വ്യവസായ പാർക്കിൽ പ്രവർത്തിക്കുന്ന ബയോ മൗണ്ടൻ കമ്പനിയുടെ നാലാമത്തെ സംരംഭമായ കപ്പ സംസ്കരണ യൂണിറ്റിന്റെ ആശീർവാദകർമ്മവും കപ്പ വാട്ടൽ

ഉദ്ഘാടനവും കുന്നോത്ത് ഫാക്ടറിയിൽ വെച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു.

കേരള സർക്കാർ കൃഷി വകുപ്പിന്റെ സഹകരണത്തോടെ ആരംഭിച്ച ഈ യൂണിറ്റിൽ വാട്ടുകപ്പ, കപ്പപൊടി, ആധുനിക സാങ്കേതിക വിദ്യകളായ കപ്പ വാഷിംഗ് & പീലർ മെഷീൻ, സ്ലൈസർ, പൾവറൈസിംഗ്, ഡ്രയർ, വാക്വം ഫ്രൈയിംഗ് എന്നിവ ഉപയോഗിച്ചുകൊണ്ട് കപ്പയിൽ നിന്നുള്ള വിവിധ ഉൽപ്പന്നങ്ങളായ ചിപ്സ്, മുറുക്ക്, ലേസ്, സ്റ്റിക്സ് എന്നിവ നിർമ്മിക്കുന്നതാണ്.

**ഹരിത വ്യവസായ പാർക്കിൽ അഞ്ചാമത്തെ സംരംഭമായി ന്യൂട്രിക്സ്**

ചക്ക, മാങ്ങ എന്നിവ ഉൾപ്പടെ നിരവധി പഴങ്ങൾ പൾപ്പ് ആക്കി മാറ്റി സംഭരിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലേക്ക് എത്തിക്കുന്നതിനായി തലശ്ശേരി രൂപതയിലെ യുവസംരംഭകർ ആരംഭിച്ച ന്യൂട്രിക്സ് - പൾപ്പ് പ്രോസസിംഗ് യൂണിറ്റിന്റെ ആശീർവാദകർമ്മവും സ്വിച്ച് ഓൺ കർമ്മവും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു.

**വാട്ടുകപ്പയുടെ വിതരണം ആരംഭിച്ചു**

ബയോ മൗണ്ടൻ ടാപ്പിയോക്ക പ്രോസസിംഗ് യൂണിറ്റിന്റെ ആദ്യ ഉൽപ്പന്നമായ വാട്ടുകപ്പയുടെ വിതരണം ആരംഭിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ ഇടവകകളിൽനിന്നുമായി സ്വീകരിച്ച വാട്ടുകപ്പയുടെ ഓർഡറുകളുടെ വിതരണം ആണ് ആരംഭിച്ചത്.

**കർഷകരിൽനിന്നും പച്ച കപ്പ സ്വീകരിച്ചു**

കപ്പയിൽനിന്നും വിവിധങ്ങളായ മൂല്യവർധിത ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും കർഷകർക്ക് അവരുടെ വിളകൾക്ക് കൂടുതൽ മൂല്യം ലഭിക്കുന്നതിനും അതുവഴി കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനുമായി ഹരിത വ്യവസായ പാർക്കിൽ പുതുതായി ആരംഭിച്ച ടാപ്പിയോക്കാ പ്രോസസിംഗ് യൂണിറ്റിലേക്ക് ആനറ, എടൂർ, ആലക്കോട് എന്നിവിടങ്ങളിലെ കർഷകരിൽനിന്നും കർഷക ഗ്രൂപ്പുകളിൽനിന്നുമായി പച്ച കപ്പ സ്വീകരിച്ചു.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ച ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചൻമാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും പ്രസിഡന്റ്,

സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്ത സംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും. **ഫോൺ : 9656054322. Mail.id: tsssbiomountain @ gmail.com**

മെയ് മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ

**ഫാ. സ്കറിയ നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ

**ഫാ. ജോസഫ് മുണ്ടപ്ലാക്കൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

# ഇൻഫാം

കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കാർഷിക മേഖല പ്രതിസന്ധിയിൽ; കൂട്ടായ പ്രവർത്തനത്തിനും ശാസ്ത്രീയ കൃഷി രീതികൾക്കും ആഹ്വാനം. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് കാർഷിക മേഖല വീണ്ടും ഗുരുതരമായ പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. അടുത്ത വർഷം ഉൽപാദനം 50% വരെ കുറയാമെന്ന വിദഗ്ധരുടെ മുന്നറിയിപ്പ്, പ്രതിസന്ധിയുടെ ഗൗരവം വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ കർഷകർ കൂടുതൽ സജ്ജരാകുകയും ശാസ്ത്രീയമായ സമീപനം സ്വീകരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

ഇപ്പോഴത്തെ സാഹചര്യത്തിൽ വ്യക്തിപരമായ ശ്രമങ്ങൾക്ക് പുറമെ കൂട്ടായ ഇടപെടലുകൾ ഏറെ പ്രധാനമാണ്. കൃഷിയിലേക്ക് വീണ്ടും ശക്തമായി തിരിച്ചു വരേണ്ട സമയമാണിത്. അതിനായി ശാസ്ത്രീയ പരിശീലനം നേടുകയും ആധുനിക കൃഷിരീതികൾ ഉൾക്കൊള്ളുകയും വേണം. അതുകൊണ്ട് മണ്ണ് പരിശോധന നടത്തുകയും, അതിലെ NPK അളവുകളും മറ്റു മൂലകങ്ങളുടെയും സാന്നിധ്യവും മനസ്സിലാക്കുകയും ചെയ്യണം. മണ്ണിന്റെ PH നില പരിശോധിച്ച്, അതനുസരിച്ച് ആവശ്യമായ പരിഹാരങ്ങൾ സ്വീകരിക്കുന്നത് വിളവെടുപ്പ് മെച്ചപ്പെടുത്താൻ സഹായിക്കും. ജൈവവളങ്ങൾ പ്രോത്സാഹിപ്പിക്കുകയും അനാവശ്യമായ രാസവള പ്രയോഗം കുറയ്ക്കുകയും ചെയ്യുന്നത് ദീർഘകാല കാർഷിക സ്ഥിരതയ്ക്കു നിർണായകമാണ്. രോഗപ്രതിരോധ സംവിധാനങ്ങൾ ഉറപ്പുവരുത്തുക, വിളകൾക്ക് ഇൻഷുറൻസ് എടുക്കുക തുടങ്ങിയ നടപടികൾ കർഷകരെ അപകടസാധ്യതകളിൽ നിന്ന് സംരക്ഷിക്കും. ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കർഷക കൂട്ടായ്മകൾ അനിവാര്യമാണ്.

അതോടൊപ്പം, കേന്ദ്രവും സംസ്ഥാനവും നൽകുന്ന സബ്സിഡികളും ആനുകൂല്യങ്ങളും പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. ഇതിലൂടെ സാമ്പത്തിക ഭാരം കുറയ്ക്കാനും കൃഷിയെ സ്ഥിരതയോടെ മുന്നോട്ടു കൊണ്ടുപോകാനും സാധിക്കും. എല്ലാ ഇടവകകളിലും കർഷക കൂട്ടായ്മകൾ രൂപീകരിച്ച്, കൂട്ടായ പരിശ്രമത്തി

ലൂടെ കാർഷിക മേഖലയെ വീണ്ടും പഴയ പ്രതാപത്തിലേക്ക് ഉയർത്താനാകുമെന്നതിൽ സംശയമില്ല. പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

**പച്ചക്കക്ക പൊടി വിതരണം**

മണ്ണിന്റെ PH സ്ഥിരമായി നിലനിർത്തുതിനും ചെടികൾക്ക് ആവശ്യമായ കാൽസ്യം ഉറപ്പുവരുത്തുതിനുമായി കർഷകർക്ക് പച്ചക്കക്ക പൊടി വിതരണം ചെയ്തു. മണ്ണിന്റെ ആരോഗ്യവും വിളവെടുപ്പിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി സഹായകരമായി.

**വൃക്ഷത്തൈ വിതരണം**

ഹരിത മിഷൻ പദ്ധതിയുടെ ഭാഗമായി 5000 വൃക്ഷത്തൈകൾ വിതരണം ചെയ്തു. പരിസ്ഥിതി സംരക്ഷണവും ഹരിതാഭിവൃദ്ധിയും ലക്ഷ്യമാക്കി നടത്തിയ ഈ പ്രവർത്തനം പ്രദേശത്തെ ജനങ്ങളിൽ മികച്ച പ്രതികരണം നേടി.

**മണ്ണ് പരിശോധന ക്യാമ്പും സെമിനാറും**

അലക്സ് നഗർ മടമ്പം മേഖലയിലെ കർഷകർക്കായി മണ്ണ് പരിശോധനയെക്കുറിച്ചുള്ള ബോധവത്കരണ സെമിനാറും പ്രായോഗിക മണ്ണ് പരിശോധന ക്യാമ്പും സംഘടിപ്പിച്ചു. മണ്ണിന്റെ ഘടകങ്ങൾ, PH മൂല്യം, വളപ്രയോഗ മാർഗങ്ങൾ എന്നിവയെക്കുറിച്ച് വിദഗ്ധർ വിശദീകരിച്ചു. നിരവധി കർഷകർ സജീവമായി പങ്കെടുത്തത് പരിപാടിയുടെ വിജയത്തെ തെളിയിക്കുന്നു.

**ശ്രീ. സ്കറിയ നെല്ലംകുഴി**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2026 മെയ്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

02 : ഏകദിന കൺവെൻഷൻ
03-07 : ആന്തരിക സൗഖ്യ ധ്യാനം
08 : ഏകദിന ധ്യാനം (2 pm - 8 pm)
09 : ഏകദിന കൺവെൻഷൻ
10-13 : കന്നഡ ധ്യാനം
16 : ഏകദിന കൺവെൻഷൻ
17-21 : ക്രിസ്റ്റീൻ ധ്യാനം
22 : ഏകദിന ധ്യാനം (2 pm - 8 pm)
23 : ഏകദിന കൺവെൻഷൻ
24-28 : ആന്തരിക സൗഖ്യ ധ്യാനം
30 : ഏകദിന കൺവെൻഷൻ

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

02-06 : GNET - TEENS RETREAT
09-12 : ആന്തരിക സൗഖ്യ ധ്യാനം
16-20 : CROSS ROADS - YOUTH RETREAT
23-26 : പരിശുദ്ധാത്മ അഭിഷേക ധ്യാനം
28-31 : AWAKE വിദ്യാരംഭ ധ്യാനം

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

02 : ഏകദിന ധ്യാനം (09 am - 02 pm)
03-05 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
15 : ജാഗരണ പ്രാർത്ഥന (06 pm - 09 pm)
30 : ക്രിസ്റ്റീൻ ഏകദിന കൺവെൻഷൻ

**4. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി, തളിപ്പറമ്പ് ഫോൺ: 6238303093**

01 : ജാഗരണ പ്രാർത്ഥന
03-08 : സിസ്റ്റേഴ്സിന് ധ്യാനം (ഫാ. ജോസഫ് വയലിൽ ടീം)
14-17 : വചനാഭിഷേക ധ്യാനം

**5. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339**

08 : ജാഗരണ പ്രാർത്ഥന
10-15 : വരദാന പരിശീലന ധ്യാനം (5.30 pm -7.30 am)
18-20 : ക്രിസ്റ്റീൻ ധ്യാനം (5 to 7 ക്ലാസ്സ്)
24-28 : ആന്തരിക സൗഖ്യ ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**മാർച്ച് 2026**

21 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് തലശ്ശേരി അതിരൂപതാംഗങ്ങളായ വൈദിക വിദ്യാർത്ഥികൾക്ക് മ്ശംശാനപട്ടം നൽകി. ഉച്ചയ്ക്കുശേഷം മേജർ സെമിനാരി വിദ്യാർത്ഥികളുടെ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു.

22 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

23-24 ബാംഗ്ലൂർ ധർമ്മാരം വിദ്യാക്ഷേത്രയിൽവച്ച് സി.എം.ഐ സഭയിലെ വൈദിക വിദ്യാർത്ഥികളുടെ കാറോയൂസാ, ഹെവ്പ്പദിയാക്കോനൂസാ, മ്ശംശാന പട്ടങ്ങൾ നൽകുന്ന ശുശ്രൂഷാകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

25 തലശ്ശേരിയിൽവച്ച് കെ.സി.ബി.സി. പ്രൊലൈഫ് ദിനാചരണം ഉദ്ഘാടനം ചെയ്തു.

26 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന അപ്പൊസ്റ്റൊലേറ്റുകളുടെയും അതിരൂപതാ സ്ഥാപനങ്ങളുടെയും ഡയറ്ടകർമാരുടെ യോഗത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

27 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 40-ാം വെള്ളിയോടനുബന്ധിച്ച് പെരിങ്ങാലയിൽനിന്നും ചെറുപുഴയിലേക്ക് കാൽനടയായി തീർത്ഥാടനയാത്ര നടത്തി.

28 രാവിലെ കുന്നോത്ത് ബയോമൗണ്ടൻ കമ്പനിയിൽ പുതുതായി ആരംഭിച്ച പുട്ടുപൊടി യൂണിറ്റ് വെഞ്ചരിച്ചു. തുടർന്ന് എടൂരിൽവച്ച് സി.എം.സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെൽഫ് ഹെൽപ് ഗ്രൂപ്പ് മീറ്റിംഗിനെത്തിയവർക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം രണ്ടാം വർഷ തിയോളജി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി.

29 കത്തീഡ്രൽ ദൈവാലയത്തിലെ ഓശാന തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് മൂന്നാംവർഷ മൈനർ സെമിനാരി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി.

30 ആലക്കോട് ഫൊറോനാ ദൈവാലയത്തിൽവച്ച് നടത്തിയ മൂറോൻ വെഞ്ചരിപ്പ് ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് പാത്തൻപാറ ഇടവകയിൽ നിര്യാതനായ ശ്രീ. അഗസ്റ്റിൻ കൊളുത്താപ്പള്ളിയുടെ

ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി ബഹു. വൈദികരെ സന്ദർശിച്ചു.

31 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

## ഏപ്രിൽ 2026

01 അതിരൂപതാ കേന്ദ്രത്തിൽവച്ച് റീജൻസി ബ്രദേഴ്സുമായി അഭിമുഖം നടത്തി. വൈകുന്നേരം വെള്ളിരിക്കുണ്ട് ഇടവകയിൽ നിര്യാതനായ ശ്രീ. ജോസഫ് കൊട്ടുകാപ്പള്ളിയുടെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

02 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് പെസഹാ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം കുന്നോത്ത് ബയോമൗണ്ടൻ കമ്പനി സന്ദർശിച്ചു.

03 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ദുഃഖവെള്ളി തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് കണ്ണൂർ നഗരം ചുറ്റിയുള്ള കുരിശിന്റെ വഴിയിൽ പങ്കുചേർന്നു.

04 രാവിലെ കണിച്ചാർ ഇടവകയിൽ നിര്യാതയായ ശ്രീമതി ഏലിയാമ്മ കൊച്ചുപുരക്കലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി ബഹു. വൈദികരെ സന്ദർശിച്ചു.

05 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് പിറവിത്തിരുനാൾ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

06 രാവിലെ നെല്ലിക്കാംപോയിൽ ഫൊറോനാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ഹെൽബിൻ കോയിക്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

07 കോഴിക്കോട് വച്ച് സംഘടിപ്പിച്ച നോർത്ത് മലബാർ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു. വൈകുന്നേരം ഓൺലൈനായി ചേർന്ന എറണാകുളം-അങ്കമാലി അതിരൂപതാ കൂരിയാ മീറ്റിംഗിനും തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിനും അധ്യക്ഷത വഹിച്ചു.

08 രാവിലെ കാഞ്ഞിരടുക്കം ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജെസ്ബിൻ വരാച്ചേരിയിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് പടുപ്പ് ഇടവകാ ദൈവാലയത്തിൽവച്ച് ഗ്ലോറി റോസ് വടക്കേത്തടത്തിലിനും എലിസബത്ത് കൊമ്പനമുകളേലിനും മാമ്മോദീസാ നൽകി. ഉച്ചയ്ക്കുശേഷം മേരിഗിരി

ഫൊറോനാ ദൈവാലയത്തിൽവച്ച് ബോബി വട്ടമലയച്ചന്റെ അനുസ്മരണാർത്ഥം ദിവ്യബലിയർപ്പിച്ചു.

10 രാവിലെ പച്ചാണി ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ അജിത്ത് കടക്കുഴിയിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം പൈസക്കരിയിലും കരുവഞ്ചാലിലും ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് ശാഖകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈകുന്നേരം പെരിങ്ങാല ഇടവകയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

11 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം ഒന്നാംവർഷ തിയോളജി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി.

12 സാന്തോം തീർത്ഥാടനത്തിന്റെ ഭാഗമായി കൊളക്കാട് കുരിശുമലയിലേക്ക് തീർത്ഥാടനയാത്ര നടത്തുകയും കുരിശുമല പള്ളിയിൽ ദിവ്യബലിയർപ്പിക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം ഗുണ്ടൽപേട്ടിൽ വച്ച് സാങ്താ മാതാ നഴ്സിംഗ് കോളേജ് ബിരുദദാന ചടങ്ങിന് അധ്യക്ഷത വഹിച്ചു.

13 രാവിലെ തോമാപുരം ഫൊറോനാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ആശിഷ് കിഴക്കേലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് വൊക്കേഷൻ ക്യാമ്പുകൾ നടക്കുന്ന ചട്ടമല, ചെമ്പേരി, പുഷ്പഗിരി സെന്ററുകൾ സന്ദർശിച്ചു. വൈകുന്നേരം ജോസ്ഗിരി സെന്റ് ജോസഫ്സ് യു.പി സ്കൂൾ ജൂബിലി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

14 വൊക്കേഷൻ ക്യാമ്പ് നടക്കുന്ന പേരട്ട സെന്റർ സന്ദർശിച്ചു. തുടർന്ന് പുതുതായി നിർമ്മിച്ച ആനറ ദൈവാലയത്തിന്റെ കൂദാശാകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം മൈസൂർ ഹിങ്കൽ ഉണ്ണിമിശിഹാ കത്തീഡ്രലിന്റെ സിൽവർ ജൂബിലി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

15 രാവിലെ മണ്ടളം സെന്റ് ജൂഡ് ദൈവാലയത്തിൽവച്ച് പ്രസന്റേഷൻ സന്ന്യാസിനിമാരുടെ വ്രതവാഗ്ദാന ശുശ്രൂഷാകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം നവീകരിച്ച കടുമേനി സെന്റ് മേരീസ് ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

16 തളിപ്പറമ്പ് ദൈവാലയത്തിൽവച്ച് ശ്രീ. ജോസ് തുരുത്തിപ്പള്ളിയുടെ മൃതസംസ്കാരശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

17 എറണാകുളം - അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

18 പുല്ലൂരാംപാറയിൽവച്ച് സംഘടിപ്പിച്ച താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

19 രാവിലെ കണിച്ചാർ ഇടവകയിൽ പുതുതായി നിർമ്മിച്ച സൺഡേ സ്കൂൾ കെട്ടിടം വെഞ്ചരിച്ചു. ഉച്ചയ്ക്കുശേഷം നവീകരിച്ച ഒറ്റത്തൈ സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

20 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് ഈ വർഷം മൈനർ സെമിനാരിയിലേക്ക് പ്രവേശിക്കുന്ന കുട്ടികളുമായി അഭിമുഖം നടത്തി. വൈകുന്നേരം കോളയാട് ഇടവകയിൽ പുതുതായി നിർമ്മിച്ച പള്ളിമുറി വെഞ്ചരിച്ചു. തുടർന്ന് ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

---

MAY 2026

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 06:30 am | - | Cathedral: Vestition |
| 02 | 10:00 am | - | Chemperi: Teachers Meet |
| | 04:00 pm | - | Kunnumkai: Marriage |
| 03 | 09:00 am | - | Vimalagiri: Ordination |
| | 12:00 pm | - | Cherupuzha |
| 04 | 10:00 am | - | Consultors Meet |
| | 02:00 pm | - | Finance Council |
| 05 | 09:00 am | - | Nellickampoil: Ordination |
| 06-07 | | - | Ernakulam |
| 08 | | - | Bangalore: CBCI Standing Committee |
| 09 | 10:00 am | - | Iritty: Sisters Regional Meet |

| | | | |
|---|---|---|---|
| 10-12 | | - | Ernakulam |
| 13 | 10:30 am | - | Mandalam |
| | 03:00 pm | - | Kadumeni: Adam Ministry |
| | 05:00 pm | - | Thirumeni: Bible Convention |
| 14 | 09:00 am | - | Pulikkurumba: Ordination |
| | 04:00 pm | - | Vilangad |
| 15 | 09-12 pm | - | Thalassery: Visitors Day |
| | 02:30 PM | - | Conference: 2nd Year Philosophy |
| 16 | 10:00 am | - | Chemperi |
| 17 | 10:00 am | - | Vellarikkund: Parents Meet - Major Seminarians |
| | 04:00 pm | - | Elukochi |
| 18 | 09-12 pm | - | Padannakkad: Visitors Day |
| 19 | 10:00 am | - | Forane Vicars Meeting |
| | 02:00 pm | - | Catechism Council |
| 20 | 10:00 am | - | Thalipparamba : Mathruvedi General Body Meeting |
| 21-23 | | - | Ernakulam |
| 24 | 10:00 am | - | Conference: 2nd Year Theology |
| | 04:30 pm | - | Ennappara: Cemetery Blessing |
| 25 | 09-12 pm | - | Thalassery: Visitors Day |
| 26 | 10:00 am | - | Presbyteral Council |
| 27 | 09:00 am | - | Badiyadka: Ordination |
| | 02:30 pm | - | Malome: Jubilee |
| 28-29 | | - | Ernakulam |
| 30 | 09:30 am | - | Thalipparamba: HM Conference - Catechism |
| | 06:00 pm | - | Koluvally: Sunday School Blessing |
| 31 | 10:30 am | - | Thalipparamba |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഏപ്രിൽ 2026

02 കണ്ണൂർ സെൻട്രൽ ജയിലിൽ വി. കുർബാന അർപ്പിച്ച് അവിടെയുള്ളവരുടെ കാൽകഴുകൽ ശുശ്രൂഷ നടത്തി.

03 താമരശ്ശേരി രൂപതയിലെ അടിവാരത്ത് നിന്ന് ലക്കിടിയിലേക്ക് നടത്തുന്ന കുരിശിന്റെ വഴി പ്രയാണത്തിന് ഉദ്ഘാടനസന്ദേശം നൽകി.

05 കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ ഉയിർപ്പ് തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

06 മട്ടന്നൂർ ഇടവകയിലെ വെള്ളാപ്പിള്ളി സുബിൻ - ടിന്റു ദമ്പതികളുടെ നാലാമത്തെ കുഞ്ഞായ Ayra Maria - യ്ക്ക് പ്രാരംഭ കൂദാശകൾ നൽകി.

06 കോഴിക്കോട് രൂപതാ പാസ്റ്റൽ സെന്ററിൽവച്ച് ഏപ്രിൽ 6-7 തീയതികളിൽ നടന്ന നോർത്ത് മലബാർ ബിഷപ്പ്സ് കൗൺസിലിൽ സംബന്ധിച്ചു.

08 നെല്ലിക്കാംപൊയിൽ പ്രൊവിൻഷ്യൽ ഭവനത്തിൽ നടന്ന ജൂബിലി ആഘോഷങ്ങൾക്കു കാർമ്മികത്വം വഹിച്ചു.

10 അഭിവന്ദ്യ ജോസഫ് പള്ളിക്കപറമ്പിൽ പിതാവിന്റെ 100-ാം ജന്മദിനാഘോഷത്തിൽ പാലായിൽ സംബന്ധിച്ചു.

11 ഭരണങ്ങാനം അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു. പ്ലാശനാൽ ഇടവകയിൽ പോയി സഹപാഠിയായ ബഹു. ജെയിംസ് തോട്ടപ്പിള്ളി അച്ചനെ സന്ദർശിച്ചു. മൂന്നിലവ് ഇടവകയിലും പോയി.

12 ആരക്കുഴ മലേക്കുരിശുപ്പള്ളിയിൽ പ്രധാന തിരുന്നാൾ ദിവസം വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

13 മുതലക്കോടം ഇടവകയിൽ വി. ബലി അർപ്പിച്ച് കുടുംബത്തിൽ നിന്ന് മരിച്ചു പോയവർക്കായി പ്രാർത്ഥിച്ചു.
ഉച്ചകഴിഞ്ഞ് ആരക്കുഴ മാതേയ്ക്കൽ സണ്ണിയുടെ ഭവനത്തിൽ നടത്തിയ 'ചെറുകുളം' കുടുംബയോഗത്തിൽ സംബന്ധിച്ചു.

14 ആരക്കുഴ ഞറളക്കാട്ട് ബിനു കുര്യാക്കോസിന്റെ പുതിയ ഭവനത്തിന്റെ വെഞ്ചിരിപ്പ് നടത്തി.

16 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിലെ കുട്ടികളുടെ ആഘോഷമായ വി. കുർബ്ബാനസ്വീകരണത്തിനു കാർമ്മികത്വം വഹിച്ചു.

17 മാങ്ങോട് ഇടവകയിൽ വച്ച് നടത്തിയ CML - MTC ക്യാമ്പിൽ കുട്ടികൾക്കായി വി. കുർബാന അർപ്പിച്ച് മിഷൻ സന്ദേശം നൽകി.

19 പെരിങ്ങാല ഇടവകയുടെ സുവർണ്ണ ജൂബിലി, തിരുന്നാൾ ആഘോഷങ്ങൾക്ക് വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം കുന്നോത്ത് - ആനപ്പന്തി വി. യൂദാ തദേവൂസ് കപ്പേള യിൽ തിരുന്നാളിന് സമാപനം കുറിച്ച് വി. കുർബ്ബാന അർപ്പിച്ച് - സന്ദേശം നൽകി.

20 നാട്ടക്കല്ല് ഇടവകയിൽ കൺവെൻചൽ സഭാംഗമായ ഡീക്കൻ ആന്റോ ചേപ്പുകാലായിലിന് തിരുപ്പട്ടം നൽകി.

21 രാവിലെ കച്ചേരിക്കടവ് ഇടവകയിലെ ചക്കാലയിൽ നോബിൾ - ജിസ്മി ദമ്പതികളുടെ നാലാമത്തെ കുഞ്ഞായ ഡാനിയേലിന് പ്രാരംഭ കൂദാശ കൾ നൽകി.

വൈകുന്നേരം - കരയത്തുംചാൽ ഇടവകയിലെ കുട്ടികൾക്ക് ആഘോ ഷമായ ദിവ്യകാരുണ്യ സ്വീകരണം നൽകുകയും ഇടവകയുടെ തിരു ന്നാളിന് വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

22 രാവിലെ ചേറ്റംകുന്നിലുള്ള ആരാധനാ മഠത്തിൽ വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

23 മാനന്തവാടി രൂപതാ ഉണ്ടയങ്ങാടി ഇടവകയിലെ പുളിയ്ക്കകുന്നേൽ ജോർജ് - സാനി ദമ്പതികളുടെ മകൾ അനീഷായുടെ വിവാഹവാഗ്ദാന കർമ്മം നടത്തി.

വൈകുന്നേരം തലശ്ശേരി അതിമെത്രാസന ഭവനത്തിൽ നടത്തിയ വി. ഗീവർഗീസിന്റെ തിരുന്നാൾ ആഘോഷത്തിൽ സംബന്ധിച്ചു.

24 കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ ധ്യാനത്തിലായിരുന്ന സിസ്റ്റേഴ്സി നായി വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

25 പേരട്ട IMS ധ്യാനകേന്ദ്രത്തിൽ നടന്ന ബൈബിൾ കൺവെൻഷനിൽ വി. കുർബാന അർപ്പിച്ച് - സന്ദേശം നൽകി.

26 എടക്കാനം ഇടവകയിലെ തിരുന്നാളിൽ വി. കുർബ്ബാന അർപ്പിച്ച് - വചനസന്ദേശം നൽകി.

വൈകുന്നേരം സാന്തോം എസ്റ്റേറ്റിലെ തിരുന്നാൾ ആഘോഷത്തിൽ സംബന്ധിച്ചു.

27 ചെറുകാട്ടൂർ ഇടവകയിൽ വച്ച് തെന്നാട്ടിൽ അലൻ ജോബിയുടെ വിവാഹം ആശീർവദിച്ചു.

28 രാവിലെ തോമാപുരം ഇടവകയിൽ ഡീക്കൺ ബ്രിട്ടോ പൂവതോട്ടത്തിൽ HGN - ന് തിരുപ്പട്ടം നൽകി.

വൈകുന്നേരം കോളയാട് ഇടവകയിലെ തിരുന്നാളിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

30 കുറുമണി ഇടവകയിൽ കാനാറികാവുങ്കൽ അഞ്ജനയുടെ വിവാഹവാ ഗ്ദാനം നടത്തി.

MAY 2026

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 09:00 am | - | Vestition, Thalaserry |
| 02 | 08:30 am | - | Kudumbayogam, Kolakunnel, Edoor |
| | 04:00 pm | - | Marriage, Kurumbalakotta |
| 03 | 10:30 am | - | Baptism and Solemn Reception of Holy Communion, Mandalam |
| 05 | 11:00 am | - | Holy Mass and Centinary Celebration Nadavayal |
| 06 | 11:00 am | - | Juniors Meet, NS Kunnoth |
| | 03:00 pm | - | Angels Meet, Manikadavu |
| 07 | 10:00 am | - | Jubilee, MSMI S. Bathery |
| 09 | 10:00 am | - | Thottappilly Family Sangamam, Karunapuram |
| | 04:00 pm | - | Marriage, Thaliparamba |
| 10 | 09:00 am | - | Solemn Communion, Ambalavayal |
| 11 | 10:30 am | - | Golden Jubilee, Madathil |
| 12 | 06:45 am | - | Holy Mass, SKD Iritty |
| 13 | 10:00 am | - | Kurishunkal Family Yogam, Mullankolly |
| 14 | 10:30 am | - | Jubilee, Sr. Julia CMC, Vayattuparamba |
| 16 | 10:30 am | - | Golden Jubilee, Sr. Elsa MSMHC, Koluvally |
| 17 | 10:00 am | - | Angels Meet, Attenganam |
| | 05:00 pm | - | Baptism, Karunapuram |
| 19 | 10:00 am | - | Angels Meet, Alacode |
| 21 | 10:30 am | - | Marriage, Payyavoor |
| 23 | 00:00 am | - | Jubilee, Arinchermala |
| 30 | 10:00 am | - | Chapel Consecration, HGN, Periya |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**മാർച്ച് 2026**

21 തലശ്ശേരി കത്തീഡ്രലിൽ വച്ച് നടന്ന മ്ശംശാന പട്ടത്തിൽ പങ്കെടുത്തു.

22 ഉദയഗിരി പള്ളിയിൽ വച്ച് നടന്ന മാത്യു കായമാക്കലച്ചന്റെ മൂത്ത സഹോദരൻ ജോസഫ് കായമാക്കലിന്റെ മൃതസംസ്കാരചടങ്ങിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

24 നിർമ്മലഗിരി പള്ളിയിൽ വച്ച് നടന്ന വിൻസെന്റ് പനച്ചിക്കലിന്റെ മൃത സംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

25 തലശ്ശേരിയിൽ ഡോ. പി. ജെ. സെബാസ്റ്റ്യനെ സന്ദർശിച്ചു.

29 ഓശാന ഞായർ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം ദിവ്യബലിയിൽ പങ്കെടുത്തു.

30 സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിൽ പോസ്റ്റൽ ബാലറ്റിലൂടെ വോട്ട് രേഖപ്പെടുത്തി.

31 പാത്തൻപാറ പള്ളിയിൽ വച്ച് നടന്ന വെട്ടിയാനിക്കലച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 2026**

01 വെള്ളരിക്കുണ്ട് പള്ളിയിൽ വച്ച് നടന്ന മാത്യു കൊട്ടുകാപള്ളി അച്ചന്റെ പിതാവ് ജോസഫിന്റെ മൃതസംസ്കാര ചടങ്ങിൽ പങ്കെടുത്തു.

02 പെസഹാതിരുന്നാളിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം ദിവ്യബലി അർപ്പിച്ചു.

03 തലശ്ശേരി കത്തീഡ്രലിൽ വച്ച് നടന്ന ദുഃഖവെള്ളി ശുശ്രൂഷകൾക്ക് പങ്കെടുക്കുകയും ഉച്ചകഴിഞ്ഞ് കുരിശിന്റെ വഴിയിൽ നേതൃത്വം കൊടുക്കുകയുംചെയ്തു.

05 വെമ്പുവായിൽ സെന്റ് ജോസഫ് പള്ളിൽ 3 മണിക്ക് ഈസ്റ്റർ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അന്ന് വൈകുന്നേരം കണ്ണൂർ പയ്യാമ്പലം ഉർസലെം ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച Friends of Eucharist പരിപാടിക്ക് സന്ദേശം നൽകുകയും നേതൃത്വം നൽകിയവരെ ആദരിക്കുകയും ചെയ്തു.

06 തലശ്ശേരി അപ്പസ്തോലിക് കാർമ്മലേറ്റ് അംഗമായ സിസ്റ്റർ ഗ്രേസി തോമസ്, സി. മേരി സുമൻ എന്നിവരുടെ വ്രതവാഗ്ദാനത്തിന്റെ Golden

Jubilee ആഘോഷങ്ങളിൽ കണ്ണൂർ രൂപതാ ബിഷപ്പ് മാർ അലക്സ് വടക്കുംതല പിതാവിനോടുകൂടെ പങ്കുചേർന്നു.

07 6,7 ദിവസങ്ങളിൽ കോഴിക്കോട് രൂപത പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന North Malabar Bishops Conference - ൽ പങ്കെടുത്തു.

08 നെല്ലിക്കാംപൊയിൽ CMC Provincial House-ൽ എത്തി CMC സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാനത്തിന്റെ Silver Jubileeയിലും Golden Jubileeയിലും പങ്കുചേർന്നു.

വൈകുന്നേരം 4 മണിക്ക് കൊളക്കാട് സെന്റ് തോമസ് പള്ളിയിൽ ബലിയർപ്പിച്ചു. പുതുഞ്ഞായർ നൊവേനയുടെ ഭാഗമായ മലകയറ്റം പരിപാടി ഉദ്ഘാടനം ചെയ്തു.

രാത്രിയിൽ തലശ്ശേരിയിൽ വൈദികരോടൊപ്പം മാസധ്യാനം നടത്തി.

10 രാവിലെ മൂവാറ്റുപുഴ സെന്ററിൽ എത്തി മാർ ജോർജ് പുന്നക്കോട്ട് പിതാവിനെ സന്ദർശിച്ചശേഷം കോതമംഗലം രൂപതാ അദ്ധ്യക്ഷൻ മാർ ജോർജ് മഠത്തികണ്ടത്തിൽ പിതാവിനെ സന്ദർശിച്ചു. പിന്നെ SD Provincial House-ൽ എത്തി Kidney Transplantation നടത്തുന്ന Provincial കൊച്ചുറാണിയെ സന്ദർശിച്ചു.

പാല ബിഷപ്പ്സ് ഹൗസിൽ എത്തി മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ 100-ാം ജന്മദിനാഘോഷം പരിപാടികളിൽ പങ്കുചേർന്നു.

11 എറണാകുളം ലിസ്യു ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ആന്റണി തറേക്കടവിലച്ചനെ സന്ദർശിച്ചു.

12 കണ്ണൂർ ഹോളി ഫാമിലി ഇടവക അംഗമായ ശ്രീ. തോമസ് മാത്യു പീടികയിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം കൊടുത്തു.

ഉച്ചകഴിഞ്ഞ് പെരിങ്ങാല സെന്റ് യൂദാ തദേവൂസ് പള്ളിയുടെ ഗോൾഡൺ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

14 മാനന്തവാടി തോണിച്ചാലിൽ ക്രിസ്തുദാസി സഹോദരിമാരുടെ മദർ ഹൗസിലെത്തി സി. സോഫി വയലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മാർ ജോസഫ് പൊരുന്നേടം പിതാവിനോടൊപ്പം കാർമ്മികത്വം വഹിച്ചു.

15 കണ്ണൂർ മേലെചൊവ്വയിൽ സെന്റ് ഫ്രാൻസീസ് അസീസി ചർച്ചിൽ ഇഞ്ചയിൽ ബിജോയ്സ് ടിന്റു ദമ്പതികളുടെ നാലാമത്തെ മകളായ അൽഫോൻസാ മറിയത്തിന് പ്രാരംഭകൂദാശ നൽകി.

17 താമരശ്ശേരി രൂപതയിൽ മഞ്ഞുവയൽ ഇടവകയിലെ ഏലിയാമ്മ വലിയമറ്റത്തിന്റെ മൃതസംസ്കാര ശുശ്രൂഷ നടത്തി.

18 ജസ്റ്റിൻ ജെയിംസ് പനക്കാകുഴിയുടെ മകൾ റാഫായേൽ ജെയിംസ് ജസ്റ്റിന് മണ്ഡലം പള്ളിയിൽ വച്ച് മാമ്മോദീസ നൽകി. അതോടൊപ്പം ഷില്ലി ജോർജ് ദമ്പതികളുടെ ഇരട്ട മക്കളായ ഡൊമിനിക്കിനും കാതറിനും മാമ്മോദീസ നൽകി.

വൈകുന്നേരം കരുണയുടെ മാതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് തേർത്തല്ലി സിസ്റ്റർ ആഗ്നസ്സിന്റെ ആശ്രമത്തിലെത്തി ദിവ്യബലി അർപ്പിക്കുകയും നൊവേനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

19 രാവിലെ 11 മണിക്ക് തലശ്ശേരിയിൽ ആരംഭിച്ചിരിക്കുന്ന Dr. Sreeni ഇടക്കലോൺ Eye clinic ന്റെ ഓപ്പറേഷൻ തീയ്യറ്റർ ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ് 3:30 ന് നീലേശ്വരം സെന്റ് മേരീസ് പള്ളിയിൽ വച്ച് കാവലാവഴിക്കൽ K.M ജോസഫിന്റെ (ഉണ്ണിച്ചേട്ടൻ) മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.




2026 ഏപ്രിൽ 14 ന് മാർ ജോസഫ് പാംപ്ലാനി പിതാവ് കൂദാശ ചെയ്ത
ആനറ സെന്റ് ആന്റണീസ് ദൈവാലയം.
ദൈവാലയ നിർമ്മാണത്തിന് നേതൃത്വം നൽകിയ ബഹു. ജോസഫ്
മഞ്ഞളാംകുന്നേൽ അച്ചനും ആനറ ഇടവക സമൂഹത്തിനും അഭിനന്ദനങ്ങൾ.



തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി കാറോസൂസ, ഹെവ്പദിയാക്കോനൂസ പട്ടങ്ങൾ സ്വീകരിച്ച വൈദികവിദ്യാർത്ഥികൾ അഭിവന്ദ്യ പിതാവിനോടൊപ്പം
ഏപ്രിൽ 22, 2026



തലശ്ശേരി അതിരൂപതയുടെ ഗുണ്ടൽപേട്ടിലുള്ള സാങ്താ മാതാ നേഴ്സിംഗ് കോളേജിന്റെ ഉദ്ഘാടനവും ബിരുദദാന ചടങ്ങും മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സാന്നിധ്യത്തിൽ കർണാടക ആരോഗ്യവകുപ്പ് മന്ത്രി ശ്രീ. ദിനേശ് ഗുണ്ടു റാവു ഉദ്ഘടാനം ചെയ്യുന്നു.
ഏപ്രിൽ 12, 2026

RNI Reg. No. 5910 Date of Publication: 28/04/2026
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 09 ലക്കം : 05 വില : ₹10

# മെയ് 31 | പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.